
ഏപ്രിൽ 2019

Price ₹ 25

# ജീവനും വെളിച്ചവും




വി.നിക്കൊളാസ് ദൈവാലയം
പുതിയതുറ
കൊച്ചെടത്വ
തീർത്ഥാടനം
വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ
തിരുനാൾ മഹാമഹം
2019 ഏപ്രിൽ 26 മുതൽ മേയ് 5 വരെ
തീർത്ഥാടകർക്ക് സ്വാഗതം
ADORN
9995064566

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 ഏപ്രിൽ
പുസ്തകം - 43 ലക്കം - 4
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# സംഭാഷണത്തിന്റെ സാംസ്കാരിക വഴിയിലേക്ക്


ലോകത്ത് വർധിച്ചുവരുന്ന വിഭാഗീയതയ്ക്കും സംഘർഷങ്ങൾക്കും ശമനം വരുത്താനും സംഭാഷണത്തിന്റെയും സഹിഷ്ണുതയുടെയും സഹകരണത്തിന്റെയും ഒരു പുതിയ സംസ്കാരം പടുത്തുയർത്താനും 2019 ഫെബ്രുവരി 4 ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെയും ഗ്രാന്റ് ഇമാം ഓഫ് അൽ അസർ ഡോ. അഹമ്മദ് ഇൽ തായിബിന്റെയും കൂടിവരവ് കളമൊരുക്കും. സഹിഷ്ണുതാ വർഷമായി യുഎഇ ആഘോഷിക്കുന്ന 2019 ൽ സംഘടിപ്പിച്ച 'ലോക മാനവിക സാഹോദര്യ' സമ്മേളനത്തിൽ പങ്കെടുക്കാനാണ് ഇരു ആത്മീയ ആചാര്യന്മാരും അബുദാബിയിൽ എത്തിച്ചേർന്നത്. 'അബുദാബി ഉടമ്പടി' എന്നറിയപ്പെടുന്ന പ്രഖ്യാപനം ദൈവനാമത്തിലാണ് നടത്തപ്പെട്ടത്. 'കിഴക്കുംപടിഞ്ഞാറുമുള്ള മുസ്ലീങ്ങളും കിഴക്കുംപടിഞ്ഞാറുമുള്ള കത്തോലിക്കാസഭയും ദൈവനാമത്തിൽ നടത്തുന്ന പ്രഖ്യാപനം' എന്നാണ് ഉടമ്പടിയുടെ ഔദ്യോഗിക പേര്. 'ഞങ്ങൾ സംഭാഷണത്തിന്റെ സാംസ്കാരിക വഴി സ്വീകരിക്കുന്നു'. ഈ വഴിയാകട്ടെ പരസ്പര സഹകരണത്തിന്റെ പെരുമാറ്റച്ചട്ടം. ഇതിലൂടെ കൈവരിക്കേണ്ട ലക്ഷ്യം 'മനുഷ്യസാഹോദര്യമാണ്.' വിശ്വ സാഹോദര്യത്തിന്റെയും ശാന്തിയുടെയും നാൾവഴിയായി താഴെ പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. 1) മതങ്ങൾ ഒരിക്കലും യുദ്ധമോ തീവ്രവാദമോ പുലർത്താൻ പാടില്ല. 2) മതങ്ങളുടെ യഥാർത്ഥ പ്രബോധനങ്ങളായ സമാധാനം പരസ്പര ധാരണ, മത സൗഹാർദ്ദം, സഹവർത്തിത്വം എന്നിവ പുലർത്തി നീതി, ജ്ഞാനം, സ്നേഹം എന്നിവ ഉജ്ജീവിപ്പിക്കണം. 3) ഓരോ വ്യക്തിക്കും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നു. 4) അനുകമ്പയിൽ അടിസ്ഥാനമിട്ട് നീതിയുടെ വഴിയിലൂടെ മാന്യമായ ജീവിതം ലക്ഷ്യമാക്കുന്നു. 5) വിശ്വാസികൾ തമ്മിൽ സഹിഷ്ണുതയുടെയും പരസ്പര അംഗീകാരത്തിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കണം. 6) സംഭാഷണത്തിലൂടെ വിശ്വാസികളുടെ പങ്കുചേരൽ സാധ്യമാക്കണം. 7) ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടണം. 8) പൗരാവകാശങ്ങളും നീതിയിലധിഷ്ഠിതമായ അവകാശങ്ങളും കടമകളും സൃഷ്ടിക്കപ്പെടണം.

ഈ പ്രമാണരേഖ പരസ്പരം തങ്ങളുടെ സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും പരിശീലന കേന്ദ്രങ്ങളിലും പഠന-ചർച്ചാവിഷയമാക്കണമെന്ന നിർദ്ദേശം പ്രഖ്യാപനത്തിന്റെ ആത്മാർത്ഥതയിലേക്ക് വിരൽചൂണ്ടുന്നു.

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് വളർന്നുവരുന്ന വിഭാഗീയതകളെയും സംഘർഷങ്ങളെയും മറികടക്കാനുള്ള സംയോജിതമായ ചുവടുവയ്പാണ് തപസുകാലത്തിന് മുന്നോടിയായ ഈ കൂടിവരവിലൂടെ മുന്നോട്ടുവയ്ക്കപ്പെട്ടത്. ലോകത്തിന്റെ വീണ്ടെടുപ്പിനായി സ്വയം ബലിയായി പീഢാനുഭവത്തിന്റെയും തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴിയിലൂടെ നടന്നുനീങ്ങുമ്പോൾ ഇരുളടഞ്ഞ ഇടങ്ങളിൽ യേശുവിന്റെ ഉത്ഥാനത്തിന്റെ പ്രഭാപൂരം ചൊരിയാൻ നമുക്ക് കഴിയണം. ഉയിർപ്പാശംസകളോടെ,

\- പത്രാധിപർ

# പ്രതികരണങ്ങൾ




## ലേഖനങ്ങൾ അർത്ഥസമ്പൂർണം

മാർച്ച് ലക്കത്തിൽ തപസ്സുകാലത്തെക്കുറിച്ചുള്ള ലേഖനങ്ങൾ അർഥവത്തായിരുന്നു. പലപ്പോഴും പലരുടെയും ഉപവാസവും ഉപാസനയും വാക്കുകളിലും ഭക്താനുഷ്ഠാനങ്ങളിലും മാത്രമായി ഒതുങ്ങിപ്പോകുന്നതായാണ് കാണാൻ കഴിയുക. നോമ്പുകാലം കഴിഞ്ഞാലും യാതൊരു മാറ്റവും മറ്റുള്ളവർക്ക് കാണാനും അനുഭവിക്കാനും സാധിക്കുന്നില്ലെങ്കിൽ ഉപവസിച്ചതും ധ്യാനിച്ചതും 'കുരിശിന്റെ വഴി' കളിലൂടെ നടന്നതും കുരിശുമലകൾ കയറിയിറങ്ങി കാൽ കഴച്ചതും വ്യർത്ഥമാകുമെന്നുമാത്രം.

പാപത്തോട് 'നോ' പറയുന്നവന് പാപത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പും സാധ്യമാകുമെന്ന് തോന്നുന്നു. ദൈവോന്മുഖമായി പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതിനും പ്രാർത്ഥനയിൽ ദൈവത്തോടൊപ്പം ആയിരിക്കാനും പ്രേരണയും പ്രോത്സാഹനവും പ്രചോദനവും നൽകിയ തപസുകാല ലേഖനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

**വിജയമ്മ**
ജുബിലി ആശുപത്രി, പാളയം

## ക്രൈസ്തവരേ, തിരഞ്ഞെടുപ്പായതിനാൽ തൽക്കാലം ചർച്ച് ബില്ലില്ല

മാർച്ച് ലക്കത്തിൽ 'ചർച്ച് ബില്ലി'നെക്കുറിച്ചുള്ള മുഖവിചാരം വായിച്ചു. നിയമപരിഷ്കരണ കമ്മിഷൻ 'ചർച്ച ബില്ലു'മായി മുന്നോട്ടു പോകുന്നതിനെക്കുറിച്ച് ഒന്നുമറിയില്ലെന്നു മുഖ്യമന്ത്രി പറയുന്നത് പച്ചക്കള്ളമാണ്. അരിയാഹാരം കഴിക്കുന്ന ആരും ഇത് വിശ്വസിക്കുകയില്ല. ക്രൈസ്തവ സഭകളെയെല്ലാം സർക്കാരിന്റെ വരുതിയിലാക്കാനുള്ള ആസൂത്രിത ഗൂഢശ്രമത്തെക്കുറിച്ച് ഒന്നുമറിയാതെ നിഷ്കളങ്കനായ മുഖ്യമന്ത്രി എത്രവേഗത്തിലാണ് സഭാധ്യക്ഷന്മാരെ വിളിച്ച് 'ചർച്ച് ബില്ലിനെ' കൊന്നുകുഴിച്ചുമൂടിയത്! ചർച്ച് ബില്ലുമായി മുന്നോട്ടുപോയിരുന്നെങ്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം വട്ടപ്പൂജ്യമാകുമെന്ന് എല്ലാവർക്കുമറിയാം.

2007 – ൽ നിമയ പരിഷ്കരണ കമ്മിഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഇപ്പോൾ വീണ്ടും പൊടിതട്ടിയെടുത്തത് ദുരൂഹമാണ്. ന്യൂനപക്ഷങ്ങളുടെ ആത്മീയ കേന്ദ്രങ്ങളുടെയും ആരാധനാലയങ്ങളുടെ സ്ഥാവര ജംഗമ സ്വത്തുക്കളുടെയും കടിഞ്ഞാൺ സർക്കാർ ഏറ്റെടുക്കുന്ന കാലം ദൂരെയല്ല. അതേക്കുറിച്ച് എല്ലാ ക്രൈസ്തവ സഭകളും നിതാന്ത ജാഗ്രത പാലിക്കണം.

മതേതരമെന്നും സമത്വ സുന്ദരമെന്നും തത്വാധിഷ്ഠിതമെന്നും വീമ്പിളക്കുന്നവർ എന്തിനാണ് ഈ അസഹിഷ്ണുത കാണിക്കുന്നത്? ചാനലും ബഹുനില മന്ദിരങ്ങളും മറ്റുമായി തൊഴിലാളിവർഗ സർവാധിപത്യ പാർട്ടികൾ സ്വത്തുകുന്നുകൂട്ടുന്ന പ്രവണതയല്ലേ അവസാനിപ്പിക്കേണ്ടത്? വിശ്വാസികളുടെ നേർച്ചയിൽ പണിതുയർത്തുന്ന സ്ഥാപങ്ങളെയും സമൂഹ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള സൗകര്യങ്ങളേയും ഏറ്റെടുക്കാമെന്ന വ്യാമോഹം സർക്കാരിന് വേണ്ടേ വേണ്ട.


ജെറാൾഡ് ബി. മിരാൻഡ
തോന്നയ്ക്കൽ.

## ഇനിയും മോദി വന്നാൽ കാവിവൽക്കരണം സമ്പൂർണം

അസഹിഷ്ണുതയിൽ ഊന്നിയ വിദ്യാഭ്യാസ നയപരിപാടികൾ മാർച്ച് ലക്കത്തിൽ ഇഗ്നേഷ്യസ് തോമസിന്റെ ലേഖനം നന്നായിരുന്നു. നരേന്ദ്രമോദി ഇനിയും ഇന്ത്യൻ പ്രധാനമന്ത്രി ആയാൽ ഇന്ത്യയിൽ കാവിവൽക്കരണം സമ്പൂർണമാകുമെന്നു തോന്നുന്നു. മഹാഭാരത്തിലെയും പുരാണങ്ങളിലെയും കെട്ടുകഥകളിലെയും ആശയങ്ങൾ സർവകലാശാല/വിദ്യാലയ സിലബസായി വരുന്നത് അന്താരാഷ്ട്ര ഗതികേടല്ലേ? ഹൈന്ദവരുടേതു മാത്രമായ പല ആചാരാനുഷ്ഠാനങ്ങളും സ്കൂളുകളിൽ നിർബന്ധമാക്കിക്കഴിഞ്ഞു. പശുവിനെ ആരാധിക്കുകയും മനുഷ്യനെ തല്ലിക്കൊല്ലുകയും ചെയ്യുന്ന സംഭവങ്ങൾ രാജ്യമെങ്ങും നടന്നിട്ടും മോദിയുടെ മൗനം സംശയങ്ങൾക്കിട നൽകുന്നു.

സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും ശാസ്ത്രീയമായി കാര്യങ്ങൾ അപഗ്രഥിക്കാനും നന്മതിന്മകൾ വിവേചിച്ചറിയാനും വ്യക്തിത്വ വികാസത്തിലൂടെ പ്രാപ്തമാക്കുന്നതിന് പകരം മതത്തിന്റെ സ്വാർത്ഥലക്ഷ്യങ്ങൾക്കായി ദുരാചാരങ്ങളുടെയും അനാചാരങ്ങളുടെയും പിന്നിൽ തളച്ചിടുന്ന പോക്ക് ശിലായുഗത്തിലേക്കാണ്.

ജാളി, ചെമ്പകമംഗലം.



# താളുകളിൽ








**6** ഉത്ഥാനം: സൃഷ്ടികളോടുള്ള ദൈവത്തിന്റെ കരുതൽ
ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ.

**8** ഈസ്റ്ററിന്റെ സമകാലീന ചിന്തകൾ
ഡോ. വത്സൻ തമ്പു

**12** കേരള ലത്തീൻ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളും
ഡോ. ചാൾസ് ലിയോൺ

**14** കാനോൻ ലോ
ഫാ. ജോസ് ജി

**16** വോട്ടവകാശവും ക്രൈസ്തവ ധാർമികതയും
ഫാ. മത്യാസ് ഒലിവർ

**20** വിദ്യാഭ്യാസം
ഫാ. ഡൈസൻ

**22** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**24** വാർത്തകൾ

**32** നീർച്ചാലുകൾ

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച

**ഡോ. ക്രിസ്തുദാസ് ആർ.**
സഹായമെത്രാൻ, തിരുവനന്തപുരം ലത്തീൻ അതിരൂപത



# ഉത്ഥാനം

## സൃഷ്ടികളോടുള്ള ദൈവത്തിന്റെ കരുതൽ


യേശുവിനെ പ്രതി വല്ലാതെ അസ്വസ്ഥമാകുന്നതാണ് നമ്മുടെ മനസ്സ്. ഒറ്റിക്കൊടുത്തവനും, തള്ളിപ്പറഞ്ഞവനും മരണവിധിക്കുവേണ്ടി മുറവിളി കൂട്ടിയവരും ഉത്തരവാദിത്വത്തിൽ നിന്ന് കൈകഴുകി ഒഴിഞ്ഞുമാറിയവനും ഇങ്ങനെ അസ്വസ്ഥമായ മനസ്സിന്റെ ഉടമകളായിരുന്നു. കാരണം സ്വാർത്ഥത അവരെ വല്ലാതെ വാരിപ്പുണർന്നിരുന്നു. ഗുരുവും, രക്ഷകനും, നീതിമാനുമായ ദൈവപുത്രനേക്കാൾ വലുതായിരുന്നു അവർക്ക് ദ്രവ്യവും അഭിമാനവും സ്ഥാനമാനങ്ങളും. ഇടർച്ചയുടെ വഴിയിൽ പിന്നീടാണ് അവർ സ്നേഹത്തിന്റെ വിലയിൽ അസ്വസ്ഥമാകുന്നത്. മനസ്സിന്റെ ആ ഇടർച്ച പിന്നെ അവരെ ആത്മാഹൂതിയിലും പൊട്ടിക്കരച്ചിലിലും ഏറ്റുപറച്ചിലിലും കൊണ്ടുചെന്നെത്തിച്ചു. ഇവിടെയാണ് മനുഷ്യമനസ്സുകളുടെ അസ്വസ്ഥതകളിലേക്ക് ഒരു തുറവി വേണ്ടത്.

എന്തേ? ദൈവത്തെ പ്രതി നമ്മുടെ മനസ്സ് ഇത്ര അസ്വസ്ഥമാകാൻ കാരണം. ഉയിരു തന്നവനെ മറക്കാനും തായ്തണ്ടിൽ നിന്ന് വേറിട്ട് പൂത്തുതളിർക്കാനും കൊതിക്കുന്ന മനസ്സിന്റെ സ്വാർത്ഥതയല്ലേ ഈ അസ്വസ്ഥതയ്ക്ക് നിദാനം. പാദം കഴുകി എളിമ പഠിപ്പിച്ചവനെ, എക്കാലവും ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമെന്ന ഉറപ്പിനായി സ്വന്തം ശരീര രക്തങ്ങൾ പകുത്ത് നൽകിയവനെ എന്തേ മറന്നുപോയി. "ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നിട്ടും എന്നെ അറിയുന്നില്ലല്ലോ?" എന്ന് പരിതപിച്ചവനെ തിരിച്ചറിയാതെ പോയതല്ലേ നിന്റെ അസ്വസ്ഥതയ്ക്ക് കാരണം. അവനെ അറിയണമെങ്കിൽ സ്നേഹിക്കണമെ

ങ്കിൽ പിൻതുടരണമെങ്കിൽ നിന്റെ മനസ്സിനെ പൊതിഞ്ഞിരിക്കുന്ന സ്വാർത്ഥതയുടെ മൂടുപടം നീ വലിച്ചെറിയണം. ഉത്ഥിതനായ യേശുവിന്റെ കല്ലറയ്ക്ക് വെളിയിൽ അവനെ കാണാതെ കരഞ്ഞുകൊണ്ടിരുന്ന മഗ്ദലനമറിയത്തെപ്പോലെ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നുവെന്നുപറഞ്ഞ ലാസറിന്റെ സഹോദരി മേരിയുടെ വിശ്വാസത്തോടെ നീയും അവനെ കാത്തിരിക്കണം. തീർച്ചയായും അവൻ വരും; പ്രത്യക്ഷനാവും നിന്റെ മനസ്സ് ശാന്തമാക്കാൻ. അവിടെയാണ് ഉത്ഥാനം നിനക്ക് അനുഭവവേദ്യമാകുന്നതും ആകേണ്ടതും.

ഉത്ഥാനത്തിന്റെ പൊരുൾ ക്രിസ്തു മരണത്തെ വിജയിച്ചിരിക്കുന്നു എന്നത് മാത്രമല്ല, നൽകപ്പെടലിലൂടെ നേടാനും നേടിയവയെ പുനഃസൃഷ്ടിക്കാനുമുള്ള ദൈവിക പദ്ധതിയുടെ വിജയം കൂടിയാണത്.

കാൽവരിയിലെ മഹാദുരന്തം നൽകപ്പെടലിന്റെ നിദർശനമാണ്. ഉയർപ്പിന്റെ മഹാത്ഭുതം വീണ്ടെടുക്കലിന്റെയും. അനന്തരമാണ് ദൈവരാജ്യത്തിന്റെ പുനഃസ്ഥാപനം സംഭവിക്കുന്നത്. പക്ഷേ, മനുഷ്യന്റെ അജ്ഞതയും ദ്രവ്യാഗ്രഹവും സ്വാർത്ഥതയും ഇവിടെ വഴിമാറിസഞ്ചരിക്കുവാൻ അവനെ പ്രാപ്തനാക്കുന്നു. അവന്റെ ഇടർച്ച കടുകുമണിയോളം പോലും വിശ്വാസമില്ലാത്തതിന്റേതാണ്. ക്രിസ്തു വിളിച്ചപ്പോൾ വലകളുപേക്ഷിച്ച് മനുഷ്യരെ പിടിക്കാൻ അവനോടൊപ്പം ഇറങ്ങിത്തിരിച്ച മുക്കുവർ പഴയ വലകളുമായി വീണ്ടും കടൽപ്പണിക്കുപോയതുപോലെ ഉത്ഥാനമഹത്വം അറിയാതെ മനുഷ്യർ മരണവഴിയിലേക്കുള്ള യാത്ര തുടരുകയാണ്. ദൈവരാജ്യത്തിലെ വെറും അണികളായല്ല, ദൈവരാജ്യ നിർമിതിക്കായുള്ള വേലക്കാരെ, പങ്കാളികളെയാണ് ഉത്ഥാനം ലക്ഷ്യംവയ്ക്കുന്നത്. ആരൊക്കെ മറന്നിട്ടുപോയാലും അവന് പിന്നാലെ സമാധാനസന്ദേശവുമായി പിൻചെല്ലുന്നവനാണ് ഉത്ഥിതനായ യേശു. എന്റെ കർത്താവിനെ ആരോ മോഷ്ടിച്ചുവെന്ന് വിലപിക്കുന്ന മഗ്ദലനമറിയത്തിന്, കാൽവരിയിലെ മഹാദുരന്തം കണ്ട് ചിതറിപ്പോയ



ശിഷ്യഗണത്തിന് മൂന്നുരാവും പകലും മുറിയടച്ചിരുന്ന ഭയചികിതർക്ക് വീണ്ടും പഴയ വലകളുമായി മീൻപിടിക്കാൻ പോയി രാത്രി മുഴുവൻ പരിശ്രമിച്ചിട്ടും ഒന്നും ലഭിക്കാതെ നിരാശരായി തീർന്ന അപ്പസ്തോലൻമാർക്ക് ഗുരുവിനെ കാണാൻ കഴിയാത്ത നൈരാശ്യത്തിൽ ഒറ്റപ്പെട്ടുപോയ തോമസിന് ഉത്ഥിതൻ സമീപസ്ഥനാകുന്നുണ്ട്. ഒന്നിനെപോലും ചിതറിപ്പോകാൻ അവൻ അനുവദിക്കുന്നില്ല. സൃഷ്ടികളോടുള്ള ദൈവത്തിന്റെ കരുതലാണ് ഉത്ഥാനം പ്രകടമാക്കുന്നത്. ദൈവിക കരുതലിലേക്ക് നമ്മെ ക്ഷണിക്കുന്ന ഉത്ഥാനം രണ്ട് അനുബന്ധ ചിന്തകൾക്കായി നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. അതിലൊന്ന് വീണ്ടെടുക്കലിന്റേതും സംരക്ഷിക്കലിന്റേതുമാണ്. രണ്ടാമത്തേത് നവസൃഷ്ടിയുടെയും. ഇപ്പറഞ്ഞ രണ്ടിലും ആത്മീയതയും ഭൗതികതയും ഉൾച്ചേർന്നിരിക്കുന്നു. അവയെ ചൈതന്യവത്തായ ജീവിതക്കുതിപ്പിന് പ്രാപ്തമാക്കുകയെന്ന തപസ്സുകാല നിയോഗമാണ് ഇവിടെ സാധ്യമാകേണ്ടത്.

ഓർമ്മയില്ലേ, ഒരു മഹാപ്രളയത്തെ നാം നേരിട്ടത്. ഉയിരുകൊടുത്ത് ജീവൻ രക്ഷിച്ചു, ഉള്ളതിൽപങ്ക് സഹോദരന് നൽകാൻ നമ്മുടെ മനസ്സ് സന്നദ്ധമായി. ദുരിതബാധിതരെ പുനഃരധിവാസത്തിനായി കൈപിടിച്ചുനടത്താൻ നാം തയ്യാറായി. ഇതെല്ലാം സൂചിപ്പിക്കുന്നത് സമർപ്പണത്തിലൂടെ നേടാനാവുമെന്നും നേടിയതിനെ സംരക്ഷിക്കാനാവുമെന്നുമുള്ള മഹത്തായ സന്ദേശമല്ലേ? ഇത്തരത്തിൽ ഒരു സമർപ്പിക്കലിനും വീണ്ടെടുക്കലിനും പുനഃസൃഷ്ടിക്കുമുള്ള സന്നദ്ധതയും സമർപ്പണവുമാണ് ക്രിസ്തുശിഷ്യത്വം ആവശ്യപ്പെടുന്ന മഹനീയ മാതൃക. അതിനൊരു മുന്നൊരുക്കം നമ്മുടെ രക്ഷകനായ ക്രിസ്തുവിനെപ്പോലെ നമുക്കും അനിവാര്യമാണ്. മനുഷ്യരക്ഷ സാധ്യമാക്കുന്നതിന് 40 നാൾ ക്രിസ്തുവിന്റെ മുന്നൊരുക്കം നാം കാണുന്നുണ്ട്. ആചരിക്കുന്നുണ്ട്. ഉപവാസവും പ്രാർത്ഥനയും പ്രലോഭനങ്ങളുടെ അതിജീവനവും കുരിശിലെ മഹാത്യാഗത്തിലൂടെ മനുഷ്യവീണ്ടെടുപ്പിന് ക്രിസ്തുവിനെ പ്രാപ്തനാക്കിയെങ്കിൽ അവന്റെ ശിഷ്യരെന്നഭിമാനിക്കുന്ന നമുക്കും വേണ്ടേ ഇത്തരം ഒരു മുന്നൊരുക്കം. എങ്കിലല്ലേ, കാലുകഴുകിയവന്റെ നിഷ്കളങ്കത, വേർപിരിയലിന്റെ വേദനയിൽ കൂട്ടുകാരെ ചേർത്തണച്ച് അത്താഴമൂട്ടിയ സ്നേഹം, തന്റെ സ്നേഹവും നിഷ്കളങ്കതയും ലോകത്ത് നിലനിൽക്കാനായി ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്നരുളിയവന്റെ കരുതൽ, കാണപ്പെടാത്ത ദൈവത്തെയല്ല കാണപ്പെടുന്ന സഹോദരനെ പ്രണയിക്കലാണെളുപ്പമെന്ന പ്രബോധനം ഇതൊക്കെ പ്രാവർത്തികമാക്കപ്പെടൂ? അപ്പോഴല്ലേ, എന്റെ ഇഷ്ടമല്ല, അങ്ങേ തിരുഹിതം നിറവേറപ്പെടട്ടെയെന്നുപറയാൻ അവനെപ്പോലെ നമുക്കും കഴിയൂ. ഈ തപസ്സുകാലവും തുടർന്നുവരുന്ന ഉയിർപ്പുതിരുന്നാളും ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിൽ പങ്കാളികളാകാനുള്ള നമ്മുടെ സന്നദ്ധതയെ ശക്തിപ്പെടുത്തട്ടെയെന്ന് ഇത്തരുണത്തിൽ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ■

ലേഖനം

**ഡോ. വത്സൻ തമ്പു**




ആദ്യകാല ക്രിസ്ത്യാനികൾ ധരിച്ചിരുന്നതു പോലെ നാം പുനഃരുത്ഥാനത്തിന്റെ ഭാഗമാണെന്നാണ് വിശ്വസിക്കുന്നതെങ്കിൽ അത് ആത്മാർത്ഥതയില്ലാത്ത ഒരു അവകാശമായിരിക്കും. അതിനുള്ള കാരണത്തെ വളരെ ലളിതവും സത്യസന്ധമായും അഭിമുഖീകരിക്കേണ്ടതുമാണ്. പ്രധാനമായും നാം ലോകത്തോടു ചേർന്നിരിക്കുന്നിടത്തോളം കാലം നമുക്ക് പുനഃരുത്ഥാനത്തെക്കുറിച്ച് ഉത്സുകതയോ ആഭിമുഖ്യമോ ഉണ്ടായിരിക്കുകയില്ല. ഇന്നത്തെ ലോകത്തിന് കുരിശ് അലർജിയാണ്, കുരിശിനെ എത്രയും വേഗം അകറ്റാനും വെറുക്കാനും ശ്രമിക്കുന്നു. കുരിശിലൂടെയല്ലാതെ പുനഃരുത്ഥാനം സാധ്യമല്ല. നമ്മുടെ ആത്മീയ ജീവിതത്തിൽ കുരിശ് ഒഴിവാക്കാനാണ് നാം എപ്പോഴും പരിശ്രമിക്കുന്നത്. ജനകീയ ക്രിസ്തീയതയുടെ സാരാംശം എന്തെന്നാൽ ദൈവപ്രീതിയിൽ കഴിയുന്ന ഒരു വ്യക്തിക്ക് ജീവിതത്തിലുടനീളം എല്ലാം സമാധാനത്തിന്റെ ഒരു അനുഭവമായിരിക്കും. നാം ലാളിച്ചു വഷളാക്കപ്പെട്ട കുഞ്ഞുങ്ങളെപ്പോലെ യാഥാർത്ഥ്യം മനസ്സിലാക്കാതെ സംരക്ഷിക്കപ്പെട്ടതും, മാധുര്യം നിറഞ്ഞതും ആനന്ദകരവുമായ ഒരു ജീവിതം മാത്രം കാംക്ഷിക്കുന്നവരുമായിരിക്കും.

പുനഃരുത്ഥാനത്തിൽ വിശ്വസിക്കുക എന്ന ഒരേ ഒരു അടിസ്ഥാനമേ നമുക്കുള്ളു; അത് യേശുവിന്റെ തന്നെ പുനഃരുത്ഥാനമാണ്. നമ്മുടെ പുനഃരുത്ഥാനത്തിന്റെ മാതൃകയും, വാഗ്ദാനവും യേശു തന്നെയാണ്. കാൽവരികുരിശിൽ യേശു മരണത്തെ ജയിച്ചു. കുരിശുമരണം ഈ ലോക ജീവിതത്തിന്റെ നാശമായിരുന്നെങ്കിലും, അത് അനശ്വരമായ ജീവിതത്തിന്റെ അംഗീകാരമായിമാറി. യേശുവിന്റെ പുനഃരുത്ഥാനത്തിന്റെ രഹസ്യം യേശുവിന് പിതാവായ ദൈവത്തോടുള്ള പരിപൂർണ്ണ ഐക്യം ഒന്നുമാത്രമാണ്. "ഞാനും എന്റെ പിതാവും ഒന്നാകുന്നു." ഈ പരിപൂർണ്ണ ഐക്യമാണ് പുനഃരുത്ഥാനത്തിന്റെ അന്തഃസത്ത.

ഈ ഐക്യത്തിന്റെ മൂലതത്ത്വം നമുക്കറിയാം, യേശു പിതാവിന്റെ തിരുവിഷ്ടം തികച്ചും അചഞ്ചലമായി നിറവേറ്റി. വി. പൗലോസ് പറയുന്നതുപോലെ, അവൻ അനുസരണം പൂർത്തീകരിച്ചു. അനുസരണം പൂർണതയുള്ളതാകുമ്പോൾ മാത്രമേ ദൈവം പൂർണതയുള്ളവനാകുന്നുള്ളൂ. അനുസരണം പൂർണമാക്കാൻ പൂർണതയോട് ഒന്നായിതീരണം, ദൈവം മാത്രമേ പൂർണമായിട്ടുള്ളൂ. യേശു പിതാവായ ദൈവത്തോട് ഒന്നുചേർന്ന് അനുസരിച്ചു. ബാക്കിയെല്ലാ അനുസരണവും പൂർണമല്ല; ഇതിൽ നിന്ന് നമുക്ക്

സുപ്രധാനമായ ക്രിയാത്മകമായ ചില കാര്യങ്ങൾ വ്യക്തമാകും.

അനുസരണത്തിലൂടെയാണ് നാം നിങ്ങളിൽ വസിക്കുന്നത് (യോഹ. 15:4). അനുസരണക്കേട് അകറ്റി നിർത്തും (അന്യാധീനപ്പെടുത്തും). കൂടെ വസിക്കുക എന്നാൽ 'ഒന്നായിരിക്കുക' യേശു ശിഷ്യന്മാരോട് തന്റെ 'ഒപ്പം വസിക്കുക' എന്നുപറഞ്ഞപ്പോൾ തന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും എന്നാണ് അർത്ഥമാക്കിയത്. ഉത്ഥാനത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാനപ്പെട്ട ഒരു വചനമാണ് മത്തായി 7:21–23. "കർത്താവേ, കർത്താവേ" എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക. യേശുവാണ് നമ്മുടെ യഥാർത്ഥ മാതൃക. "യേശുവാണ് വഴിയും, സത്യവും ജീവനും' (യോഹ. 14:6) ഇതുതന്നെയാണ് യേശു പറഞ്ഞതും ഉദ്ദേശിച്ചതും. ഈ ലോകത്തിൽ വേറൊരു വഴിയുമില്ല സ്വർഗത്തിൽ പ്രവേശിക്കാൻ, യേശുവിൽ 'വസിക്കുന്ന'വർക്കുമാത്രമേ അതിന് സാധിക്കുകയുള്ളൂ. പ്രായോഗികമായി പറഞ്ഞാൽ 'യേശുവിന്റെ വചനങ്ങൾ ശ്രവിക്കുക മാത്രമല്ല അവ അനുസരിക്കുകയും ചെയ്യുന്നവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക' (മത്തായി. 7:24–28).

നമുക്കിപ്പോൾ ഒരു ചെറിയ ആശയത്തിലൂടെ എന്തിന് നാം യേശുക്രിസ്തുവിന്റെ വചനത്തിൽ വസിക്കണമെന്നതിനെക്കുറിച്ച് പരിശോധിക്കാം. നൂറ്റാണ്ടുകളായി ക്രിസ്തുവിന്റെ വചനങ്ങളെ അനീതിപരമായി വ്യാഖ്യാനിക്കുന്നതിന് വ്യക്തികൾ ശ്രമിച്ചിട്ടുണ്ട്, മറ്റുചിലർ മായികശക്തിയാലും വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചിലർ അന്ധവിശ്വാസങ്ങളിൽ കഴിയുന്നു, അവരുടെ വിചാരം ബൈബിൾ എന്ന പുസ്തകം നമ്മുടെ സമീപത്തിരുന്നാൽ ഒരു പിശാചിനും നമ്മെ ആക്രമിക്കാൻ സാധിക്കില്ലെന്നതാണ്. നാം ഒരു കാര്യം വിസ്മരിക്കുന്നു. സാത്താൻ ബൈബിൾ വചനങ്ങൾ ഉപയോഗിച്ചു തന്നെ യേശുവിനെപ്പോലും പ്രലോഭിക്കാൻ ശ്രമിച്ചു. അതിനർത്ഥം സാത്താന്റെ ഉള്ളിലും ദൈവവചനം ഉണ്ട്. പക്ഷേ, അത് പൈശാചികമായി മാത്രം അവൻ ഉപയോഗിക്കുന്നു എന്നുള്ളതാണ്. ഇതിൽ അവൻ മാത്രമല്ല ഉള്ളത്, അതുകൊണ്ട് പിശാചിനെ നമ്മിൽനിന്നകറ്റാൻ ബൈബിളിനെ ഒരു മാന്ത്രിക ശക്തിയായി ഉപയോഗിക്കാൻ സാധ്യമല്ല.

യേശുവിന്റെ വചനങ്ങൾ പിശാചിനെ മാറ്റിനിർത്താനുള്ളതല്ല, പ്രസ്തുത യേശുവിൽ വസിക്കുവാനുള്ളതാണ്. യേശുവിൽ വസിക്കുക എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് യേശുവിനെപ്പോലെ ആകുക മറ്റൊരു ക്രിസ്തു ആകുക. അതിനുള്ള സ്പഷ്ടമായ തെളിവാണ് നാമും ക്രിസ്തുവുമായുള്ള ആത്മീയ ബന്ധം, വചനത്തിലുറച്ച ബന്ധത്തിലൂടെ അനുദിനം അചഞ്ചലമായി നാം വളർന്ന് യേശുവിൽ ഒന്നാകുക. അതിലൂടെ നാം ക്രിസ്തുവിനെ 'അനുകരിക്കുന്ന'വരാകും. ദൈവമക്കൾക്ക് (യോഹ. 1:12) യേശുവിനെ അനുകരിക്കുന്നത് ഒരു പ്രത്യേക അനുഗ്രഹമാണ്. എന്നാൽ സ്വന്തം ഇഷ്ടം നോക്കുന്നവർക്ക് യേശുവിനെ അനുകരിക്കുന്നത് ഒരു വലിയ ക്ലേശം ആയിരിക്കും.

മനുഷ്യമക്കൾ ദൈവത്തെ അനുസരിക്കാതെ ദൈവാനുഗ്രഹം അവകാശപ്പെടാനുള്ള ബുദ്ധിപൂർവ്വമായ വഴികൾ കണ്ടുപിടിച്ചിരിക്കുന്നു. അതിൽ ഒന്നാണ് ആഘോഷങ്ങൾ. ഈസ്റ്റർ ആഘോഷിക്കുന്നതിൽ നാം സന്തുഷ്ടരാണ്. പക്ഷേ, നാം ഈസ്റ്റർ ആഘോഷിക്കുന്ന രീതി പരോക്ഷമായ ഒരു നിരാകരണമാണ്. ഇത് യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുമായി യാതൊരുബന്ധവുമില്ലായെന്നുതന്നെ പറയാം. ആഘോഷങ്ങളിൽ തെറ്റുണ്ടെന്ന് അതിനർത്ഥമില്ല. യഥാർത്ഥത്തിൽ ജീവിതത്തെ ഒരു ആഘോഷമായിട്ടാണ് ദൈവം കണ്ടത്. ഉൽപ്പത്തിയുടെ ആദ്യത്തെ അദ്ധ്യായം വായിക്കുമ്പോൾ കാണുന്നത് ഓരോ സൃഷ്ടികർമ്മത്തിനും ശേഷം ദൈവം എങ്ങനെയാണ് പ്രതികരിക്കുന്നത് എന്നതാണ്. നല്ലത് ..... നല്ലത്.... വളരെ നല്ലത്.

"സൃഷ്ടികർമത്തിന്റെ ആത്മാവുതന്നെ ആഘോഷമാണ്."

ഈസ്റ്റർ ആഘോഷങ്ങളല്ല യഥാർത്ഥ പ്രശ്നം, മറിച്ച് യേശുവിൽ ഒന്നായി വസിക്കാതെയുള്ള ആഘോഷങ്ങളാണ് പ്രശ്നം. യേശുവിൽ വസി



ക്കുന്നതിലൂടെയാണ് നാം യേശുവിനാൽ അറിയപ്പെട്ടവരാകുന്നത് എന്ന് യേശു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (മത്താ. 7:21–23). യേശുവിനോടുള്ള അനുസരണത്തെ ആചരണമായി നാം മാറ്റിയിരിക്കുന്നു. യേശുവിന്റെ ജീവിതത്തിലൂടെയും, അനുശാസനകളിലൂടെയും വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ തിരുഹിതം അനുസരിക്കുന്നതിനുപകരം നമ്മുടെ ആത്മീയതയെ നാം കേവലം ചടങ്ങുകളും ആചാരങ്ങളും മാത്രമായി ഒതുക്കിയിരിക്കുന്നു. നമ്മുടെ ആത്മീയത വളരെ അപൂർവമായി മാത്രമേ യഥാർത്ഥ ആഘോഷങ്ങളാകുന്നുള്ളൂ. ഒട്ടുമിക്കപ്പോഴും അത് വെറും ഉദാസീനമായ ശീലങ്ങളും, ആചാരാനുഷ്ഠാനങ്ങളും മാത്രമായി നിലകൊള്ളുന്നു.



യേശുക്രിസ്തുവിന്റെ ആത്മീയ ദർശനത്തിൽ – ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും അനുസരണത്തിനും വിഭജനം ഒന്നുമില്ല. സമരിയാക്കാരി സ്ത്രീയോട് സംസാരിച്ചപ്പോൾ യേശു ഊന്നിപ്പറഞ്ഞ ഒരു കാര്യമിതാണ്. "അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും, സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ. 4:24). സുവിശേഷത്തിലുടനീളം വിശദമായി വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യമാണ് പതിവായി, യാന്ത്രികമായി ആവർത്തിച്ച് ചെയ്യുന്ന ആരാധനാക്രമങ്ങളിലൂടെ മാത്രം ആർക്കും ദൈവത്തെ ആത്മാവിലും, സത്യത്തിലും ആരാധിക്കാനാവില്ല. തീർച്ചയായും ആരാധനയ്ക്ക് ഒരു ക്രമം വേണം. സഭയുടെ ഔപചാരിക സംഘാടനം നമുക്കാവശ്യമാണ്. എങ്കിലും ഒരിക്കലും ഒന്നും തന്നെ സമൂലമായ അനുസരണത്തിന് പകരമാകരുത്. യേശുക്രിസ്തുവിന്റെ അനുശാസനങ്ങൾ മതപരമായ ആചരണങ്ങളിൽ നിന്ന് വ്യതിരിട്ട് നിൽക്കുമ്പോൾ വെറും അനുകരണം മാത്രമാകുമ്പോൾ യേശുക്രിസ്തുവിൽ 'വസിക്കുന്നതും, ആത്മാവിലും സത്യത്തിലും' ദൈവത്തെ ആരാധിക്കുന്നതും നിഷ്ഫലമായി തീരും.

ഞാനിത് ഊന്നിപ്പറയുന്നതിന് കാരണം പുനഃരുത്ഥാന പ്രത്യാശയുടെ അടിസ്ഥാനം തന്നെ ഇതാണ്. യേശു കുരിശുമരണത്തെ അഭിമുഖീകരിച്ചത് പൂർണമായ അറിവോടെയാണ്. കുരിശുമരണത്തിന്റെ തരംതാഴ്ത്തലും, അപമാനവും അതുപോലെ മനസ്സിലാക്കിയതിനുശേഷം മാത്രമാണ് യേശു കുരിശുമരണം സ്വീകരിച്ചത്. ഗത്സമേനിൽ രക്തം വിയർത്തു യേശു തന്റെ പിതാവിനോടുള്ള അചഞ്ചലവും സംശയരഹിതവുമായ അനുസരണം പൂർത്തിയാക്കി. അനുസരണത്തിലൂടെ യേശു ദൈവത്തിൽ പിതാവിൽ ഒന്നായിത്തീർന്നു. ദൈവം അനശ്വരനാണ്. അവന്റെ അധികാരം സീമാതീതമാണ്, കാലങ്ങൾക്കതീതമാണ്. യേശുവിന്റെ പുനഃരുത്ഥാനം ആ അനന്തമായ അധികാരത്തിൽ ചരിത്രപരമായ അംഗീകാരമാണ്.

ഈസ്റ്റർ അനുഭവത്തിൽ നാം രണ്ടു വ്യത്യസ്ത അധികാരങ്ങൾ മുഖാമുഖം ദർശിക്കുന്നു. മനുഷ്യന് നൽകപ്പെട്ട അധികാരവും, ദൈവശക്തിയുടെ അധികാരവും. മനുഷ്യന്റെ അധികാരം മനുഷ്യപുത്രനെ ഇല്ലാതാക്കുന്നു. ദൈവശക്തിയുടെ അധികാരം മനുഷ്യപുത്രനെ ഉയർപ്പിക്കുന്നു. മനുഷ്യന്റെ അധികാരം കാണിക്കപ്പെടുന്നത് മനുഷ്യപുത്രനെ 'കാസ്റ്റിംഗ് എവേ' തള്ളിക്കളയുന്നതിലൂടെയാണ്. യേശു ജറുസലേമിൽ നിന്നും പുറന്തള്ളപ്പെട്ട് കാൽവരിയിൽ ക്രൂശിക്കപ്പെടും. ദൈവത്തിന്റെ അധികാരം 'ഇൻഗാതറിംഗ്' കൂട്ടിച്ചേർക്കലിലൂടെ പ്രവർത്തിക്കുന്നു. ഉത്ഥാനം കൂട്ടിച്ചേർക്കലിന്റെ അനുഭവമാണ്, ഒരു പെന്തക്കുസ്താനുഭവം, ഈ ലോകവും, വരാനിരിക്കുന്ന ലോകവും തമ്മിലുള്ള ഒരു കൂടിക്കാഴ്ചയുടെ പെന്തക്കുസ്താ അനുഭവം.

നമ്മുടെ ഈസ്റ്റർ ആഘോഷങ്ങളുടെ വിരോധാഭാസം എന്നാൽ നാം അനുഷ്ഠാനങ്ങൾക്ക് മാത്രം പ്രാധാന്യം കൽപ്പിക്കുന്നു, എന്നാൽ ദൈവേഷ്ടം നിർവഹിക്കാൻ നാം തല്പരരല്ല; നാം ദൈവത്തിൽ നിന്നും ഒത്തിരിയേറെ അകന്നുനിൽക്കുന്നു. യഥാർത്ഥ അർത്ഥത്തിൽ അകൽച്ചയിൽ ആയ നാം ബാഹ്യാഘോഷങ്ങളിൽ മാത്രം താല്പര്യം കാണിക്കുന്നു. നമ്മുടെ ഈസ്റ്റർ ആഘോഷങ്ങൾ വെറും ഉദ്യമങ്ങളായി മാറുന്നു, ആസ്വാദ്യകരവും സന്തോഷകരവും മാത്രമാകുന്നു; നേരെമറിച്ച് ഈസ്റ്ററിന്റെ അർത്ഥം മനസ്സിലാക്കി നാം ഈസ്റ്റർ അനുഭവം മാഹാത്മ്യത്തോടെ കാണുകയും അതിന് സാക്ഷികളായി തീരുകയും വേണം.

ഈസ്റ്റർ ആഘോഷത്തിന് ഇന്ന് എന്തെങ്കിലും പ്രസക്തിയുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്.

ഈസ്റ്റർ അതുല്യമായ ഒരു ബൈബിളധിഷ്ഠിത വിശ്വാസമാണ്. യേശു അതിന്റെ കേന്ദ്രബിന്ദുവും. യേശുക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മെ ഏറ്റവും സമൃദ്ധമായി ആകർഷിക്കുന്നത് അതുല്യമായ ക്രിസ്തുവിന്റെ വ്യക്തിത്വമാണ്. അതിനുള്ള പരമോന്നത ദൃഷ്ടാന്തം എന്നത് മനുഷ്യപുത്രന്റെ ജുഡീഷ്യൽ കൊലപാകത്തിന് വഴിയൊരുക്കിയ റോമൻ ശതാധിപന്റെ വിസ്മയകരമായ പ്രതികരണമാണ് 'സത്യമായും ഇവൻ ദൈവപുത്രനായിരുന്നു.' (മത്താ. 27:54).

ശതാധിപൻ ഒരു ദൈവശാസ്ത്രജ്ഞനായിരുന്നില്ല. അയാൾ ഒരു പക്ഷേ ഉദ്ദേശിച്ചത്, 'ഇത്തരത്തിലുള്ള ഒരു വ്യക്തിത്വം' തീർച്ചയായും ഇത് കേവലം ഒരു മനുഷ്യനായിരിക്കുകയി

ല്ല.'' ബൈബിളിലെ ആത്മീയത വ്യക്തിത്വത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ പ്രാധാന്യം നാം വിലമതിക്കേണ്ടതാണ്. ഉൽപ്പത്തി പുസ്തകത്തിൽ മനുഷ്യരെ സൂചിപ്പിക്കുന്നത്, "ദൈവത്തിന്റെ ഛായയിലും, സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട'' വ്യക്തികളാണ് ഓരോരുത്തരും (ഉൽപ്പത്തി 1:27). ഇത് മനുഷ്യവ്യക്തിത്വത്തിന്റെ പ്രധാന്യത്തെ സൂചിപ്പിക്കുന്നു. ഇതിലൂടെ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള അന്തരത്തെ വരച്ചുകാട്ടുന്നു. മൃഗങ്ങളെ ഒരേ വർഗമായി പരിഗണിക്കപ്പെടുന്നു. എന്നാൽ മനുഷ്യർ ഒരു വർഗമാണെങ്കിലും ഓരോ വ്യക്തിയും വ്യത്യസ്തരും അതുല്യരുമാണ്. നാം ഓരോരുത്തരും വിലപിടിപ്പുള്ള അതുതുല്യരായ വ്യക്തിത്വത്തിനുടമകളാണ്. മനുഷ്യയാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ഓരോ വ്യക്തിയേയും ബഹുമാനിക്കുകയും തിരിച്ചറിയുകയും വേണം, നാമെല്ലാവരും അമൂല്യരും അതുല്യരുമായ വ്യക്തിത്വത്തിനുടമകളാണ് എന്നസത്യം. യേശു നമ്മുടെ രക്ഷയ്ക്കുവേണ്ടി മരിക്കുവാൻ വന്നു എന്ന സത്യം ഒരു സുനിശ്ചിതവും സുപ്രധാനവുമായ പ്രസ്താവന തന്നെയാണ്. ദൈവം നമ്മുടെ വ്യക്തിത്വത്തിന് നൽകുന്ന മൂല്യം. യേശുവിന്റെ അന്വേഷണവും, ദാഹവും അടിവരയിടുന്ന പ്രമാണം ഇതാണ്. "നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്." (ലൂക്ക. 19:19).

നമ്മുടെ പാപത്തിലൂടെ നാം നഷ്ടപ്പെടുത്തുന്നത് നമ്മുടെ വ്യക്തിത്വമാണ്. പാപം മരണത്തിന് കാരണമായി (ഉൽപ്പത്തി 2:17). തൽക്ഷണമായ മരണം ശരീരത്തിന്റെ അല്ല, മറിച്ച് വ്യക്തിത്വത്തിന്റെ അന്ത്യം. ദൈവം തന്ന ഈ വ്യക്തിത്വമാണ് യഥാർത്ഥത്തിൽ പുനഃരുത്ഥാനം ചെയ്യുന്നത്. അങ്ങനെയെങ്കിൽ നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്ന ദിവ്യമായ ധാർമ്മിക ബാധ്യതയ്ക്ക് നാം വിശ്വസ്തതയോടും ആത്മാർത്ഥയോടും കൂടെ നമ്മുടെ വ്യക്തിത്വത്തെ ആദരിക്കുകയും, മാനിക്കുകയും ചെയ്യണം.

യേശുവിന്റെ പരസ്യശുശ്രൂഷയുടെ സമയത്ത് വ്യത്യസ്തരായ വ്യക്തികൾ അനുഭവിച്ചിട്ടുള്ള കൂടിക്കാഴ്ചകൾ

**നമ്മുടെ പാപത്തിലൂടെ നാം നഷ്ടപ്പെടുത്തുന്നത് നമ്മുടെ വ്യക്തിത്വമാണ്. പാപം മരണത്തിന് കാരണമായി (ഉൽപ്പത്തി 2:17). തൽക്ഷണമായ മരണം ശരീരത്തിന്റെ അല്ല, മറിച്ച് വ്യക്തിത്വത്തിന്റെ അന്ത്യം. ദൈവം തന്ന ഈ വ്യക്തിത്വമാണ് യഥാർത്ഥത്തിൽ പുനഃരുത്ഥാനം ചെയ്യുന്നത്.**

അവരുടെ വ്യക്തിപരമായ പുനഃരുത്ഥാനത്തിന്റെ നേർക്കാഴ്ചകളായാണ് ഞാൻ വരച്ചുകാട്ടുവാൻ ശ്രമിച്ചത്, സക്കേവൂസിനെക്കുറിച്ച് ചിന്തിക്കുക (ലൂക്കാ. 19:1-10), മഗ്ദലനമറിയം (യോഹ 20:11-18), സമരിയക്കാരി സ്ത്രീ (യോഹ 4:1-26), കുഷ്ഠരോഗി (ലൂക്കാ. 8:12-15), പിശാചു ബാധിതർ (ലൂക്കാ. 8 : 26-39). അവർ യേശുവിനെ കണ്ടുമുട്ടുന്നതിനുമുമ്പുള്ള അവരുടെ ജീവിതവും, യേശുവിനെ ദർശിച്ചതിനും, അനുഭവിച്ചതിനുംശേഷം അവർക്കുണ്ടായ മാറ്റങ്ങൾ കാണുമ്പോൾ അവരെ ഒരു പുതിയ സൃഷ്ടിയായി തന്നെ നമുക്ക് ദർശിക്കാം, അവർക്ക് പുതുജീവൻ പുനഃരുത്ഥാനം ലഭിച്ചതായി നമുക്ക് മനസ്സിലാക്കാം; അതും ഈ ഭൂമുഖത്തു തന്നെ, അവരുടെ അനുദിന ജീവിതത്തിൽ തന്നെ. ഏതെങ്കിലും ആചാരപരമായ പ്രവർത്തികൊണ്ടോ അല്ലെങ്കിൽ അനുഷ്ഠാനങ്ങൾ കൊണ്ടോ അല്ല ഇതു സംഭവിച്ചത്. എന്നിരുന്നാലും



അവിടെ ഒരു തരം ആചാരവും ആരാധനയും ഉണ്ടായിരുന്നു യേശുവിനെ അനുഭവിക്കാനുള്ള ദർശിക്കാനുള്ള വിശുദ്ധി, അതു തന്നെയാണ് എല്ലാ അചാരങ്ങളേയും ദൈവാരാധനയുടെയും അടിസ്ഥാനം.

ആയതിനാൽ ഉത്ഥാനം എന്നത് വിശ്വാസത്തിലും, പ്രത്യാശയിലും നാം പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു ദൈവീകാനുഭവമാണ്; വർത്തമാനകാലത്ത് നമുക്ക് ലഭിക്കുന്ന ആത്മീയ അവകാശം കൂടിയാണത്. അതുകൊണ്ടാണ് വി.പൗലോസ് പറയുന്നതുപോലെ "ക്രിസ്തുവിൽ ആയിരിക്കുന്നവൻ ഒരു പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ പുതിയതു വന്നുകഴിഞ്ഞു.'' (2 കോറി 5:17). തീഷ്ണവും ആഴവുമായ ഈ വിശ്വാസമില്ലാതെ ഈസ്റ്റർ ആഘോഷിക്കുന്നത് വെറും ഒരു സ്മരണനിലനിർത്തുന്ന ആഘോഷം മാത്രമായി അവശേഷിക്കും, ലൗകികമായ ഒരു ചടങ്ങായി മാത്രം മാറും. ■

ലേഖനം

ഡോ. ചാൾസ് ലിയോൺ



**ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു. ആയതിനുള്ള ശ്രമമാണ് ഈ ലേഖനത്തിനാധാരം.**

# കേരള ലത്തീൻ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളും

ഒരു സമൂഹത്തിന്റെ വികസന സൂചകം അളക്കുന്നത് ആ സമൂഹത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തെ അടിസ്ഥാനമാക്കിയാണ്. നിയമനിർമ്മാണം, നയരൂപീകരണം, തീരുമാനമെടുക്കലും നടപ്പിലാക്കലും തുടങ്ങിയ സമിതികളിലെ പ്രാതിനിധ്യം എന്നിവ ഉറപ്പാകുന്നത്, അതാത് സമൂഹങ്ങളിലേയും സമുദായങ്ങളിലേയും വിദ്യാഭ്യാസ നിലവാരം ഉള്ളവരിലൂടെയാണ്. ഏതൊരു സമുദായം മുന്നേറണമെങ്കിലും മുകളിൽ പ്രസ്താപിച്ച സമിതികളിൽ സമുദായ പ്രാതിനിധ്യം ഉണ്ടാകണം. വിപ്ലവാത്മകമായ രീതിയിൽ വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. കേരള ലത്തീൻ സഭ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന വിദ്യാർഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി കേരളത്തിലെ 12 ലത്തീൻ രൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതികളും ഉൾക്കൊള്ളുകയും, അതിനനുസൃതമായ രീതിയിൽ 2019 മുതൽ വിവിധ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നതും ആശാവഹമായ കാര്യമാണ്.

ഈ മേഖലയിലെ വിവിധ പഠനങ്ങൾ വ്യക്തമാക്കുന്ന ഒരു വസ്തുത, പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പഠന നിലവാരത്തിൽ മുന്നേറാൻ സാധിക്കുന്ന ഘടകങ്ങളിൽ ആത്മവിശ്വാസമില്ലായെന്നതാണ്. ഈ കുറവ് കാണപ്പെടുന്നത് പ്രധാനമായും താഴ്ന്ന ക്ലാസുകളിലാണ്. കൂടാതെ ചില വിഷയങ്ങളിൽ സംഭവിക്കുന്ന പരാജയഭീതി സ്കൂളിൽ നിന്നുള്ളകൊഴിഞ്ഞു പോക്കിനും കാരണമാകുന്നു. ഈ വസ്തുത കണക്കിലെടുത്തുകൊണ്ടാണ് കെആർഎൽസിബിസി വിദ്യാഭ്യാസ കമ്മിഷൻ വിവിധ മേഖലകളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിവരുന്നത്.

സമുദായങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണമെന്ന ആവശ്യങ്ങൾ ഉയരുമ്പോൾ, മുന്നോക്ക-പിന്നോക്ക വ്യത്യാസമില്ലാതെ രാഷ്ട്രീയമായി വിലപേശി, സ്ഥാപനങ്ങൾ അനുവദിപ്പിക്കുന്ന രീതിയാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. മലബാർ മേഖലയിലും മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിലും 2000 ന് ശേഷം അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതേസമയം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുമ്പോൾ രാഷ്ട്രീയമായ വിലപേശലിന് ലത്തീൻ സമുദായം മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്.

## കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ മേഖല

കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിൽ 2016 –17 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് 16879 സ്കൂളുകളാണുള്ളത്. അവ ഇപ്രകാരമാണ്.

| ക്രമ നം. | സ്കൂൾ | എണ്ണം |
|---|---|---|
| 1. | ഡിപിഐ പരിധിയിലുള്ളത് | 12981 |
| 2. | ഡിഎച്ച്എസ് പരിധിയിലുള്ളത് | 2073 |
| 3. | വിഎച്ച്എസ് പരിധിയിലുള്ളത് | 389 |
| 4. | സിബിഎസ്ഇ സിലബസ് | 1229 |
| 5. | ഐസിഎസ്ഇ | 157 |
| 6. | കേന്ദ്രീയ വിദ്യാലയം | 36 |
| 7. | നവോദയ സ്കൂൾ | 14 |
| | ആകെ | 16879 |

ഇതനുസരിച്ച് 77 ശതമാനം സ്കൂളുകളും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്.

**കേരളത്തിലെ സ്കൂളുകൾ ഒറ്റനോട്ടത്തിൽ**

| | Sector | Government | Aided | Unaided | Total |
|---|---|---|---|---|---|
| | പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്കൂളുകൾ | | | | |
| 1 | Lower Primary | 2597 | 3914 | 363 | 6874 |
| 2 | Upper Primary | 873 | 1873 | 242 | 2988 |
| 3 | High School | 1225 | 1433 | 461 | 3119 |
| | Total | 4695(36.1%) | 7220(55.6%) | 1066(8.2%) | 12981 |
| | ഹയർസെക്കണ്ടറി ഡയറക്ടറുടെ കീഴിലുള്ള സ്കൂളുകൾ | | | | |
| 4 | HSS | 833(40%) | 854(41%) | 380(18.5%) | 2073 |
| 5 | VHSS | 261 | 128 | --- | 389 |
| | Total | 1094 | 982 | 380 | 2462 |
| | *Grant Total* | *5789* | *8202* | *1446* | *15443* |

**സംസ്ഥാന സിലബസിന് പുറമെയുള്ള സ്കൂളുകൾ**

| Total | CBSE | ICSE | KV | J. Navodhaya |
|---|---|---|---|---|
| 1436 | 1229 | 157 | 36 | 14 |

പൊതുവിദ്യാഭ്യാസ മേഖലയിലെ 56 ശതമാനം സ്കൂൾ എയ്ഡഡ് മേഖലയിലും 36 ശതമാനം സ്കൂളുകൾ സർക്കാർ മേഖലയിലും പ്രവർത്തിക്കുന്നു. ഹയർ സെക്കൻഡറി വിഭാഗത്തിൽ 41 ശതമാനം സ്കൂളുകൾ എയ്ഡഡും 40 ശതമാനം സ്കൂളുകൾ സർക്കാർ മേഖലയിലുമാണ്. ഇത് കണക്കിലെടുക്കുമ്പോൾ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളാണ് കൂടുതൽ സംഭാവനകൾ നൽകുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ 53 ശതമാനം സ്കൂളുകളും എൽ.പി. വിഭാഗത്തിത്തിലുള്ളതാണ്. സംസ്ഥാനത്തെ ലോവർ പ്രൈമറി വിഭാഗത്തിലെ 57 ശതമാനവും എയ്ഡഡ് മേഖലയിലാണ്.

## കേരള ലത്തീൻ സഭയിലെ സ്ഥാപനങ്ങൾ

2018–19 ലെ കണക്കനുസരിച്ച് കേരള ലത്തീൻ സഭയുടെ അധികാര പരിധിയിൽ 857 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 30 ശതമാനവും സ്കൂൾ മേഖലയിലാണ്. ആകെയുള്ള സ്കൂളുകളിൽ 46 ശതമാനം സ്ഥാപനങ്ങളും ലോവർ പ്രൈമറി മേഖലയിലുമാണ്.

**ലത്തീൻ രൂപതകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| | Nature of institution | Diocesan | | Religious | | Parish | | Total |
|---|---|---|---|---|---|---|---|---|
| | | *Aided* | *Unaided* | *Aided* | *Unaided* | *Aided* | *Unaided* | |
| 1 | Lower Primary | 172 | 12 | 88 | 59 | 10 | 13 | 354 |
| 2 | Upper Primary | 44 | 11 | 56 | 24 | 03 | 06 | 144 |
| 3 | High School | 42 | 10 | 44 | 39 | 11 | 05 | 151 |
| 4 | HS with HSS | 35 | 06 | 17 | 48 | 07 | -- | 113 |
| | *Total* | *293* | *39* | *205* | *170* | *31* | *24* | *762(89%* |

കേരള ലത്തീൻ സഭയുടെ സ്കൂളുകളിൽ 50 ശതമാനം സ്കൂളുകളും സന്യസ്തരുടെ വകയാണ്. രൂപതകൾക്ക് 44 ശതമാനവും വ്യക്തിഗത ഇടവകകൾക്ക് 4 ശതമാനവും സ്കൂളുകളാണുള്ളത്. 70 ശതമാനം സ്കൂളുകൾ എയ്ഡഡ് മേഖലയിലുള്ളപ്പോൾ 30 ശതമാനം മാത്രമാണ് സ്വാശ്രയ സ്ഥാപന പട്ടികയിലുള്ളത്. സ്വാശ്രയ മേഖലയിലെ സ്കൂളുകകളിൽ 73 ശതമാനവും സന്യസ്തരാണ് നടത്തുന്നത്. ലോവർ പ്രൈമറി വിഭാഗത്തിൽ 49 ശതമാനം സ്ഥാപനങ്ങളും രൂപതാതലത്തിൽ പ്രവർത്തിക്കുമ്പോൾ ഹൈസ്കൂൾ മേഖലയിൽ 55 ശതമാനവും സന്യസ്തരാണ് നടത്തുന്നത്.

കേരള ലത്തീൻ സഭയ്ക്ക് നാമമാത്രമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയുള്ളൂ. 27 ആർട്സ് & സയൻസ് കോളേജുകളിൽ 50 ശതമാനം സന്യസ്തരും 50 ശതമാനവും രൂപതകളും നേരിട്ട് നടത്തുന്നു. 56 ശതമാനം കോളേജുകളും സ്വാശ്രയ മേഖലയിലാണ്. നേഴ്സിംഗ്, ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും സന്യസ്തരുടെ കൈകളിലാണ്. കേരളത്തിലെ ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ലത്തീൻ സമുദായത്തിന് അർഹമായ പ്രാതിനിത്യം ഇല്ലെന്ന വസ്തുത അംഗീകരിക്കേണ്ടിവരുന്നു. രാഷ്ട്രീയ വിലപേശലിലൂടെ ഇതര മുന്നോക്ക-പിന്നോക്ക സമുദായങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേടുന്നിടത്താണ് കേരളത്തിലെ 5 ശതമാനം വരുന്ന ലത്തീൻ സമുദായം കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുമെന്ന വസ്തുത തിരിച്ചറിയേണ്ടത്.

*(തുടരും)*




# സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്നവർക്ക് വിശുദ്ധ കുർബ്ബാന സ്വീകരിക്കാമോ?

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ കാരയ്ക്കാമണ്ഡപം ഇടവകാംഗമാണ് ഞാൻ. ഭാര്യയും മക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. ഞങ്ങൾ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലിയിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുമായിരുന്നു. സഭാപരമല്ലാത്ത രീതിയിൽ കല്യാണം കഴിച്ച ദമ്പതികൾ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ലെന്ന് ഇടവക വികാരി ചില ഞായറാഴ്ചകളിൽ പള്ളിയിൽ അറിയിക്കുകയും കുർബാന സ്വീകരിക്കുന്നതിൽനിന്ന് എന്നെയും ഭാര്യയെയും വിലക്കുകയും ചെയ്തു. ഞാൻ പള്ളിയിൽവച്ച് വിവാഹം ചെയ്ത സ്ത്രീ എന്നെ ഉപേക്ഷിച്ചുപോയി. അവൾ എവിടെയാണെന്ന് എനിക്കറിയില്ല. അതിനിടെ ഇപ്പോഴത്തെ എന്റെ ഭാര്യയെ ഞാൻ കണ്ടുമുട്ടുകയും എന്റെ ബന്ധുക്കളുടെ മുമ്പിൽവച്ച് അവളെ ഞാൻ താലികെട്ടുകയും ചെയ്തു. ഈ ബന്ധത്തിൽ എനിക്ക് രണ്ട് മക്കളുണ്ട്. ഇപ്പോൾ എനിക്കു 65 വയസ്സിനുമുകളിൽ പ്രായമുണ്ട്. മുൻപത്തെപ്പോലെ എനിക്ക് വിശുദ്ധ കുർബാന തന്നുകൂടെ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 915, 916, 1331, 1332 എന്നിവയും പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 712, 711, 1434, 1431 § 1 എന്നിവയും വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള കൂദാശകളുടെ സ്വീകരണം തടയുന്ന നിയമങ്ങളാണ്. CIC 1331, 1332-Dw CCEO 1434, 1431§ 1ഉം സഭ ഭ്രഷ്ട് ചുമത്തപ്പെട്ടവർക്കുള്ള വിലക്കുകളാണ് വിവരിക്കുന്നത്. സഭ ഭ്രഷ്ട് ചുമത്തപ്പെട്ടവർക്കു പുറമെ, പരസ്യമായി ഗൗരവപൂർണ്ണമായ പാപത്തിൽ തിരുത്തലില്ലാത്ത (പശ്ചാത്താപമില്ലാതെ, മാനസാന്തരമില്ലാതെ) തുടരുന്നവർക്കുള്ള വിലക്കാണ് CIC 915 പ്രതിപാദിക്കുന്നത്.



സഭാപരമല്ലാത്ത രീതിയിൽ വിവാഹജീവിതം തുടരുന്നത് പരസ്യമായ ഗുരുതര പാപമാണ്. കത്തോലിക്കാ ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ച് സഭാപരമല്ലാതെയുള്ള വിവാഹം വിവാഹമേ അല്ല. ആ വിവാഹം അസാധുവാണ്. ജോൺപോൾ രണ്ടാമൻ പാപ്പയുടെ Familiaris Consortio എന്ന അപ്പസ്തോലിക പ്രബോധനം 82, 84 പ്രകാരം, വിശുദ്ധ കുർബാനയാൽ അർത്ഥപൂർണ്ണവും കാര്യക്ഷമവുമാകുന്ന ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹകൂട്ടായ്മയുടെ എതിർസാക്ഷ്യമാണ് സഭയുടെ അംഗീകാരമില്ലാത്ത വിവാഹജീവിതം. സഭാപരമല്ലാതെയുള്ള വിവാഹജീവിതം നയിക്കുന്ന കത്തോലിക്കാ വിശ്വാസികൾ പരസ്യവും ഗുരുതരവുമായ പാപാവസ്ഥയിൽ കഴിയുന്നതായി സഭ കാണുന്നുവെന്ന്, വിശുദ്ധ കുർബാന സ്വീകരണത്തെ സംബന്ധിച്ച വിശ്വാസ തിരുസംഘത്തിന്റെ 1994, 1995-ലെ കത്തുകൾ (Letter: Annus Internationalis Familice) രേഖപ്പെടുത്തുന്നു.

CIC 915-916, CCEO 711-712 എന്നിവ പ്രകാരം ഗുരുതരമായ പാപാവസ്ഥയിൽ കഴിയുന്നവർ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. കത്തോലിക്കാ സഭയുടെ പഠനമനുസരിച്ച്, സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന കത്തോലിക്കാ ക്രൈസ്തവ വിശ്വാസി പരസ്യവും ഗുരുതരവുമായ പാപാവസ്ഥയിൽ കഴിയുന്നു.

ഇനി താങ്കളുടെ സംശയത്തിലേക്കു വരുന്നു. സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന സ്ഥിതിക്ക്, നിയമപരമായ എല്ലാ തടസ്സങ്ങളും നീക്കി താങ്കളുടെ വിവാഹം സഭാപരമാക്കുന്നതുവരെ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ, തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ആദ്യകുർബ്ബാന സ്വീകരിക്കേണ്ട കുറഞ്ഞ പ്രായം 9 വയസ്സാണെന്ന് പ്രസിദ്ധീകരിച്ചിരുന്നു. കേരള റീജിയണൽ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ (KRLCBC) എടുത്ത തീരുമാനമനുസരിച്ച് കേരളത്തിലെ ലത്തീൻ രൂപതകളിൽ ആദ്യകുർബാന സ്വീകരിക്കേണ്ട കുറഞ്ഞ പ്രായം 8 വയസ്സാണ്. (Cf. 10.07.2016-ൽ തിരുവനന്തപുരം അതിരൂപത അജപാലന ശുശ്രൂഷ, ആരാധന കമ്മിഷൻ പുറപ്പെടുവിച്ച 'ആരാധനാക്രമത്തെക്കുറിച്ച് കേരള ലത്തീൻ മെത്രാൻ സമിതിയുടെ തീരുമാനങ്ങൾ')


സെന്റ്.ആന്റണീസ് ഫെറോനാ ദേവാലയം
വലിയതുറ,തിരുവനന്തപുരം.8
40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന
63-ാം വർഷം
2019 മാർച്ച് 31-ഏപ്രിൽ 7

ലേഖനം

ഫാ. മത്യാസ് ഒലിവർ



**പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വോട്ടവകാശത്തിന്റെ ക്രൈസ്തവ ധാർമ്മികത ചൂണ്ടിക്കാണിക്കുകയാണ് ലേഖകൻ**

# വോട്ടവകാശവും ക്രൈസ്തവ ധാർമ്മികതയും

വളരെയേറെ വെല്ലുവിളികൾ നിറഞ്ഞതും എന്നാൽ പ്രത്യാശാപൂരിതവുമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ കാലയളവിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും അവരവരുടേതായ വിശ്വസനീയവും പ്രവർത്തനാത്മകവുമായ പ്രകടനപത്രിക പൗരസമക്ഷം സമർപ്പിച്ച് വോട്ടിനായി വിലപേശിക്കൊണ്ടിരിക്കുന്നു. എന്നാൽ ഓരോ പ്രകടനപത്രികയേയും ജനം ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. പുതിയ ആശയങ്ങളോട് ആരോഗ്യപരമായ തുറവിയുള്ളപ്പോൾ തന്നെ സംസ്ഥാന-ദേശീയ തലത്തിലെ നിരവധി വിഷയങ്ങളെ സംബന്ധിച്ച് അപക്വവും അധാർമികവുമായ സമീപനങ്ങളാണ് ഈ ആശങ്കയെ വർധിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള ആവലാതികളെ ചൂഷണം ചെയ്യാനും, തങ്ങളുടെ മുദ്രാവാക്യങ്ങളെ അരക്കിട്ടുറപ്പിക്കാനാവശ്യമായ പുതിയ ബലിയാടുകളെ കണ്ടെത്താനും, രാജ്യത്തിനും ജനങ്ങൾക്കുമിടയിൽ മതപരവും സാമുദായികവുമായ പുതിയ മതിലുകൾ നിർമിച്ചുകൊണ്ടുള്ള സങ്കുചിതമായ രാഷ്ട്രനിർമിതിയിലേക്ക് പുതിയ രാഷ്ട്രീയ സമവാക്യങ്ങൾ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു.

ഈ അവസരത്തിൽ ക്രൈസ്തവരുടെ രാഷ്ട്രീയ ഇടപെടലുകളെ സംബന്ധിച്ചും രാഷ്ട്രപൗരനെന്ന നിലയിൽ വോട്ടവകാശം എപ്രകാരം വിനിയോഗിക്കപ്പെടണം എന്നത് സംബന്ധിച്ച് ഒരു പുനർവിചിന്തനമാണ് ഈ കുറിപ്പിനാധാരം.

മാധ്യമങ്ങളും രാഷ്ട്രീയ വിചക്ഷണന്മാരും യൂറോപ്യൻ നവസംസ്കാരത്തെ അവലംബിച്ചുകൊണ്ട് മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത് എന്നാണ് ആവശ്യപ്പെടുന്നത്. കാരണം, മതം ഒരു വ്യക്തിയുടെ സ്വകാര്യതയുമായി ബന്ധപ്പെടുന്നതാകയാൽ അത് രാഷ്ട്രീയ-സാമ്പത്തിക കാര്യങ്ങളിൽ ഇടപെടേണ്ടതല്ല. എന്നാൽ മുൻ നൂറ്റാണ്ടുകളിലും ആധുനിക ലോകത്തെ സർഗചിന്തയിലും മാത്രം അതിന്റെ സ്വഭാവത്തിൽ തന്നെ വൈയക്തിവും സാമൂഹികവുമായ മാനങ്ങൾ ഉൾക്കൊള്ളുന്നതായി പരാമർശിക്കുന്നുണ്ട്. അതിനർത്ഥം ഇന്ത്യയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുപോലെ മതവികാരത്തെ രാഷ്ട്രീയ നേട്ടത്തിനായി കൂട്ടുപിടിക്കുന്നതല്ല മറിച്ച്, ഒരുപുറത്ത് മതവിശ്വാസം പരസ്നേഹപ്രവർത്തിയിലധിഷ്ഠിതമാ

യി, തന്റെയും സമൂഹത്തിന്റെയും സമഗ്ര വളർച്ചയ്ക്കാവശ്യമായ ഉപവി പ്രവർത്തനങ്ങൾക്കുള്ള സാധ്യത രാഷ്ട്രീയമെന്ന വിശാലമായ പ്രവർത്തന മണ്ഡലത്തിൽ ദർശിക്കുന്നതുകൊണ്ടാണ്. രാഷ്ട്രീയ വിഷയത്തിലെ ക്രൈസ്തവ ഇടപെടലുകൾ സഭയെ രാഷ്ട്രീയ പാർട്ടിയുമായോ, ആശയവുമായോ നയവുമായോ താദാത്മ്യപ്പെടുത്തുന്നില്ല. പകരം ക്രൈസ്തവ ധർമികതയിലടിസ്ഥാനമുറപ്പിച്ച് മാനവിക മൂല്യങ്ങളുടെ സംശ്ലേഷണവും മാനവരാശിയുടെ വളർച്ചയും ലക്ഷ്യം വച്ചുകൊണ്ട് ഉൾപ്രേരകമായി വർത്തിക്കുകയാണ് ഈ ഇടപെടലുകളുടെ ലക്ഷ്യം. നിലവിലുള്ള രാഷ്ട്രീയ സമവാക്യങ്ങളും സാധ്യതകളും നമ്മുടെ സാമൂഹിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും ദൈവരാജ്യാനുഭവത്തെ പ്രതിബിംബിപ്പിക്കുന്നതിനും എത്രമാത്രം ഉപോത്ബലകമാണെന്ന് വിലയിരുത്താൻ ഒരു ക്രൈസ്തവന് കടമയുണ്ട്. മനുഷ്യൻ പൂർണനല്ലാത്തതുകൊണ്ട് സാമൂഹിക സംവിധാനങ്ങളും അപൂർണമാണ് എന്ന കേവല സത്യത്തെ മനസിലാക്കുന്നതോടൊപ്പം തന്നെ പൂർണതയ്ക്കുവേണ്ടിയുള്ള മനുഷ്യ പ്രയത്നങ്ങളുടെ അതേ ചുവടുപിടിച്ചുകൊണ്ട് സാമൂഹികക്രമത്തെ പൂർണതയിലേക്കെത്തിക്കേണ്ടതിന്റെ ഉത്തരവാദിത്വവും ക്രൈസ്തവ ധർമമാണ്.

## ക്രൈസ്തവികതയുടെ ക്രിയാത്മകത

മാനവകുലത്തിന്റെ സമഗ്രവളർച്ചയ്ക്ക് ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ സീമാതീതമായ സാധ്യതകൾ രാഷ്ട്രീയ മണ്ഡലത്തിൽ ദർശിക്കാൻ ക്രൈസ്തവനെ പ്രേരിപ്പിക്കുന്ന ഘടകം ക്രൈസ്തവികതയുടെ ക്രിയാത്മകവശം തന്നെയാണ്. പ്രപഞ്ചത്തെ സംബന്ധിച്ച ക്രൈസ്തവ സഭയുടെ കാഴ്ചപ്പാടുകൾ, പ്രത്യേകിച്ച് സ്വയം പരിത്യാഗത്തിന്റെയും ആദ്ധ്യാത്മിക ദൗത്യത്തിന്റെയും വഴികൾ മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും പൂർണതയ്ക്കുവേണ്ടി ക്രിയാത്മകമായ സാമൂഹ്യ ഇടപെടലുകൾ നിഷ്കർഷിക്കുന്നുണ്ട്. ക്രിസ്തുവിലുള്ള നമ്മുടെ രക്ഷാകര ജീവിതം മാനവകുലത്തെയാകമാനം മഹത്വീകരിക്കുവാനും രൂപാന്തരീകരിക്കുവാനും ലക്ഷ്യംവച്ചുള്ളതാണ്. എന്നാൽ അവ കേവലം തിരുവചനം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതൊഴികെ രാഷ്ട്രീയ ഇടപെടലുകളിലൂടെ പാടില്ലയെന്ന നിലപാട് ബൈബിൾ വീക്ഷണത്തിന് നിരക്കുന്നതല്ല. രാഷ്ട്രീയ ഇടപെടൽ ഉൾപ്പെടെ മനുഷ്യജീവിതത്തിന്റെ സകലമാനങ്ങളെയും ഉൾക്കൊള്ളുന്നതാണ് ബൈബിൾ വീക്ഷണം. യഥാർത്ഥത്തിൽ സിവിൾ ഗവണ്മെന്റിനെ സംബന്ധിച്ചും അതിൽ വിശ്വാസിയുടെ ഇടപെടലുകളെ സംബന്ധിച്ചും ബൈബിൾ പരാമർശിക്കുന്നുണ്ട്.



ഉദാഹരണത്തിന് പഴയ നിയമത്തിൽ ജോസഫും ദാനിയേലും സിവിൾ ഗവണ്മെന്റിൽ സേവനം അനുഷ്ഠിക്കുകയും രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തു. പുതിയ നിയമത്തിൽ യേശു സമഗ്രമായ ശുശ്രൂഷയിൽ ഏർപ്പെട്ടതായിട്ടാണ് നാം മനസ്സിലാക്കുന്നത്. യേശു രാഷ്ട്രീയ നേതാവാകാൻ ഒരിക്കലും താല്പര്യം കാണിച്ചിട്ടില്ല. എന്നാൽ രാഷ്ട്രീയ സംവിധനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. (ഉദാ: മത്ത. 22:15–22; സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക. യോഹ. 19:11; ഉന്നതത്തിൽ നിന്ന് നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ ഒരധികാരവും നിനക്ക് എന്റെ മേൽ ഉണ്ടാകുമായിരുന്നില്ല. അതോടൊപ്പം തന്നെ രാഷ്ട്രീയ സംവിധാനങ്ങൾ ഉന്നൽ നൽകേണ്ട മേഖലകളെക്കുറിച്ച് പരോക്ഷമായി പരാമർശിക്കുന്നുണ്ട്. (ഉദാ: അപ്പം വർധിപ്പിക്കൽ സംഭവത്തിലൂടെ ദാരിദ്ര്യനിർമാർജ്ജനത്തിന്റെ ആവശ്യകത, അതുവഴി സാമ്പത്തിക നീതി ഉറപ്പുവരുത്തൽ. അഹിംസാ സിദ്ധാന്തത്തിലൂടെ സമാധാന സ്ഥാപനത്തിനുള്ള ആഹ്വാനം. സൗഖ്യപ്പെടുത്തൽ ശുശ്രൂഷയിലൂടെ ശാരീരികവും മാനസികവു

**യോഗ്യനായ ഒരു സ്ഥാനാർത്ഥിക്കെതിരായി അയോഗ്യനായ ഒരു എതിരാളിയെ തെരഞ്ഞെടുക്കുന്നത് ക്ഷമിക്കപ്പെടാവുന്ന പാപമായിരിക്കാം. പക്ഷേ, ഒരാളുടെ വോട്ടവകാശം വിനിയോഗിക്കുന്നതു മൂലം അയോഗ്യനായ ഒരു വ്യക്തിയുടെ തെരഞ്ഞെടുപ്പിന് കാരണമാകുന്നുവെങ്കിൽ അത് ചാവുദോഷമായി ഭവിക്കും.**

മായ ആരോഗ്യം – അതിനാവശ്യമായ സാമൂഹ്യ പശ്ചാത്തലമൊരുക്കി ഇതിലൂടെയുള്ള ദൈവരാജ്യാനുഭവം സംജാതമാക്കേണ്ടത് നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തിന്റെ ഉത്തരവാദിത്വമാണ്.

ദൈവ സ്നേഹ പ്രവൃത്തികൾ വ്യാപകമായി വിശ്ലേഷിപ്പിക്കുന്നതിനുള്ള വിശാലമായ പ്രവർത്തന മേഖലയാണ് രാഷ്ട്രീയം. ഗവണ്മെന്റിന്റെ നയപരവും നീതിയുക്തവുമായ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലുമുള്ള ക്രൈസ്തവ ഇടപെടൽ മാനവകുലത്തിന്റെ സമഗ്ര വളർച്ചയ്ക്കു വേണ്ടിയുള്ള കരുതൽ തന്നെയാണ്. എന്നാൽ വൈദികന് വൈദികപദവി ജീവനോപാധിയല്ലാത്തതുപോലെ രാഷ്ട്രീയ പ്രവർത്തനകന് രാഷ്ട്രീയം ഒരു ഉപജീവന മാർഗമല്ലെന്ന തിരിച്ചറിവ് ഈ ഇടപെടലുകൾക്ക് ദൈവകൃപ സമൃദ്ധമായി ലഭിക്കാൻ കാരണമാകും.

സിറ്റി ഓഫ് ഗോഡ് എന്ന പുസ്തകത്തിൽ വി. അഗസ്റ്റിൻ പരാമർശിക്കുന്നതുപോലെ വിശ്വാസികൾ ദൈവരാജ്യത്തിലെ പൗരന്മാരാണ്. എന്നാൽ നിത്യതയുടെ മറുവശത്ത് നാം ഈ ലോകത്തിലെ പൗരന്മാർ കൂടിയാണ്. ആയതിനാൽ രണ്ടു രാജ്യങ്ങളിലെയും നല്ല പൗരന്മാരായിരിക്കുകയെന്നത് വിശ്വാസിയുടെ പ്രഥമ കർത്തവ്യമാണ്. രാഷ്ട്രീയം സർക്കാരിനെ നിയന്ത്രിക്കുകയും സമൂഹത്തെ രൂപപ്പെടുത്തുകയും സംസ്കാരത്തെ സ്വാധീനിക്കുകയും ചെയ്യുന്നതുകൊണ്ട് അതിൽ നിന്നും വിട്ടുനിൽക്കുന്നത് ക്രൈസ്തവനെ സംബന്ധിച്ച് തിന്മയുടെ ശക്തിയെ പരിപോഷിപ്പിക്കലാണ്. എന്നാൽ ഇത്തരം പൊതു സംരംഭങ്ങളിലെ ക്രൈസ്തവ സാക്ഷ്യം സദാചാരപരവും ധാർമികവുമായ മൂല്യങ്ങളെ പരിപോഷിപ്പിക്കും.

## ധാർമിക ഭാവനയുടെ ആവശ്യകത

ധാർമിക ഭാവനെയെന്നത് പുരോഗനാത്മകമായ സങ്കാല്പികതയാണ്. പ്രത്യേക സാഹചര്യത്തിലെ ഒരു ധാർമിക പ്രശ്നത്തെ പരിഹരിക്കാനാവശ്യമായ എല്ലാ സാധ്യതകളെയും വിഭാവനം ചെയ്യുന്നതാണ് ധാർമിക ഭാവനയെന്ന് മാർക്ക് ജോൺ പറയുന്നു. ഒരേ സമയം തന്നെ ധാർമിക മൂല്യത്തോടുകൂടിയും ക്രമബദ്ധമായും നവീനവും ക്രിയാത്മകവുമായ പരിഹാര ക്രിയകൾ വിഭാവനം ചെയ്യാനുള്ള കഴിവാണിതെന്ന് പാട്രിക് മൂർഫി കൂട്ടിച്ചേർക്കുന്നു. മനുഷ്യന്റെയും ദേശത്തിന്റെയും നിലവിലെ സാമൂഹികവും സാംസ്കാരികവുമായ പരിതോപകാരമായ ജീവിതാവസ്ഥയെയും അതിന്റെ പരിണിതഫലങ്ങളെയും സംബന്ധിച്ച് ഒരു ധാർമ്മിക വേദന ഉളവാകുകയും ആ വേദനയിൽ നിന്നുള്ള ഉത്തരവാദിത്വ ബോധത്തിൽ നിന്നുമാണ് ഈ ധാർമിക ഭാവന രൂപംകൊള്ളുന്നത്. നിലവിലുള്ള രാഷ്ട്രീയ-സാമൂഹിക സംവിധാനങ്ങളിലെ നന്മയും തിന്മയും സ്വന്തം അനുഭവത്തിലൂടെയും മറ്റുള്ളവരുമായിട്ടുള്ള സഹവാസത്തിലൂടെയും മനസ്സിലാക്കി അതിന്റെ പരിണിത ഫലങ്ങൾ മുൻകൂട്ടി കണ്ട് സമൂഹത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ അത് നമ്മെ സഹായിക്കുന്നു.

പോപ്പ് പോൾ 6-ാമൻ ഇതിനോടനുബന്ധിച്ചുള്ള പരാമർശം നടത്തുന്നുണ്ട്. നിലവിലെ സാഹചര്യത്തിൽ അന്തർലീനമായിരിക്കുന്ന, അവഗണിക്കപ്പെട്ട സാധ്യതകളെ തിരിച്ചറിയുകയും വർത്തമാനകാലത്തെ അനന്ത സാധ്യതയുള്ള ഭാവിയിലേക്ക് നയിക്കാനാവശ്യമായ ചുവടുവയ്പ് നടത്തുകയും ചെയ്യുന്നത് പുരോഗമനാത്മക സാങ്കല്പിതകയുടെ അടിസ്ഥാനമാണ്. ഓരോ സ്ഥാനാർത്ഥിക്കും ഇത്തരത്തിലുള്ള ധാർമിക ഭാവന രാഷ്ട്രസേവനത്തിന് ആവശ്യമാണ്. അങ്ങനെയുള്ളവരെ വിവേചിച്ചറിയുവാനും തെരഞ്ഞെടുക്കുവാനും സാധിക്കണമെങ്കിൽ വോട്ട് രേഖപ്പെടുത്തുന്ന ഓരോ പൗരനും അതേ ധാർമികഭാവന അവശ്യം വേണ്ടതാണ്. സ്ഥാനാർത്ഥിയുടെ ധാർമിക ഭാവനകൾ (വികസന കാഴ്ചപ്പാടുകൾ) നമുക്ക് ബോധ്യമാവുകയോ, നമ്മുടെ സങ്കല്പങ്ങളുമായി ഇഴുകിച്ചേരുന്നതോ ആയ സന്ദർഭങ്ങളിൽ അത് പ്രോത്സാഹിപ്പിക്കേണ്ടത് ക്രൈസ്തവ ധർമ്മം തന്നെയാണ്. ധാർമിക ഭാവനയുടെ അഭാവത്തിൽ അസന്നിഗ്ധതയുടെ ലോകത്തിൽ നാം നട്ടം തിരിയുകയും മനുഷ്യപുരോഗതിയെ അധോഗതിയിലാക്കുന്ന ഒരു സംവിധാനത്തിന് കൂട്ടുനിൽക്കുകയും ചെയ്യും. ആയതിനാൽ നമ്മുടെ വിലയേറിയ ഓരോ വോട്ടും ധാർമ്മിക ഭാവനയുടെ അടിസ്ഥാനത്തിലാണോയെന്ന് വിചിന്തനം ഈ ഘട്ടത്തിൽ അനിവാര്യമായിരിക്കുന്നു.




## വോട്ട് രേഖപ്പെടുത്തൽ

നാം വോട്ടുരേഖപ്പെടുത്തുന്നത് പൊതുനന്മയെ ലക്ഷ്യംവച്ചാണെങ്കിൽ സ്ഥാനാർത്ഥിയുടെ യോഗ്യത നിശ്ചയിക്കേണ്ടത് നീതിയുക്തമായ സാമൂഹ്യക്രമത്തെ പരിപോഷിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ ധാർമ്മിക ഭാവനയുടെ അടിസ്ഥാനത്തിലായിരിക്കണം. ഉദാഹരണമായി നമ്മുടെ രാജ്യത്ത് കഴിഞ്ഞ കുറേ വർഷങ്ങളായി നടമാടിക്കൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും

ധ്വംസനം, തൊഴിൽ പ്രശ്ന പരിഹാരശ്രമങ്ങൾ, അഴിമതി-ദാരിദ്ര്യ നിർമാർജ്ജനം, ഇതര പാർട്ടി സഹിഷ്ണുത, അടിസ്ഥാന വർഗങ്ങളോടുള്ള വികസന സമീപനം, രാജ്യസുരക്ഷ, നിഷ്പക്ഷവും ശാസ്ത്രീയവുമായ വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങി നിരവധി വിഷയങ്ങളിൽ നമ്മുടെ സ്ഥാനാർത്ഥിയുടെ ധാർമിക സങ്കല്പങ്ങൾ എത്രമാത്രം യോജിച്ചുപോകുന്നുവെന്ന് വിലയിരുത്തപ്പെടണം. വിശ്വാസി എന്ന നിലയിലുള്ള എന്റെ വോട്ടവകാശ വിനിയോഗം എന്റെ സഹോദരിസഹോദരന്മാരടങ്ങുന്ന എന്റെ രാഷ്ട്രത്തിന്റെ സമഗ്ര വളർച്ചയ്ക്കുവേണ്ടിയുള്ള എന്ന സമീപനങ്ങളുടെ ആകെത്തുകയാണ്. ഈ അവസരത്തിൽ 1998 ലെ കാത്തലിക് ബിഷപ്പ്സിന്റെ നാഷണൽ കോൺഫറൻസിലെ പരാമർശം ശ്രദ്ധേയമാണ്; നാം അർഹിക്കുന്ന രാഷ്ട്രീയ അധികാരികളെ നമുക്ക് ലഭിക്കൂ. അവരുടെ ഗുണമോ അല്ലെങ്കിൽ അതിന്റെ അഭാവമോ അവരുടെ മേൽമാത്രമുള്ള വിധി നിർണയമല്ല, മറിച്ച് നമ്മുടെ മേലുള്ള വിധിനിർണയം കൂടി തന്നെയാണ്. അക്കാരണത്താൽ, കക്ഷിരാഷ്ട്രീയത്തേക്കാളധികമായി അവരുടെ രാഷ്ട്രീയ പ്രചരണാശയങ്ങളെ വിമർശനാത്മകമായി സമീപിക്കുവാനും, തത്വാധിഷ്ഠിത സമവാക്യങ്ങൾക്കനുസൃതമായി നേതാക്കന്മാരെ തെരഞ്ഞെടുക്കുവാനും സഹപൗരന്മാരെ പ്രോത്സാഹിപ്പിക്കേണ്ടത് ക്രൈസ്തവ ധർമ്മമാണ്.

ഈ നിലപാടുകളുടെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുമ്പോൾ ധാർമിക ദൈവശാസ്ത്രജ്ഞനായ കപ്പുച്ചിൻ ഫാ. ഹെറിബർട്ട് ജോണിന്റെ പരാമർശങ്ങൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നുണ്ട്. യോഗ്യനായ ഒരു സ്ഥാനാർത്ഥിക്കെതിരായി അയോഗ്യനായ ഒരു എതിരാളിയെ തെരഞ്ഞെടുക്കുന്നത് ക്ഷമിക്കപ്പെടാവുന്ന പാപമായിരിക്കാം. പക്ഷേ, ഒരാളുടെ വോട്ടവകാശം വിനിയോഗിക്കുന്നതുമൂലം അയോഗ്യനായ ഒരു വ്യക്തിയുടെ തെരഞ്ഞെടുപ്പിന് കാരണമാകുന്നുവെങ്കിൽ അത് ചാവുദോഷമായി ഭവിക്കും. ഈ നിരീക്ഷണം മുമ്പോട്ട് വയ്ക്കുന്ന ചില അനുമാനങ്ങൾ: 1) എല്ലാ സ്ഥാനാർത്ഥികളും യോഗ്യനാണെങ്കിൽ വോട്ട് ചെയ്യാതിരിക്കുന്നത് പാപമല്ല. 2) അയോഗ്യനായ സ്ഥാനാർത്ഥിക്കെതിരെ നല്ല സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുന്നത് നമ്മുടെ കടമയാണ്. 3) നാം വോട്ട് ചെയ്യാതിരിക്കുന്നത് അയോഗ്യനായ ഒരു സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പിന് വഴിതെളിക്കുമെന്ന് നാം മുൻമൂട്ടി കാണുകയും, ആ സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുന്നത് തടയാനായി നാം വോട്ട് ചെയ്യുന്നില്ലെങ്കിൽ അത് ചാവുദോഷമാകും. ഈ പരാമർശങ്ങൾ വോട്ടവകാശവിനിയോഗത്തിലെ പാപപുണ്യങ്ങളെ അവലോകനം ചെയ്യുന്നതിനേക്കാളധികമായി നാം ഉൾക്കൊള്ളുന്ന ഈ രാഷ്ട്രത്തിന്റെ സമഗ്രവളർച്ചയെ സംബന്ധിച്ച നിർണായകമായ നമ്മുടെ ഇടപെടലുകൾ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള പരാമർശങ്ങളായിക്കണ്ടാലും തെറ്റില്ല.

പൊതുനന്മയ്ക്കുപകരമായി, വിഭാഗീയ ചിന്തകൾക്കും, കക്ഷി രാഷ്ട്രീയത്തിനും, മൗതമൗലികതയ്ക്കും മനുഷ്യന്റെ മൗലികാവകാശ ധ്വംസനത്തിനും കൂട്ടുനിൽക്കുന്നവർ സ്വാഭാവികമായും സ്ഥാനാർത്ഥി യോഗ്യതാ പട്ടികയിൽ നിന്നും അകറ്റി നിർത്തപ്പെടേണ്ടവർ തന്നെ. എന്നാൽ സ്ഥാനാർത്ഥികൾ എല്ലാവരും തന്നെ നമ്മുടെ പൊതുനന്മയെ സംബന്ധിച്ച ധാരണകൾക്ക് വിപരീതമായോ, നമ്മുടെ തന്നെ ധാർമ്മിക ഭാവനകൾക്ക് വിപരീതമായോ നിലപാടുള്ളവരാണെങ്കിൽ വലിയ തിന്മയെ ഒഴിവാക്കാനായി ചെറിയ തിന്മയുള്ളവരെ തെരഞ്ഞെടുക്കേണ്ടിവരും. ഈ സാഹചര്യത്തിൽപ്പോലും വോട്ട് രേഖപ്പെടുത്താതിരിക്കുന്നത് വലിയ തിന്മയെ പ്രോത്സാഹിപ്പിക്കാൻ കാരണമായിക്കൂടാ.

ചുരുക്കത്തിൽ, എന്റെ ഒരു വോട്ട് കൊണ്ട് എന്താകാനാണ് എന്ന ചിന്ത വളരെ ബാലിശമാണ്. വോട്ടവകാശവിനിയോഗം എന്ന ചെറിയ പരിശ്രമം ഞാനുൾക്കൊള്ളുന്ന സമൂഹത്തിനും ദേശത്തിനും ആവശ്യമായ പൊതുനന്മയെ പോഷിപ്പിക്കാനുള്ള നിർണായകമായ സംഭാവനയാണെന്ന തിരിച്ചറിവ് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ അത് എങ്ങനെ വിനിയോഗം ചെയ്യുന്നുവെന്നതും നിർണായകമാണ്. നീതിയിലും കാരുണ്യത്തിലും അധിഷ്ഠിതമായ സാമൂഹ്യ വളർച്ചയ്ക്കുള്ള ഒരു മുതൽക്കൂട്ടായി വോട്ടവകാശ വിനിയോഗം മാറണമെങ്കിൽ ധാർമ്മിക ഭാവനയെസംബന്ധിച്ച പരാമർശങ്ങൾ എന്നും കൂട്ടിനുണ്ടാകണം. കാരണം രാഷ്ട്രീയം എന്നത് മതപരവും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സുസ്ഥിതി ഉറപ്പുവരുത്താനുള്ള വിശാലമായ പ്രവർത്തനമേഖലയാണ്. ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന സഭയെയും, രാഷ്ട്രത്തെയും കെട്ടിപ്പടുക്കുവാനുള്ള മിഷൻ പ്രവർത്തനത്തിന്റെ മേഖലയാണ് രാഷ്ട്രീയം. അതിലേക്കുള്ള ചെറുതും എന്നാൽ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായ ഇടപെടലാണ് എന്റെ വോട്ടവകാശ വിനിയോഗം. ■






# കൈയെത്തും ദൂരത്ത് സിവിൽ സർവ്വീസ്

വിദ്യാഭ്യാസം എന്നത് അറിവ് സമ്പാദിക്കാൻ മാത്രമല്ല ഉപജീവനത്തിനുള്ള വഴി കൂടിയാണ്. മികവുള്ള വിദ്യാഭ്യാസത്തിനേ മികവുറ്റ തൊഴിൽ നേടിത്തരാനാകൂ. ലോകം ആഗോള സമൂഹമാകുന്നതനുസരിച്ച് വിദ്യാഭ്യാസ തൊഴിൽ മേഖലയിലെ വൈവിധ്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുകയാണ്. വൈവിധ്യമാർന്ന കോഴ്സുകളും അവയ്ക്കനുയോജ്യമായ തൊഴിലുകളും ലോകമെങ്ങും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയിൽ നമുക്ക് യോജിച്ചത് ഏതെന്ന് കണ്ടെത്തുക ദുഷ്കരമാണ്. അഭിരുചിക്ക് അനുസരിച്ച് പഠനവിഷയം തിരഞ്ഞെടുക്കാനായാൽ വിദ്യാഭ്യാസത്തിന്റെ ആദ്യകടമ്പ കഴിഞ്ഞു. അത് ശ്രദ്ധയോടെ പഠിച്ച് ഉയർന്ന മാർക്കിൽ ജയിക്കുമ്പോൾ പകുതിദൂരം പിന്നിടും. പഠിച്ചതനുസരിച്ചുള്ള ജോലി നേടിയെടുക്കുകയാണ് പിന്നിടുള്ള ദൗത്യം. അതുകൂടി കഴിഞ്ഞാലേ ലക്ഷ്യത്തിലെത്തിയെന്ന് പറയാനാകൂ ഈ പ്രയത്നം ഒരു തുടർ പ്രക്രിയയാണ്. അത് പൂർണ്ണമായി വിലയിരുത്തി ദീർഘവീക്ഷണത്തോടെ തീരുമാനമെടുക്കാൻ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും കഴിയണം.

## നമുക്ക് സിവിൽ മേഖല പരിചയപ്പെടാം

മത്സരപരീക്ഷകളിലെ ബാലികേറാമലയായി സിവിൽ സർവ്വീസ് പരീക്ഷയെ കരുതുന്ന കാലം മാറി. പി. എസ്.സി പരീക്ഷകളോട് മാത്രം കമ്പം കാണിച്ചിരുന്ന കേരളത്തിലെ ഉദ്യോഗാർത്ഥികൾ സിവിൽ സർവീസിലേക്ക് കാര്യമായി തിരിഞ്ഞതും ശ്രദ്ധേയമാണ്. ശരിയായ പ്രയത്നത്തിലൂടെ വിജയത്തിന്റെ വഴി തിരിച്ചറിഞ്ഞതാണ് സിവിൽ സർവീസ് എന്ന സ്വപ്നനേട്ടത്തിലേക്കുള്ള ദൂരം കൈയരികിലായത്.

1000 ത്തോളം ഒഴിവുകളിലാണ് ഓരോ വർഷവും ഈ പരീക്ഷയിലൂടെ നിയമനം നടത്തുന്നത്. 23 സിവിൽ തൊഴിൽ മേഖലകളിലാണുള്ളത്.

യു.പി.എസ്.സിയാണ് ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ഈ മത്സരപരീക്ഷയുടെ നടത്തിപ്പുകാർ. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനാണ്. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത ബിരുദമുള്ളവർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം.

21 വയസ്സാണ് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി. പൊതുവിഭാഗകാർക്ക് 32 വയസ്സും ഒ.ബി.സി ക്കാർക്ക് 35 വയസ്സ് വരെ അപേക്ഷിക്കാം.

മറ്റ് പരീക്ഷകളിൽ നിന്ന് വ്യത്യസ്തമായി ഒരു നിശ്ചിത തവണ മാത്രമേ സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ കഴിയൂ. ജനറൽ വിഭാഗത്തിന് 6 തവണ, ഒ.ബി.സിക്ക് ഒമ്പത് തവണയും പരീക്ഷഎഴുതാം. എന്നാൽ എസ്.സി.എസ്.ടി ക്കാർക്ക് എത്ര തവണ വേണമെങ്കിലും പരീക്ഷ എഴുതാനും തടസമില്ല.

സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് രണ്ട് ഘട്ടങ്ങളാണുള്ളത്. പ്രിലിമിനറിയും മെയിനും പ്രിലിമിനറി പരീക്ഷ മെയിൻ പരീക്ഷയ്ക്കുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ളതാണ്. ഇതിന്റെ മാർക്ക് റാങ്കിങ്ങിന് പരിഗണിക്കില്ല. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും അടങ്ങുന്നതാണ് മെയിൻ പരീക്ഷ. ഇതിന്റെ മാർക്കിനനുസരിച്ചാണ് അന്തിമ പട്ടിക തയ്യാറാക്കുന്നത്.

പ്രിലിമിനറി പരീക്ഷയുടെ മാർക്ക് അന്തിമ റാങ്കിന് പരിഗണിക്കില്ലെങ്കിലും ഈ പരീക്ഷ ജയിച്ചാൽ മാത്രമേ മെയിൻ പരീക്ഷ എഴുതാൻ അനുവദിക്കൂ. സിവിൽ സർവീസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് എന്നാണ് ഈ പരീക്ഷ ഔദ്യോഗകമായി അറിയപ്പെടുന്നത്. ഒബ്ജക്ടീവ് രീതിയിലുള്ള രണ്ട് പേപ്പറാണ് പ്രിലിമിനറി പരീക്ഷയ്ക്കുള്ളത്. ഓരോ പേപ്പറിലും 200 മാർക്കിനുള്ള മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും.

പേപ്പർ – ദേശീയവും അന്തർദേശീയവുമായി പ്രാധാന്യമുള്ള സമകാലിക സംഭവങ്ങൾ.

ഇന്ത്യചരിത്രം, ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം.

സാമ്പത്തികവും, സാമൂഹികവുമായ സുസ്ഥിരവികസനം, ദാരിദ്ര്യം, ജനസംഖ്യ, സാമൂഹികരംഗത്തെ പദ്ധതികൾ.

പരിസ്ഥിതി, ജനറൽ സയൻസ്, ആശയവിനിമയപാടവം, അടിസ്ഥാന ഗണിതം, ഇംഗ്ലീഷ് ലാംഗ്വേജ് എന്നിവ പ്രിലിമിനറി സിലബസിൽ ഉൾപ്പെടുന്നു. എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും ചേർന്നതാണ് മെയിൻപരീക്ഷ.

മെയിൻ എഴുത്ത് പരീക്ഷ ജയിക്കുന്നവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. 3000 പേരെ തെരഞ്ഞെടുക്കുന്നതിൽ നിന്നും 1000 പേരെയാണ് അന്തിമമായ തിരഞ്ഞെടുക്കുന്നത്. വ്യക്തിത്വം വിലയിരുത്തുന്ന ഇന്റർവ്യൂവിന് 275 മാർക്കുണ്ടാവും. എഴുത്തു പരീക്ഷയുടെ മാർക്കിനൊപ്പം ഇതിന്റെ മാർക്കു കൂടി ചേർന്നാണ് അന്തിമഫലം തയ്യാറാക്കുന്നത്.

സിവിൽ സർവീസ് പരീക്ഷ ജയിക്കാൻ കുറുക്കുവഴികളില്ല. പരന്ന വായനവും, പൊതു വിഷയങ്ങളിലെ ആഴത്തിലുള്ള അറിവുമാണ് പരീക്ഷയിൽ വിലയിരുത്തപ്പെടുന്നത്.

സിവിൽ സർവീസ് അക്കാദമി, കേരളത്തിൽ നിന്ന് സിവിൽ സർവീസ് പരീക്ഷ എഴുതുന്നവർക്ക് തിരുവനന്തപുരം ആസ്ഥാനമാക്കുള്ള സിവിൽ സർവീസ് അക്കാദമി മികച്ച പരിശീലനം നൽകുന്നുണ്ട്. ■


അന്തർദേശീയ തീർത്ഥാടന കേന്ദ്രമായ
മലയാറ്റൂർ - കുരിശുമുടിയിലെ
പുതുഞ്ഞായർ തിരുന്നാൾ - 2019
വിശുദ്ധവാര
തിരുകർമ്മങ്ങൾ
ഏപ്രിൽ 14, 18, 19, 20, 21
പുതുഞ്ഞായർ തിരുന്നാൾ
ഏപ്രിൽ 25, 26, 27, 28
എട്ടാമിടം
മെയ് 3, 4, 5
MY LORD AND MY GOD
38-ാമത് മലയാറ്റൂർ ബൈബിൾ കൺവെൻഷൻ
ഏപ്രിൽ 4, 5, 6, 7 തീയതികളിൽ
വൈകിട്ട് 5 മുതൽ രാത്രി 9.30 വരെ.
നേതൃത്വം : ഫാ. ജോസ് ഉപ്പാണി & ടീം
ഫാ. വർഗീസ് മണവാളൻ (വികാരി)
St. Thomas Church. Malayattoor - 683587
Phone : 0484-2468868

അഗസ്റ്റിൻ കണിപ്പിള്ളി











# കത്തോലിക്കാ സഭ സമദൂരത്തിൽ തന്നെ

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയെ ചൂടുപിടിപ്പിച്ചിരിക്കുന്നു. ഇന്ത്യയുടെ അടുത്ത അഞ്ചുവർഷത്തേക്കുള്ള ഭരണാധികാരികളെ കണ്ടെത്താനുള്ള പൗരാവകാശത്തിന്റെയും ജനാധിപത്യബോധത്തിന്റേതുമായ അഗ്നിപരീക്ഷയാണ് ഈ രാഷ്ട്രീയ ചൂടിനാധാരം. ഏപ്രിൽ 11 മുതൽ ഏഴു ഘട്ടങ്ങളിലായി നടക്കുന്ന വോട്ടെടുപ്പിന്റെ ഫലം മെയ് 23 ന് അറിവാകുന്നതോടെ ഇന്ത്യ ആരുഭരിക്കുമെന്ന കാര്യത്തിൽ ഏറെക്കുറെ തീരുമാനമാകും. നരേന്ദ്ര മോദി നേതൃത്വം നൽകുന്ന എൻഡിഎയും രാഹുൽഗാന്ധി നേതൃത്വം നൽകുന്ന യുപിഎയും തമ്മിലാണ് പ്രധാനമത്സരം. പിന്നെ സംസ്ഥാനതലത്തിൽ രൂപംകൊണ്ട കുറുമുന്നണികളും മത്സരരംഗത്തുണ്ട്.

29 സംസ്ഥാനങ്ങളിലും ഏഴ് കേന്ദ്രഭരണ പ്രദേശങ്ങളിലുമടക്കം 543 മണ്ഡലങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ രാജ്യസുരക്ഷ, കർഷകദുരിതം സാമ്പത്തിക പ്രതിസന്ധി, തൊഴിലില്ലായ്മ, അഴിമതി തുടങ്ങി ദേശീയ പ്രാധാന്യമുള്ള വിഷയങ്ങൾ ഏറെയുണ്ട് ഇത്തവണ ചർച്ചചെയ്യപ്പെടാൻ. 18 നും 19നുമിടയിൽ പ്രായമുള്ള 1.5 കോടി വോട്ടർമാരുൾപ്പെടെ ആദ്യമായി വോട്ടുചെയ്യുന്ന 8.43 കോടി യുവജനങ്ങളാണ് ഇത്തവണ ഭാരതത്തിന്റെ ഭാവി നിർണയിക്കുന്നത്.

നാമിത് പറയുന്ന സമയം വരെ തെരഞ്ഞെടുപ്പ് ചിത്രം വ്യക്തമായിട്ടില്ല. സ്ഥാനാർത്ഥി നിർണയത്തിലുടക്കി മുന്നണികളും രാഷ്ട്രീയ കക്ഷികളും ഉഴലുന്നതിനാൽ വിഷയാധിഷ്ഠിത പ്രചരണത്തിന് ഇനിയും കഴിഞ്ഞിട്ടില്ലെന്നുവേണം പറയാൻ.

അതേസമയം തങ്ങളുടെ രാഷ്ട്രീയ നിലപാടുകളും അഭിപ്രായങ്ങളുമായി ചെറുകിട രാഷ്ട്രീയകക്ഷികളും സഭകളും സമുദായങ്ങളും രംഗത്തുവന്നുതുടങ്ങി. അക്കാര്യത്തിൽ കെആർഎൽസിസിയും കെസിബിസിയുമാണ് ആദ്യം തങ്ങളുടെ നിലപാട് വ്യക്തമാക്കിയത്. 17-ാം ലോക്സഭാ തെ

രഞ്ഞെടുപ്പിൽ സമദൂരമായിരിക്കും ലത്തീൻസമുദായത്തിന്റെ നിലപാടെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ കെആർഎൽസിസി ജനറൽ അസംബ്ലി വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രത്തിന്റെ ജനാധിപത്യ മതേതരത്വ നിലപാടിനോട് കടുകിടവിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് കെസിബിസിയുടേത്. ആയതിന് അനുയോജ്യമാംവിധം തങ്ങളുടെ മനസ്സാക്ഷിക്കനുസൃതമായി വോട്ടുചെയ്യാനുള്ള ആഹ്വാനമാണ് കെസിബിസി വിശ്വാസികൾക്ക് നൽകിയിരിക്കുന്നത്. ചുരുക്കത്തിൽ ജനാധിപത്യ ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഭരണഘടനയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണെന്ന് തെരഞ്ഞെടുപ്പ് സംബന്ധിച്ച് വിശ്വാസികൾക്കായി കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. മാത്രവുമല്ല, ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണെന്നും അദ്ദേഹം അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുന്നുണ്ട്.

കത്തോലിക്കാ സഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവുമുൾപ്പെടെ ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതോടൊപ്പം രാജ്യത്ത് സമഗ്രപുരോഗതി ഉറപ്പുവരുത്താൻ കഴിവുള്ള ജനപ്രതിനിധികളെ തെരഞ്ഞെടുക്കാൻ കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരുരാജ്യവും ഒറ്റജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കുവഹിക്കുന്നു. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യസംവിധാനം തന്നെയാണ്.

എല്ലാ പൗരന്മാർക്കും തുല്യ അന്തസ്സും പൗരാവകാശവും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം എന്നിവ ഓരോ പൗരന്റെയും ഉത്തരവാദിത്വ നിർവഹണത്തിന് ഇന്ത്യൻ ഭരണഘടന നൽകുന്ന അവകാശമാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്താതെ കർത്തവ്യബോധവും ഉത്തരവാദിത്വത്തവും രാജ്യസ്നേഹവുമുള്ള ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ ഓരോ പൗരനും വിവേകപൂർവമായ കടമയുണ്ട്.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നുവെന്നത് ഓരോ ഇന്ത്യൻ പൗരനും അഭിമാനകരമാണ്. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന ഒരു രാഷ്ട്രീയ നിലപാടുകളും ഒരുകാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണ് വഹിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും മനസാക്ഷിക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോട് പ്രത്യേകമമതയും ഏതെങ്കിലും ഒരു മതത്തിനെതിരെ വിവേചനവും പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ-ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരികധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിർത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

ഭാരതപൗരനെന്ന നിലയിൽ ഒരു വ്യക്തിക്ക് കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. പാശ്ചാത്യരാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹ്യ ജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബങ്ങളുടെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിന് ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണ ശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാ മൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്. പൗരസമൂഹങ്ങൾ തമ്മിൽ പരസ്പരബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വങ്ങൾക്കുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നു. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാ രൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയും നിലനിൽപ്പിനെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന ഒരു ഭരണനേതൃത്വമാണ് നമുക്കാവശ്യം. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ കഴിവുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തെ തെരഞ്ഞെടുക്കാൻ നമുക്ക് ചുമതലയുണ്ടെന്ന മുന്നറിയിപ്പോടെയാണ് കെസിബിസി പ്രസിഡന്റ് ഏപ്രിൽ 7 ന് കേരളത്തിലെ മുഴുവൻ കത്തോലിക്കാ ദേവാലയങ്ങളിലും വായിക്കുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ അവസാനിപ്പിക്കുന്നത്. ■

# വാർത്തകൾ

## അഭിനന്ദനങ്ങൾ



*കെസി ബിസി പ്രോ ലൈഫ് തിരുവനന്തപുരം മേഖലാ സമിതി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആന്റണി പത്രോസ് തിരുവനന്തപുരം.*

## കോവളം ക്രിസ്തുരാജ ഇടവകയിലും കരുണാമയൻ പെൻഷൻ പദ്ധതി


**തിരുവനന്തപുരം:** ലത്തീൻ അതിരൂപത കുടുംബ പ്രേഷിത ശുശ്രൂഷയുടെ കരുണാമയൻ പെൻഷൻ പദ്ധതി കോവളം ക്രിസ്തുരാജ ഇടവകയിലും നടപ്പിലാക്കുന്നു. ഇതിന്റെ ആദ്യഘട്ടം ഇടവകയിലെ നിർധനരും അവശരുമായ എട്ട് വിധവകൾക്ക് മാസംതോറും 1000 രൂപവീതം നൽകി പദ്ധതിക്ക് തുടക്കംകുറിച്ചു. കോവളം ക്രിസ്തുരാജ ഇടവകയിൽ അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ് ഡോ. സൂസപാക്യം നടത്തിയ ഇടവക സന്ദർശനത്തോടനുബന്ധിച്ചാണ് കരുണാമയൻ കാരുണ്യ പെൻഷൻ പദ്ധതിക്ക് തുടക്കമായത്. ഇടവക കുടുംബ ശുശ്രൂഷാ സമിതി നേതൃത്വം നൽകുന്ന ഈ പദ്ധതി അതിരൂപതാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു.

# ഇവർക്കുമുന്നിൽ

തിരുവനന്തപുരം: ഒരു ഭവനം സമ്മാനമായി കിട്ടിയതിന്റെ ചാരിതാർഥ്യത്തിലാണ് പുല്ലുവിളക്കാരായ മിനിയും ഭർത്താവ് റിച്ചൻസിയും. ഈ ഭവനം ഇന്നവർക്ക് സ്വർഗസമാനമാണ്. ഉടുതുണിക്ക് മറുതുണിയില്ലാതെ ബധിരരും മൂകരുമായ രണ്ടുപേരടക്കം മൂന്നു പിഞ്ചുകുഞ്ഞുങ്ങളെ മാറോടടുക്കിപ്പിടിച്ച് കുടുംബത്തിന്റെ അത്താണിയും രോഗിയുമായ ഭർത്താവ് റിച്ചൻസിയെയും ശുശ്രൂഷിച്ച് ഒന്നൊന്നര വർഷക്കാലം ആശുപത്രി വരാന്തയിൽ കഴിച്ചുകൂട്ടിയവർ. മിനിക്കും കുടുംബത്തിനും ഒരു വീടിന്റെ വിലയും മഹത്വവും മറ്റാരേക്കാളും കുടുതലായി അറിയാം. അസാധ്യമെന്ന് കരുതിയിരുന്ന സ്വപ്നം സാധ്യമായതിന്റെ സന്തോഷത്തിൽ ദുരന്തങ്ങളുടെ പെരുമഴക്കാലത്ത് കുടുംബം കരുപ്പിടുപ്പിക്കാനുള്ള ശ്രമത്തിലാണ് മിനി ഇന്ന്.

തിരുവനന്തപുരം അതിരൂപതയിലെ കടലോരപ്രദേശമായ പുല്ലുവിള ഗ്രാമത്തിലെ ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച മിനിയുടെ ജീവിതത്തിൽ ദുരന്തം കടന്നുവന്നത് മദ്യത്തിന്റെ രൂപത്തിലാണ്. തികഞ്ഞ മദ്യപാനിയായ അച്ഛനും അംഗവൈകല്യം മൂലം ജീവിതം മുരടിച്ച ചേച്ചിയും അടങ്ങുന്ന കുടുംബത്തിൽ മിനിക്ക് എന്നും പട്ടിണിയായിരുന്നു. പറക്കമുറ്റാത്ത മക്കളെ തനിച്ചാക്കി അമ്മ വീടുവീടാന്തരം കയറിയിറങ്ങി മീൻ വിറ്റാണ് വീട്ടിലെ പട്ടിണി അകറ്റിയിരുന്നത്. എങ്ങനെയെങ്കിലും തന്റെ കുടുംബത്തിൽ നിന്നും ഒരുവളെങ്കിലും രക്ഷപെടട്ടെയെന്ന് കരുതിയാണ് മിനിയെ അമ്മ പുല്ലുവിള ഗ്രാമത്തിലെ തന്നെ മത്സ്യത്തൊഴിലാളിയായ റിച്ചൻസിയ്ക്ക് കൈപിടിച്ചുകൊടുത്തത്. സന്തോഷകരമായ ആ ദാമ്പത്ത്യബന്ധത്തിൽ ദുരന്തത്തിന് കടന്നുവരാൻ അഞ്ചുവർഷത്തെ കാലതാമസമേയുണ്ടായിരുന്നുള്ളൂ. ഇതിനിടെ മിനി മൂന്നുമക്കളുടെ അമ്മയായി. അതിൽ രണ്ടുപേർ ബധിരരും മൂകരും. കൂലിവേലയിൽ നിന്നും റിച്ചൻസിക്ക് ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ വരുമാനമായിരുന്നു ആ കുടുംബത്തിന്റെ ഏക ആശ്രയം. സ്വന്തമായി ഒരു തുണ്ടുഭൂമിപോലുമില്ലാത്ത അവർ വൃദ്ധയായ അമ്മയുടെ കൂടെയായിരുന്നു താമസം. ഭിന്നശേഷിക്കാരായ മക്കളുടെ വിദ്യാഭ്യാസത്തിന് മാർഗമില്ലാതെ വലയുമ്പോഴാണ് രണ്ടാമത്തെ മകൾ റിജിക്ക് മഞ്ഞപ്പിത്തം പിടിപെടുന്നത്. കുട്ടികളുടെ ചികിത്സയും വീട്ടിലെ ദാരിദ്ര്യവും മിനിയെ വല്ലാതെ കടന്നാക്രമിച്ചിരുന്ന സമയത്താണ് കടൽപ്പണിക്കുപോയ റിച്ചൻസിക്കുണ്ടാ

## ആദരാഞ്ജലികൾ




**റവ. ഫാ. ജസ്റ്റിൻ അലക്സ്**
ജനനം : 18.07.1950
മരണം : 13.03.2019



**റവ. ഡോ. ഏലയാസ് ഡി.**
ജനനം : 19.04.1935
മരണം : 27.03.2019

# ദുരന്തങ്ങൾ മുട്ടുമടക്കുന്നു



*ഭവനം ഒരു സമ്മാന പദ്ധതിയിലൂടെ വീടുലഭിച്ച മിനിയും കുടുംബവും. ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജിനൊപ്പം.*

യ ദുരന്തം മിനിയെ തളർത്തിക്കളഞ്ഞത്. മത്സ്യബന്ധനം കഴിഞ്ഞ് കരയിലേക്കടുപ്പിച്ച വള്ളം കൂറ്റൻ തിരമാലയിൽപ്പെട്ട് വീശിയടിച്ച് റിച്ചൻസിയുടെ ഒരു കാൽ പൂർണമായും തകർന്നു. 2017 ലെ ആ കറുത്തദിനം മുതൽ ഇതുവരെ രണ്ടുകൊല്ലത്തോളം മിനിയും കുടുംബവും ആശുപത്രി വരാന്തയിലാണ് ജീവിതം തള്ളിനീക്കിയത്. ഇതിനിടെ റിച്ചൻസിയുടെ കാലിലെ അണുബാധ രൂക്ഷമായതിനെ തുടർന്ന് കാലുമുറിച്ചുമാറ്റാനുള്ള ഡോക്ടർമാരുടെ തീരുമാനവും മിനിയുടെ ജീവിതത്തെ വല്ലാതെ ഉലച്ചുകളഞ്ഞു. എന്തായാലും മിനിയുടെ നിരന്തരമായ നിലവിളിക്ക് ഡോക്ടർമാർ കാതുകൊടുത്തു. കാൽ മുറിച്ചുമാറ്റിയില്ല. ശരീരത്തിൽ നിന്നും മുറിച്ചെടുത്ത മാംസ കഷണങ്ങൾ കാലിൽ വച്ചുപിടിപ്പിക്കാൻ നാലുപ്രാവശ്യം പ്ലാസ്റ്റിക് സർജറി നടത്തി. ആറു മാസത്തോളം മെഡിക്കൽ കോളേജ് ആശുപത്രിയുടെയും ശേഷിച്ചകാലം നെയ്യാറ്റിൻകര, പുല്ലുവിള ആശുപത്രികളുടെയും വരാന്തകളിൽ കഴിച്ചുകൂട്ടുമ്പോഴാണ് ദൈവദൂതനെപ്പോലൊരാൾ മിനിക്കുമുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. മിനിയുടെയും കുടുംബത്തിന്റെയും കദനകഥ ആ നല്ല മനുഷ്യൻ റ്റിഎസ്എസ്എസിനെയും തണൽ എന്ന സംഘടനയെയും അറിയിച്ചു. ഈ സംഘടനകൾ മിനിയുടെ ജീവിതത്തിൽ ഇടപെടുകയും അവരെ കൈപിടിച്ച് നടത്താൻ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

പുല്ലുവിളയിൽ മൂന്നുസെന്റ് സ്ഥലം സംഭാവന നൽകാൻ ഹൃദയാലുവായ ഒരു മനുഷ്യൻ തയ്യാറായപ്പോൾ അവിടെ ഭവനം നിർമിച്ചുനൽകാൻ പുല്ലുവിളയിലെ ഗ്രേഷ്യസ്സാർ സന്മനസ്സുകാട്ടി. മാത്രവുമല്ല, ആ ഭവനത്തിനാവശ്യമായ ഫർണിച്ചറുകളും വീട്ടുപകരണങ്ങളും സംഭാവന നൽകാനും സുമനസ്സുകൾ മുന്നോട്ടുവന്നു. എസ്.എ.എഫ്.പി മിനിയുടെ കുടുംബത്തെ ദത്തെടുത്തു. ടി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ മിനിയും കുടുംബവും ഇന്ന് സംതൃപ്തരാണ്. ടിഎസ്എസ്എസിന്റെ ഭവനം ഒരു സമ്മാനം പദ്ധതിയനുസരിച്ച് പണി പൂർത്തിയാക്കിയ ഭവനത്തിന്റെ ആശീർവാദം ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് പുല്ലുവിള ഇടവക വികാരി ഫാ. ജോർജ്ജ് ഗോമസ് എന്നിവർ ചേർന്ന് ആശീർവദിച്ച് കൈമാറിയപ്പോൾ ഒരു കുടുംബത്തെക്കൂടി സംരക്ഷിക്കാൻ കഴിഞ്ഞതിലെ കൃതാർത്ഥതയായിരുന്നു പുല്ലുവിള ഇടവകയ്ക്കും ഭവനം ഒരുക്കാൻ കൂടെക്കൂടിയ യുവജനങ്ങൾക്കും.


**തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ**
**കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി**

"A helping hand here at home & around the world."
LENNY PETERS
foundation






## തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരണനീക്കം ഉപേക്ഷിക്കണം: ലത്തീൻ അതിരൂപത രാഷ്ട്രീയകാര്യസമിതി

**തിരുവനന്തപുരം:** തിരുവനന്തപുരം വിമാനത്താവളം ഉൾപ്പെടെ രാജ്യത്തെ സുപ്രധാന വിമാനത്താവളങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവ്യക്തികൾക്ക് കൈമാറാനുള്ള കേന്ദ്രസർക്കാർ തീരുമാനം ഉപേക്ഷിക്കണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത രാഷ്ട്രീയ സമിതി യോഗം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. വിമാനത്താവളങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയ്ക്കായി കിടപ്പാടവും ആരാധനാലയങ്ങളും ഉൾപ്പെടെ സർവവും വിട്ടുകൊടുത്ത സാധാരണക്കാരായ ജനങ്ങളോടുള്ള വഞ്ചനയാണ് സ്വകാര്യവൽക്കരണത്തിലൂടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്നതെന്നും തിരുവനന്തപുരം വിമാനത്താവളത്തെ ആശ്രയിച്ചുകഴിയുന്ന തീരദേശത്തെ ലത്തീൻ കത്തോലിക്കരായ ഒട്ടേറെ കുടുംബങ്ങളുടെ തൊഴിലും കിടപ്പാടവും നഷ്ടപ്പെടാൻ വിമാനത്താവള സ്വകാര്യവൽക്കരണം കാരണമാകുമെന്നും അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി.

സ്വകാര്യവ്യക്തി താല്പര്യസംരക്ഷണത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന നീക്കത്തെ കേരള ജനത പ്രത്യേകിച്ച് തിരുവനന്തപുരത്തെ തീരദേശ ജനത ഏറെ ഭയാശങ്കകളോടെയാണ് നോക്കികാണുന്നതെന്ന് അതിരൂപതാ രാഷ്ട്രീയകാര്യസമിതി ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. യോഗത്തിൽ മോൺ. യൂജിൻ എച്ച് പെരേര, മോൺ. ജെയിംസ് കുലാസ്, അഡ്വ. എം.എ.ഫ്രാൻസിസ്, ഡോ. എസ്. റെയ്മണ്ട്, പാട്രിക് മൈക്കിൾ ഷേർളി ജോണി, ജോസ് മെസ്മിൻ, സെലിൻ നെൽസൺ, ജോണി എന്നിവർ പ്രസംഗിച്ചു.



*അതിരൂപതാ വികാരി ജനറലായി നിയമിച്ചുകൊണ്ടുള്ള അധികാരപത്രം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്നും മോൺ ഡോ. സി.ജോസഫ് ഏറ്റുവാങ്ങുന്നു. സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ.സമീപം*

## മോൺ. ഡോ. സി. ജോസഫ് തിരുവനന്തപുരം ലത്തീൻ അതിരൂപതാ വികാരി ജനറലായി ചുമതലയേറ്റു

**തിരുവനന്തപുരം:** തിരുവനന്തപുരം ലത്തീൻ അതിരൂപതാ വികാരി ജനറലായി മോൺ. ഡോ. സി. ജോസഫ് ചുമതലയേറ്റു. അഖിലേന്ത്യാ കാത്തലിക് ബിഷപ്സ് കോൺഫറൻസ് മുൻ ഡെപ്യൂട്ടി സെക്രട്ടറി ജനറലായിരുന്ന മോൺ. സി.ജോസഫ് കൊച്ചുതുറ സെന്റ് തോമസ് അക്വിനാസ് ഇടവക വികാരിയായി സേവനമനുഷ്ഠിച്ചുവരവേയാണ് അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം മോൺ. സി.ജോസഫിനെ വികാരി ജനറലായി നിയമിച്ചത്. മാർച്ച് 11-ന് ബിഷപ്സ് ഹൗസ് ചാപ്പലിൽ നടന്ന ചടങ്ങിൽ മോൺ. ഡോ. സി.ജോസഫ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

1973 ഡിസംബറിൽ വൈദിക പട്ടം സ്വീകരിച്ച മോൺ. സി. ജോസഫ്, പാളയം കത്തീഡ്രൽ, വെട്ടുകാട്, കൊച്ചുവേളി, ലൂർദ്ദുപുരം, പൂവ്വാർ, നന്തൻകോട്, തൃക്കണ്ണാപുരം, ക്രിസ്തുരാജപുരം, മലമുകൾ എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിനുപുറമെ കാത്തലിക് ഹോസ്റ്റൽ വാർഡൻ, തിരുവനന്തപുരം രൂപതാ കോർപ്പറേറ്റ് മാനേജർ, വിദ്യാഭ്യാസ ശുശ്രൂഷ സമിതി ഡയറക്ടർ, സാമ്പത്തിക ശുശ്രൂഷ ഡയറക്ടർ, രൂപതാ ചാൻസിലർ, ജുഡീഷ്യൽ വികാർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. റോമിലെ ഊർബൻ സർവ്വകലാശാലയിൽ നിന്നും സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടിയ മോൺ. സി. ജോസഫ്, 8 വർഷം കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റായിരുന്നു. 2012-2018 കാലയളവിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറലായും ഡൽഹിയിലെ സിബിസിഐ ആസ്ഥാനകേന്ദ്രത്തിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുള്ള മോൺ. സി.ജോസഫ്, 2013-2016 കാലയളവിൽ ഭാരത കത്തോലിക്കാ സഭയുടെ ഔദ്യോഗിക വക്താവായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാരതസഭയ്ക്ക് നൽകിയ സേവനങ്ങൾ പരിഗണിച്ച് അഖിലേന്ത്യാ ബിഷപ്സ് കോൺഫറൻസിന്റെ ശുപാർശ പ്രകാരം 2015 മാർച്ച് 19 ന് ഫ്രാൻസിസ് മാർപാപ്പ 'Chaplain to his Holiness' എന്ന സ്ഥാനം നൽകി മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തി.

തിരുവനന്തപുരം രൂപതയിലെ പുല്ലുവിള ഫെറോന ഇടവകാംഗമായ മോൺ. സി. ജോസഫ് പരേതരായ ചിന്നയ്യൻ-റോസിലി നെറ്റോ എന്നീ അധ്യാപക ദമ്പതികളുടെ മകനാണ്.

# സ്ത്രീ മുന്നേറ്റം പൂർണതയിലേക്കുള്ള പ്രയാണത്തിൽ: മന്ത്രി കടകംപള്ളി

**തിരുവനന്തപുരം:** സ്ത്രീ മുന്നേറ്റം കേരളത്തിൽ പൂർണത കൈവരിച്ചുവെന്ന് പറയാറായിട്ടില്ലെന്നും പൂണതയിലേക്കുള്ള പ്രയാണം പ്രതീക്ഷ നൽകുന്നതാണെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. വനിതകൾ സ്വതന്ത്രരാകണമെങ്കിൽ വിദ്യാഭ്യാസം നേടണമെന്നും അപ്പോൾ മാത്രമാണ് സ്ത്രീക്ക് പ്രതിസന്ധിയെ നേരിട്ട് ഉന്നതിയിലെത്തിച്ചേരാൻ കഴിയുകയുള്ളൂവെന്നും സ്ത്രീ-പുരുഷ സമത്വം പക്ഷിയുടെ രണ്ടുചിറകുകൾ പോലെയാണെന്ന തിരിച്ചറിവ് ജനത്തിനുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരം ലത്തീൻ അതിരൂപത അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ്ഹാളിൽ നടന്ന അന്താരാഷ്ട്ര വനിതാ ദിനാചരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

സത്രീകൾ അകറ്റിനിർത്തേണ്ടവരോ അടിച്ചമർത്തപ്പെടേണ്ടവരോ അല്ലെന്ന തിരിച്ചറിവോടെ എല്ലാ വിഭാഗം സ്ത്രീകൾക്കും സമൂഹത്തിൽ തുല്യതയോടെ നിവർന്നുനിൽക്കാൻ കഴിയുന്ന ഒരു കാലം അകലെയല്ലെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കെഎൽസിഡബ്ല്യുഎ അതിരൂപതാ പ്രസിഡന്റ് ഷേർളി ജോണി അധ്യക്ഷത വഹിച്ചു. അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. അനുഗ്രഹ പ്രഭാഷണം നടത്തി. മേരി പുഷ്പം, പാട്രിക് മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു.



*തിരുവനന്തപുരം ലത്തീൻ അതിരൂപത അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ്ഹാളിൽ നടന്ന അന്താരാഷ്ട്ര വനിതാ ദിനാചരണ സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ, ഷേർളി ജോണി, മേരി പുഷ്പം, പാട്രിക് മൈക്കിൾ തുടങ്ങിയവർ സമീപം.*

## വലിയതുറ ഫൊറോന എസ്എച്ച്ജി വനിതാദിനം ആഘോഷിച്ചു

വലിയതുറ ഫൊറോനാ എസ്.എച്ച്.ജി അംഗങ്ങൾ തോപ്പ് ഇടവകയിൽ വച്ച് വനിതാദിനം ആഘോഷിച്ചു. ഫെറോനാ സിസ്റ്റർ പ്രതിനിധി സി. സലോമി ദിനാചരണം ഉദ്ഘാടനം ചെയ്തു. ഫൊറോന കോർഡിനേറ്റർ ഫാ. പോൾ ജി. അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത എസ്എച്ച്ജി കോർഡിനേറ്റർ അന്നറീത്ത, ഫെറോന പ്രസിഡന്റ് ട്രീസാ ജോസഫ്, സെക്രട്ടറി ലത, ഷീജ, ലീലാമ്മ എന്നിവർ പ്രസംഗിച്ചു.

പ്രതീകാത്മകമായി ആറ് വനിതകളെ ആദരിക്കുകയും ഒരു ക്യാൻസർ രോഗിക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കലാമത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. മികച്ച പ്രവർത്തിന് സെന്റ് സേവ്യേഴ്സ് ഇടവക ഓവറോൾ കിരീടം നേടി.




*വനിതാ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ വനിതാദിനത്തിൽ വിഴിഞ്ഞത്തു നടന്ന പ്രതിഷേധ റാലി*

## പ്രതിഷേധ റാലിയുമായി വനിതാ കൂട്ടായ്മ

**തിരുവനന്തപുരം:** മദ്യപാനം, ഗാർഹികപീഢനം, അനധികൃത മദ്യവിൽപ്പന എന്നിവയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് സ്ത്രീസുരക്ഷയും സ്ത്രീസമത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വനിതാ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ വനിതാദിനത്തിൽ വിഴിഞ്ഞത്തുവച്ച് പ്രതിഷേധ റാലി സംഘടിപ്പിച്ചു. വിഴിഞ്ഞം പള്ളിയങ്കണത്തിൽ നിന്നാരംഭിച്ച് പാർക്കിംഗ് ഏരിയായിൽ സമാപിച്ച റാലി വിഴിഞ്ഞം ഇടവക സഹവികാരിമാരായ ഫാ. നസീഷ്, ഫ്രാ. പ്രശാന്ത്, ഫാ. തദ്ദേയൂസ് എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ടിഎസ്എസ്എസ് പ്രോഗ്രാം ഓർഗനൈസർ സിസ്റ്റർ ജ്യോത്സനയുടെ അധ്യക്ഷതയിൽ നടന്ന സമാപന യോഗം ഡെപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാർ ഉദ്ഘാടനം ചെയ്തു. എം.വിൻസെന്റ് എംഎൽഎ, ഇടവക വികാരി ഫാ. ജസ്റ്റിൻ ജൂഡിൻ, ഫാ. ഡോണി, ഷൈനി വിൽഫ്രഡ്, എൻ.എ.റഷീദ്, ഷിബു, ത്രിദീപ് ചന്ദ്രൻ, ബനാൻസ് ലോപ്പസ്, പനിയടിമ, ടെൽമ സേവ്യർ എന്നിവർ പ്രസംഗിച്ചു.




## തിരുവനന്തപുരം അതിരൂപതാ ചാൻസറിയുടെ മൂന്നുപുസ്തകങ്ങൾ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** തിരുവനന്തപുരം അതിരൂപത ചാൻസറിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ അതിരൂപതാ ഡയറക്ടറി, പ്രാദേശിക നിയമഗ്രന്ഥം, ആർക്കൈവ്സ് മാർഗസൂചിക ഗ്രന്ഥം എന്നിവ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പ്രകാശനം ചെയ്തു.

അതിരൂപതയിലെ മുഴുവൻ സന്യാസ സമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയതാണ് ഡയറക്ടറി. അതിരൂപതയുടെ പ്രാദേശിക നിയമങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ളതാണ് പ്രാദേശിക നിയമഗ്രന്ഥം.

അതിരൂപതയുടെ അജപാലന സംവിധാനം, വിവിധ ശുശ്രൂഷകൾ കൂദാശകൾ, വസ്തുവകകളുടെ ഭരണം എന്നിവ സംബന്ധിച്ച വിശദീകരണങ്ങളും നിയമങ്ങളുമാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

അതിരൂപതയുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ രേഖകളും ഫയലുകളും അനായാസം കണ്ടെത്താനുള്ള മാർഗസൂചികയാണ് ആർക്കൈവ്സ്.

പാളയം സെന്റ് ജോസഫ്സ് മെട്രോപ്പൊളിറ്റൻ കത്തീഡ്രൽ ദേവാലയത്തിൽ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നടന്ന ദിവ്യബലിമദ്ധ്യേയാണ് ഗ്രന്ഥങ്ങളുടെ പ്രകാശനം ആർച്ച്ബിഷപ്പ് നിർവഹിച്ചത്. അതിരൂപതാ ചാൻസലർ ഫാ. എഡിസൻ വൈ. ആണ് ഈ സംരംഭത്തിന് പിന്നിൽ. ജൂബിലി മെമ്മോറിയൽ ആശുപത്രി ഡയറക്ടർ ഫാ. ക്ലീറ്റസ്, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റ് പ്രൊഫ. എസ്.വർഗീസ്, സെക്രട്ടറി ഡോ. സിന്ദ്യ എന്നിവർ ആർച്ച് ബിഷപ്പിൽ നിന്നും ഗ്രന്ഥങ്ങൾ ഏറ്റുവാങ്ങി.



*കോവളം ക്രിസ്തുരാജ ഇടവക കുടുംബശുശ്രൂഷാ സമിതി നടപ്പാക്കുന്ന കരുണാമയൻ കാരുണ്യപദ്ധതിയിൽ നിന്നുള്ള പെൻഷൻവിതരണം ആർച്ച് ബിഷപ്പ് ഡോ.സൂസപാക്യം നിർവഹിക്കുന്നു*

## വചനപ്രഘോഷകർ ക്രിസ്തുവാഹകർ: ബിഷപ് ക്രിസ്തുദാസ് ആർ.



തിരുവനന്തപുരം: അല്മായ വചനശുശ്രൂഷകരും വചന പ്രഘോഷകരും ക്രിസ്തുവിനെ അനുഭവിക്കുകയും വഹിക്കുകയും ചെയ്ത് മറ്റുള്ളവർക്ക് ആ അനുഭവം നല്കുകയും ക്രിസ്തുവിനെ അവരിലേക്ക് വഹിച്ചുകൊണ്ടുപോവുകയും ചെയ്യുന്നവരാണെന്ന് സഹായമെത്രാൻ ക്രിസ്തുദാസ്. തിരുവനന്തപുരം കാത്തലിക് കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ അല്മായ ശുശ്രൂഷകർക്കുവേണ്ടി നടത്തിയ ത്രീവ്രപരിശീലനപരിപാടിയിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കിയ കരിസ്മാറ്റിക് മുന്നേറ്റ പ്രവർത്തകർക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത അജപാലനശുശ്രൂഷയുടെ നേതൃത്വത്തിൽ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്. ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച ഏകദിന പരിപാടിയിൽ അജപാലനശുശ്രൂഷ ഡയറക്ടർ ഡോ. ലോറൻസ് കുലാസ് ക്ലാസ് നയിക്കുകയും അല്മായ ശുശ്രൂഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ അജപാലനശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോലി, കോ-ഓർഡിനേറ്റർ ക്രിസ്തുദാസ്, സെക്രട്ടറി സന്തോഷ് എന്നിവർ പ്രസംഗിച്ചു.

# പ്രത്യാശയുടെ ദാസിമാർ പ്രഥമ വ്രതവാഗ്ദാനം നടത്തി

തിരുവനന്തപുരം: പരിശുദ്ധ ദൈവമാതാവിന്റേതുപോലുള്ള ത്യാഗപൂർണമായ സ്നേഹസമർപ്പണമാണ് സമർപ്പിത ജീവിതത്തിന്റെ അഭിവാജ്യഘടകമെന്നും, സമർപ്പണം യേശു അനുകരണത്തിനുള്ള ഊർജ്ജമായി തീരണമെന്നും ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിക്കുന്ന ഓരോ നിമിഷവും സന്യസ്ത ജീവിതത്തെ തിളക്കമാർന്നതും കരുത്തുറ്റതുമാക്കുമെന്നും അദ്ദേഹം പറഞ്ഞു. പരിശുദ്ധ കന്യകാമാതാവിന്റെ മംഗളവാർത്ത തിരുന്നാൾ ദിനത്തിൽ പ്രത്യാശയുടെ ദാസിമാർ നടത്തിയ വ്രതവാഗ്ദാന ചടങ്ങിൽ സന്ദേശം നൽകി സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്.

വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽവച്ചുനടന്ന പ്രഥമ വ്രതവാഗ്ദാന-സന്യാസവസ്ത്ര സ്വീകരണ ചടങ്ങിന് ഹാൻഡ് മെയിഡ്സ് ഓഫ് ഹോപ് - പ്രത്യാശയുടെ സഹോദരിമാർ എന്ന സന്യാസിനിസഭയുടെ സ്ഥാപകൻ കൂടിയായ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ എന്നിവർ മുഖ്യ കാർമികത്വം വഹിച്ചു. സന്യാസിനി സമൂഹത്തിലെ സി. അഞ്ജു, സി. ജോസെഫിൻ, സി. നിജി, സി. ജിനു, സി. ബെനഡിക്ട് മേരി, സി. സജിത, സി. അനു, സി.അലീന, സി.സ്വപ്ന, സി.രേഷ്മ, സി.ശോഭ എന്നീ 11 സന്യസാർത്ഥിനികളാണ് സന്യാസവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയത്. ചടങ്ങിന് വികാരി ജനറൽ മോൺ. ഡോ. സി.ജോസഫ്, മോൺ. ജോർജ്ജ് പോൾ, ഇടവക വികാരി ഫാ. ജറോം അൽഫോൻസ് തുടങ്ങി അൻപതോളം വൈദികർ സഹകാർമികരായിരുന്നു.



*ഹാൻഡ് മെയിഡ്സ് ഓഫ് ഹോപ് - പ്രത്യാശയുടെ സഹോദരിമാർ എന്ന സന്യാസിനിസഭയിൽ നിന്നും പ്രഥമ വ്രതവാഗ്ദാനവും സന്യാസ വസ്ത്രവും സ്വീകരിച്ച സന്യാസാർത്ഥിനികൾ സഭാ സ്ഥാപകൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ, വികാരി ജനറൽ മോൺ ഡോ. സി.ജോസഫ്, മോൺ. ജോർജ് പോൾ,* ഇടവക വികാരി ഫാ. ജറോം അൽഫോൻസ് *എന്നിവരോടൊപ്പം*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കർമ്മരംഗത്ത്

തിരുവനന്തപുരം: സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന നന്ദൻകോട്. സക്രട്ട് ഹാർട്ട് കോൺഫറൻസ്, ഇടയാർ ഇടവകയിലെ നിർധന കുടുംബാംഗമായ മല്ലികയുടെ വീട് 45000/- മുടക്കി ഓലമേൽകുരമാറ്റി ഷീറ്റ് ഇട്ടുനൽകി. ഇടവക വികാരി ഫാ. ബീസ് മനോജ്, കോൺഫറൻസ് പ്രസിഡന്റ് പയസ് ചന്ദ്ര, റോളിംഗ് ഫെർണാണ്ടസ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

കിള്ളിപ്പാലം ഇടവകയിലെ സെന്റ് മൂസ് കോൺഫറൻസിന്റെ വാർഷിക സമ്മേളനം കോൺഫറൻസ് പ്രസിഡന്റ് ആൻസിലാം ജോണിന്റെ അധ്യക്ഷതയിൽ ഫാ. റോഷൻ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. സ്റ്റൻസിലാവൂസ് ആത്മീയ സന്ദേശം നൽകി. സെക്രട്ടറി ആർ.ലളിതാംബിക റീപ്പോർട്ടും, ട്രഷറർ പ്രേംകുമാർ കണക്കും അവതരിപ്പിച്ചു. സി.തെരേസ, ഡോൺ ബോസ്കോ അലോഷ്യസ് സജി എന്നിവർ പ്രസംഗിച്ചു. രൂപതയിലെ വിവിധ ഇടവകയിൽ നിന്ന് ഉന്നത പഠനത്തിന് അർഹരായ 14 കുട്ടികൾക്ക് 10,000/- വീതമുള്ള സ്കോളർഷിപ്പ് സെൻട്രൽ കൗൺസിൽ ബോർഡ് അംഗം എയ്ഞ്ചൽ മൂസ്. വിവിധ ഇടവകയിൽ നിന്നും തെരഞ്ഞെടുത്ത ഓഖി ബാധിതരായ അഞ്ചു കുടുംബങ്ങൾക്ക് എല്ലാ മാസവും നൽകാറുള്ള 7500/- രൂപയുടെ ധനസഹായം സെൻട്രൽ കൗൺസിൽ സീനിയർ വൈസ് പ്രസിഡന്റ് ഡയനേഷ്യസ് പെരേരയും വിതരണം ചെയ്തു. പ്രസിഡന്റ് ആർ.സഖറിയാസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. സി.അനിറ്റ ഡോൺ ബോസ്കോ, എസ്.ആൽബർട്ട് എന്നിവർ പ്രസംഗിച്ചു.




## ഡോക്ടറേറ്റ് ലഭിച്ച എഫ്.എം. ലാസറിന് അഭിനന്ദനങ്ങൾ



തിരുവനന്തപുരം: ഇന്റർ നാഷണൽ പീസ് യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിൽ ഡോക്ടറേറ്റ് ലഭിച്ച തിരുവനന്തപുരം അതിരൂപതാംഗവും പള്ളിത്തുറ വിശുദ്ധ മേരി മഗ്ദലിൻ ഇടവകാംഗവുമായ എഫ്.എം. ലാസർ.

## വനിതാദിനം ആചരിച്ചു

തിരുവനന്തപുരം: പാളയം ഫൊറോന സാമൂഹ്യ ശുശ്രൂഷാ സമിതി എസ്.എച്ച്.ജി, അല്മായ ശുശ്രൂഷാ സമിതി, കെഎൽസിഡബ്ല്യൂഎ എന്നിവയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു.

പാളയം സെന്റ് ജോസഫ്സ് പാരിഷ്ഹാളിൽ വച്ച് നടന്ന ദിനാചരണ സമ്മേളനം ഡോ. ശശി തരൂർ എം.പി ഉദ്ഘാടനം ചെയ്തു. അല്മായ ശുശ്രൂഷാ സമിതി ഫൊറോനാ കോർഡിനേറ്റർ ഫാ. ജെറോം അമൃതയ്യൻ അനുഗ്രഹപ്രഭാഷണം നടത്തി.

ഇടവകകളിൽ നിന്ന് സഭയിലും സാമൂഹ്യരംഗത്തും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച് വനിതകളെ ഉപഹാരം നൽകി ആദരിച്ചു. മേരി പുഷ്പം, ആനിമേറ്റർ രമ്യ എന്നിവർ പ്രസംഗിച്ചു.



*അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കിയ കാരുണ്യം പൂർവ്വം പദ്ധതിയിലേയ്ക്ക് പുതിയതായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഡയറക്ടർ ഫാ.ലെനിൻ രാജ് കോഡിനേറ്റർ സിസ്റ്റർ പ്രശാന്തി ആനിമേറ്റർ രജിമോൾ എന്നിവരോടൊപ്പം.*




*തിരുവനന്തപുരം അതിരൂപതാ ഡയറക്ടറി, പ്രാദേശിക നിയമഗ്രന്ഥം, ആർക്കൈവ്സ് എന്നിവയുടെ പ്രകാശനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ച് അതിരൂപതാ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റ് പ്രൊഫ. എസ്.വർഗീസിന് കൈമാറുന്നു.*



*റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കെ.എസ്.എസ്.എഫ്. ന്റെ സഹായത്തോടെ 50 വയസ്സിൽ താഴെയുള്ള നിർദ്ധനരായ കുടുംബത്തിലെ 15 സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭത്തിലേയ്ക്ക് 1,95,000 രൂപയുടെ ചെക്ക് നൽകുന്നു.*




*അതിരൂപത കുടുംബശുശ്രൂഷയ്ക്കായി പുനർനിർമ്മിച്ച കെട്ടിടത്തിന്റെ ആശീർവാദം ആർച്ച്ബിഷപ്പ് ഡോ. സൂസപാകൃവും, ഉദ്ഘാടനം ഡോ. ജോർജ് ഓണക്കൂറും നിർവഹിക്കുന്നു.*

# വർധിച്ചുവരുന്ന കുടുബപ്രശ്നപരിഹാരത്തിന് ശ്രമം വേണം: ആർച്ച് ബിഷപ് ഡോ. എം.സൂസപാക്യം

തിരുവനന്തപുരം: കുടുംബങ്ങളിലും സമൂഹത്തിലും വർധിച്ചുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമം വേണമെന്ന് ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം. തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുബശുശ്രൂഷയ്ക്കായി പുനർനിർമ്മിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്.

സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ അപചയങ്ങൾക്കും അടിസ്ഥാനം കുടുംബങ്ങളിൽ നിലനിൽക്കുന്ന അസ്വസ്ഥതയാണ്. കരുണയും കരുതലും നഷ്ടപ്പെട്ടുപോയതാണ് അസ്വസ്ഥതകൾക്കു കാരണം. മുൻപൊക്കെ പട്ടിണിയായിരുന്നെങ്കിലും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുമായിരുന്നു. ഇപ്പോഴെല്ലാം മാറിപ്പോയി. - ആർച്ച് ബിഷപ്പ് പറഞ്ഞു.

ദൈവ വിശ്വാസത്തിൽ വന്ന പാകപ്പിഴകളാണ് കുടുബ പ്രശ്നങ്ങൾക്കു കാരണം. ദൈവസ്നേഹത്തിലൂടെ നല്ല കുടുംബങ്ങളെ വാർത്തെടുക്കാൻ കഴിയുമെന്ന് ചടങ്ങിൽ സംസാരിച്ച സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. പറഞ്ഞു.


സ്ത്രീകൾ സംതൃപ്തരല്ലെങ്കിൽ കുടുംബത്തിൽ സമാധാനമുണ്ടാകില്ലെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത് ഡോ. ജോർജ് ഓണക്കൂർ പറഞ്ഞു. കുടുംബത്തിൽ സമാധാനം പാലിക്കാൻ കഴിയുന്നത് അമ്മമാർക്കാണ്. നഗരം ലഹരിമരുന്നിന്റെ വിഹാരകേന്ദ്രമായി മാറുന്നതിനെതിരേ ജാഗ്രതയുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

അവശത അനുഭവിക്കുന്നവർക്കായി അതിരൂപത കുടുംബശുശ്രൂഷ നടപ്പാക്കുന്ന കരുണാമയൻ പെൻഷൻ പദ്ധതിയിൽ നിന്നുള്ള ധനസഹായം ആർച്ച് ബിഷപ് ഡോ.എം സൂസപാകൃവും കൗൺസിലിംഗ് സർട്ടിഫിക്കറ്റ് വിതരണം സഹായ മെത്രാൻ ഡോ. ക്രിസ്തുദാസും നിർവഹിച്ചു. കുടുബ ശുശ്രൂഷ ഓഫീസ് നിർമാണത്തിൽ പങ്കെടുത്തവരെ ചടങ്ങിൽ ആദരിച്ചു. കുടുംബ ശുശ്രൂഷ ഡയറക്ടർ റവ.ഡോ.എ.ആർ. ജോൺ സ്വാഗതവും കുടുംബശുശ്രൂഷ വോളണ്ടിയർ സ്റ്റീഫൻ നന്ദിയും പറഞ്ഞു.

അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്താൻ സഹായിക്കുന്ന ലത്തീൻ അതിരൂപത കുടുബശുശ്രൂഷാ സമിതിയുടെ കീഴിൽ ലാറ്റിൻ മാട്രിമോണി വെബ്സൈറ്റ് പ്രവർത്തനം ആരംഭിക്കാനുള്ള സജ്ജീകരണം പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്.



*പൂത്തുറ സെന്റ് റോക്സ് ഇടവകയിൽ 15 വർഷംവരെ പൂർത്തിയാക്കിയ ദമ്പതികൾക്കായി നടത്തിയ സെമിനാറിൽ മനോജ് ക്ലാസ് നയിക്കുന്നു. ഇടവക വികാരി ഫാ. ജോസ് ഫ്രാങ്ക്ളിൻ, കുടുംബപ്രേഷിത കമ്മിഷൻ കൺവീനർ ആശാ ജോസ് എന്നിവർ നേതൃത്വം നൽകി*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നോമ്പുകാലം അഞ്ചാം ഞായർ (ഏപ്രിൽ 7)

# ഇനിമേൽ പാപം ചെയ്യരുത്

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ഏശ. 43:16-21 | ഫിലി. 3:8-14 | യോഹ. 8: 1-11




കരുണ കാണിക്കാത്ത മക്കളെയോർത്ത് വിതുമ്പിക്കരയുന്ന അമ്മയുടെ ചിത്രം മനതാരിൽ നിന്ന് ഇന്നും മാഞ്ഞുപോകുന്നില്ല. ആറു മക്കളെ വളർത്തി വലുതാക്കിയിട്ടും വാർദ്ധക്യത്തിൽ മക്കളുടെ വീടുകളിലേക്ക് മാറിമാറി ഒരു യാചകയെപോലെ എനിക്കു പോകേണ്ടിവന്നത് എന്തുകൊണ്ടാണെന്ന് അമ്മച്ചി കണ്ണീരിലൂടെ കഥ പറയുമ്പോൾ തിരിച്ചു പറയാൻ വാക്കുകളില്ലാതാകുന്നു.

മറ്റുള്ളവരാൽ മരണം ഉറപ്പിച്ച ഒരു പെണ്ണിനെ അവൻ എത്ര വിദഗ്ദമായാണ് അവരിൽ നിന്ന് കാരുണ്യം കാണിച്ച് ജീവനിലേക്ക് തിരിച്ചുകൊണ്ടുവരുന്നത്. നിങ്ങളിൽ പാപം ഇല്ലാത്തവർ ആദ്യം കല്ലെറിയട്ടെ എന്ന ഒറ്റവരി കവിതയിലൂടെ കേൾവിക്കാരന്റെ ഹൃദയത്തിലേക്ക് അവൻ കൈമാറിയത് ഒരു പുത്തൻ കാരുണ്യ ലോകത്തിന്റെ നക്ഷത്രപ്പൊട്ടുകളായിരുന്നു. ഈ സുവിശേഷ ഭാഗത്തെ ആസ്പദമാക്കി എഴുതപ്പെട്ട ഒരു പാരമ്പര്യ കഥയിലും ആ കാരുണ്യ വർഷം തന്നെയാണ് ഇഴപാകിയിരിക്കുന്നത്.

യഹൂദർ ആ പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലാനായി ക്രിസ്തുവിന്റെ പക്കലേക്ക് കൊണ്ടുവരുമ്പോൾ അമ്മ മേരിയും അവിടെ ഉണ്ടായിരുന്നു. ആ സമയത്ത് നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെയെന്ന് ക്രിസ്തു പറയുമ്പോൾ ഓരോരുത്തരായി കല്ലുകൾ നിലത്തിട്ട് തലകുനിച്ച് കടന്നുപോകുമ്പോൾ മകനായ ക്രിസ്തു; അമ്മയോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്: അമ്മേ, എന്തുകൊണ്ട് അമ്മ കല്ലെറിഞ്ഞില്ല. അമ്മ പാപം ചെയ്തിട്ടില്ലല്ലോ? മകന്റെ ചോദ്യത്തിന് മറുപടിയായി അമ്മ പറഞ്ഞു; എന്റെ മോനെ നമ്മൾ അവളോട് കാരുണ്യം കാണിച്ചില്ലെങ്കിൽ പിന്നെയാരാണ് അവളോട് കാരുണ്യം കാണിക്കുക? കരുണാർദ്രമായ ഈ ഉത്തരം കേട്ട് മകൻ അമ്മയുടെ കവിളിൽ സ്നേഹപൂർവ്വം ഒരു ചുംബനം നൽകി കൊണ്ടു പോകാനായി തുനിഞ്ഞപ്പോൾ അമ്മ മകന്റെ കൈയിൽ കയറി പിടിച്ചു. അവൻ പറഞ്ഞു, അമ്മേ ഞാനും അവളോട് കാരുണ്യം കാണിക്കാൻ തന്നെയാണ് പരിശ്രമിച്ചത്. അമ്മ ആ കണ്ണിലേക്ക് നോക്ക്... അമ്മയ്ക്ക് അമ്മയുടെ കണ്ണുകളെ വിശ്വസിക്കാനായില്ല. ആ കടൽ തീരം മുഴുവൻ കരുണ എന്ന വാക്ക് ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ മിന്നിതെളിയുന്നു. ഞാൻ നിലത്തെഴുതിയത് എന്താണെന്നമ്മയ്ക്ക് മനസ്സിലായോ, 'കരുണ... 'കരുണ അത്രമാത്രം.

നന്മചെയ്തു കടന്നുപോകുക എന്ന ശ്രേഷ്ഠമായ ദൗത്യം നിർവ്വഹിച്ചവന്റെ ജീവനാമമാണ് ക്രിസ്തു. ജന്മനാ അന്ധനായവന് കാഴ്ചയുടെ തിരിനാളം കൊളുത്തി കൊടുക്കുമ്പോഴും, പന്ത്രണ്ടു വർഷത്തെ രക്തക്കറ തുടച്ചുകളയാനാവാതെ ക്ലേശിച്ച് വിതുമ്പി കരയുന്നവൾക്ക് വസ്ത്രവിളുമ്പിലൂടെ സൗഖ്യം നൽകുമ്പോഴും, പാപഭാരത്തിന്റെ ഭാണ്ഡവുമായി ഭയപ്പെട്ട് നടന്നിരുന്ന സക്കേവൂസിന്റെ പ്രക്ഷുബ്ദമായ മനസ്സിന് രക്ഷയുടെ തെളിനീർ നൽകി ശാന്തമാക്കുമ്പോഴും, ഉറ്റബന്ധുവിന്റെ നിര്യാണത്തിൽ മനം മടുത്തുമയങ്ങിയ മാർത്തയ്ക്കും മറിയത്തിനും മരണ പാശത്തിൽക്കഴിഞ്ഞ സഹോദരൻ ലാസറിനെ തിരികെ നൽകി ആനന്ദിപ്പിക്കുമ്പോഴും ക്രിസ്തുവിൽ നിഴലിച്ചിരുന്നത് ഈ കാ



രുണ്യവർണ്ണമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ഈ കരുണാമയനായ മിശിഹാ ഇന്ന് നമ്മോടും ചോദിച്ചുകൊണ്ടിരിക്കുന്നത് ഇതേ ചോദ്യം തന്നെയാണ് ഞാൻ നിനക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?

ഈ കഴിഞ്ഞ ദിവസം മാരകമായ രോഗത്തിനടിമയായ ഒരു സഹോദരിയെ കാണാനും പ്രാർത്ഥിക്കാനുമായി (മരണത്തിന്റെ ഗന്ധമുള്ള) ആശുപത്രിയിലേക്ക് പോയി. തീവ്രവേദനയുടെ മൂർദ്ധന്യതയിൽ കിടന്നുപുളയുന്ന ഈ സഹോദരിക്കുവേണ്ടി പ്രാർത്ഥിച്ച് ഞാൻ തിരിച്ചുപോരുമ്പോൾ നിറമിഴിയോടെ ഈ സഹോദരി പറഞ്ഞു: അച്ചാ, ശാരീരികമായ ഈ വേദനമാറാനായി അച്ചൻ ഈശോയോട് പ്രാർത്ഥിക്കണ്ട; ഞാൻ ഈ വേദനകളെല്ലാം ഈശോയുടെ കുരിശിനോട് ചേർത്തുവെച്ച് സഹിച്ചോളാം. പക്ഷേ, എനിക്ക് രക്താർബുദമാണെന്നറിഞ്ഞ ദിവസം മുതൽ എന്നിൽ നിന്നും അകന്നുപോയ എന്റെ ജീവിതപങ്കാളി, ഒരിക്കലെങ്കിലും എന്നെ വന്ന്, ഒന്നു കാണുവാൻ വേണ്ടി അച്ചൻ ഈശോയോടു പ്രാർത്ഥിക്കുമോ? എന്റെ ജീവിത പങ്കാളി എന്നെ നോക്കി കരുണയോടെ പുഞ്ചിരിക്കുന്നത് ഒരു നോക്കെങ്കിലും എനിക്ക് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്റെ ഈ വേദനകൾ എനിക്ക് വേദനയായി തോന്നുകയില്ല. അരികിൽ വന്ന് കരുണാർദ്ര മിഴികളോടെ എന്റെ കൈതലം പിടിച്ച് 'സാരമില്ലാന്ന്' ഒരു വാക്ക് എന്റെ ജീവിതപങ്കാളിയുടെ നാവിൽ തുമ്പിൽ നിന്ന് കേട്ട് മരിക്കാനുള്ള ഭാഗ്യം എനിക്ക് കിട്ടാൻ വേണ്ടി അച്ചൻ പ്രാർത്ഥിക്കണം; പിന്നീട് കണ്ണിൽ നിന്ന് ഇറ്റിറ്റ് വീഴുന്ന കണ്ണീർത്തുള്ളികൾ പതുക്കെ തുടച്ചുകൊണ്ട് ആ സഹോദരി ഇങ്ങനെ ആത്മഗതം ചെയ്യുന്നത് കേട്ടാണ് ഞാൻ മടങ്ങിയത്. ശരീരത്തിന്റെ വേദനയെക്കാൾ വലുതാണ് കരുണ കിട്ടാതെ ജീവിക്കുമ്പോൾ ഒരുവൻ നേരിടുന്ന വേദന.

ആശുപത്രി വരാന്തയിലൂടെ ഞാൻ തനിയെ വരുമ്പോൾ എനിക്ക് എന്റെ ഹൃദയത്തോട് ചോദിക്കാൻ ചില ചോദ്യങ്ങൾ ഉണ്ടായിരുന്നു: ഞാനും എത്രയോ പേരോടാണ് കരുണയില്ലാതെ വർത്തിച്ചിട്ടുള്ളത്. കരുണയുള്ള വൈദീകനാകാൻ ആഗ്രഹിച്ച് സെമിനാരിയിൽ ചേർന്ന് എന്റെ പ്രവൃത്തികൾ ഒന്നും ഒരിടത്തുമെത്തിയില്ലല്ലോ എന്ന സങ്കടം എന്നെയും അലട്ടി. എന്റെ ദൈനംദിന ജീവിതത്തിലേക്ക് എത്രപേരാണ് കരുണയുടെ ഭിക്ഷാപാത്രവുമായി വന്നിട്ടുള്ളത്? ഞാൻ ദേഷ്യപ്പെട്ടപ്പോൾ, ഞാൻ പരാതി പറഞ്ഞപ്പോൾ, നിസ്സാര കാര്യത്തിന് ചില നല്ല സുഹൃത്ബന്ധങ്ങളെയെല്ലാം തച്ചുടച്ചപ്പോൾ എല്ലാം എല്ലാം ഞാനും നശിപ്പിച്ചത് കരുണ ചെയ്യാനുള്ള എന്റെ ശ്രേഷ്ഠമായ അവസരങ്ങളായിരുന്നു.

കരുണ കാണിക്കാത്ത മക്കളെ യോർത്ത് വിതുമ്പിക്കരയുന്ന അമ്മയുടെ ചിത്രം മനതാരിൽ നിന്ന് ഇന്നും മാഞ്ഞുപോകുന്നില്ല. ആറു മക്കളെ വളർത്തി വലുതാക്കിയിട്ടും വാർദ്ധക്യത്തിൽ മക്കളുടെ വീടുകളിലേക്ക് മാറിമാറി ഒരു യാചകയെപോലെ എനിക്കു പോകേണ്ടിവന്നത് എന്തുകൊണ്ടാണെന്ന് അമ്മച്ചി കണ്ണീരിലൂടെ കഥ പറയുമ്പോൾ തിരിച്ചു പറയാൻ വാക്കുകളില്ലാതാകുന്നു. ഒരു ദേശാടനപക്ഷിടെപോലെ വാർദ്ധക്യത്തിൽ അലയേണ്ടി വരുന്ന വൃദ്ധ മാതാപിതാക്കളോട് കരുണ കാണിക്കാത്ത മക്കൾ, ഏത് പുണ്യ തീർത്ഥത്തിൽ മുങ്ങി നിവർന്നാലാണ് അവരുടെ പാപം മോചിക്കപ്പെടുക.

പാപവഴികളിൽ വല്ലാതെ ഇടറിപോയ ഒരമ്മയെ ഓർമ്മിക്കുന്നു. ജീവിത പങ്കാളിയുടെ വേർപാടിനുശേഷം മക്കളെപ്പോറ്റാനും ദാരിദ്രമകറ്റാനും തുടങ്ങിയ അവിശുദ്ധബന്ധങ്ങൾ. പിന്നെ അവർക്കത് ഒരാവേശമായി. ഒരു ഹോട്ടൽ മുറിയിലെ അനാശാസ്യ പ്രവർത്തനത്തിനവൾ ഒരിക്കൽ പിടിക്കപ്പെട്ടു. മാധ്യമങ്ങൾ അത് കൊട്ടിഘോഷിച്ചു. അതൊടെ സമൂഹത്തിലവർ പരിഹാസ കഥാപാത്രമായി. മക്കൾ ക്ലാസ്മുറിയിൽ നിന്നു പുറത്താക്കപ്പെട്ടു. വാടക വീട്ടിൽ നിന്നും ഇറക്കിവിടപ്പെട്ടു. അവരുടെ ശേഷിക്കുന്ന ജീവിതം ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. ഏതെങ്കിലും ഒരു പാലത്തിൽ നിന്നും ചാടിയോ, ട്രെയിൻ പാളത്തിൽ തലവച്ചോ ആത്മഹത്യചെയ്യാൻ നിശ്ചയിച്ചവർ നഗരിവഴിയിലൂടെ പകൽ മുഴുവൻ അലഞ്ഞു നടന്നു. ഒടുവിൽ വിശന്നപ്പോൾ വഴിക്കവലയിലെ ഒരു നൊവേന പള്ളിയിലെ നേർച്ച കഞ്ഞി കഴിക്കാൻ കയറിയതാണ്. അപ്പോൾ ബലിവേദിയിൽ വൈദീകൻ പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ വചനഭാഗം പ്രസംഗിക്കുകയായിരുന്നു. എല്ലാവരുമവളെ വിധിക്കാനാഗ്രഹിച്ചപ്പോഴും ക്രിസ്തു പറഞ്ഞു ഞാൻ നിന്നെ വിധിക്കുന്നില്ല പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്. ഈ പാപിനിയെപ്പോലെ നിങ്ങളും ഒരുപാട് ഇടർച്ചകളിൽ വീണു പോയിട്ടുണ്ടാവാം. ചിലപ്പോൾ നിങ്ങൾക്കു ചുറ്റും കുറ്റാരോപണവും പരിഹാസചിരിയുമായി ഒരുപാടുപേർ നിരന്നു നിൽക്കുന്നുമുണ്ടാവാം. അപ്പോഴെങ്കിലും ക്രിസ്തുവിലേക്കു നോക്കുക. അവിടുന്നെല്ലാം ശരിയാക്കിയെടുത്തു കൊള്ളും, ആകസ്മികമായി അതുകേട്ട അമ്മയ്ക്ക് ആശ്വാസമായി. ജീവിതത്തിലേക്കു മടങ്ങിവരാനുള്ള കരുത്തായി.

ആരും പാപത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും രക്ഷപ്പെടില്ല. ഒരിക്കൽ എല്ലാത്തിനും നമ്മൾ കണക്കു പറയേണ്ടിവരും. ആകെ ഒരു രക്ഷാകരമാർഗ്ഗമെന്നത് ക്രിസ്തുവിന്റെ സന്നിധിയിലേയ്ക്ക് ഓടിയെത്തുക എന്നതുമാത്രമാണ്. ■

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ



# ഓശാന ചിന്തകൾ

ഏശ. 50: 4-7 | ഫിലി. 2: 6-11 | ലൂക്ക. 22: 14-23; 56

ഞാനസ്നാനം കൂദാശകളുടെ കവാടമാണെങ്കിൽ ഓശാന വിശുദ്ധവാരത്തിന്റെ കവാടമാണ്. വിശുദ്ധവാരത്തിന്റെ കവാടത്തിലൂടെ കടക്കണമെങ്കിൽ പ്രാർത്ഥനയിലൂടെ ഉപവാസത്തിലൂടെ ധർമ്മദാനത്തിലൂടെ ഒരുക്കമുള്ളവരായിരിക്കണം. ഓശാന പെസഹാബലിക്കു വേണ്ടിയുള്ള ഒരുക്കത്തിന്റെ ദിനമാണ്. യഹൂദ പാരമ്പര്യമനുസരിച്ച് നിസാൻ മാസം 14-ാം തീയതിയാണ് പെസഹ ആചരിക്കുന്നത്. പെസഹാ ആഘോഷത്തിന് നാല് ദിവസം മുമ്പ് ഊനമറ്റ മുട്ടാടിനെ തെരഞ്ഞെടുത്ത് യഹൂദ ഭവനങ്ങളിൽ സൂക്ഷിക്കുന്നു (പുറപ്പാട് 12:3-5). യേശു തന്നെത്തന്നെ പെസഹാ കുഞ്ഞാടായി തിരഞ്ഞെടുത്തത് പെസഹായ്ക്ക് നാല് ദിവസം മുമ്പുള്ള ഓശാന ദിനത്തിലാണ്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ബലികുഞ്ഞാടായ യേശു ജെറുസലേമിലേക്ക് വരുന്നത് ബലിപീഠം തേടിയാണ്. പെസഹാ ബലിക്കു മുമ്പുള്ള നാല് ദിനങ്ങൾ യേശുവിന് ഒരുക്കത്തിന്റെ ദിനങ്ങളാണ്. അതിൽ ആദ്യദിനത്തെ യേശു മംഗളകരമായ തിരുനാളായി ആഘോഷിക്കുകയാണ്! വരുവാനിരിക്കുന്ന മരണത്തെ യേശു ആഘോഷത്തോടെ സമീപിക്കുന്നു. ആന്തരീക ആനന്ദത്തോടെ നമ്മളും യേശുവിനെപോലെ മരണത്തെ സമീപിക്കണം. നിരാശായോടല്ല, പ്രത്യാശയോടെ മരണത്തെ സമീപിക്കണം.

## എന്തുകൊണ്ട് ജെറുസലേം പ്രവേശനം?

വളരെ രാജകീയമായിട്ടാണ് യേശു ജെറുസലേമിലേക്ക് പ്രവേശിച്ചത്. യുദ്ധത്തിൽ ജയിച്ചു വരുന്ന രാജാവിനെ സ്വീകരിച്ചതു പോലെയാണ് യേശുവിനെ ജനങ്ങൾ സ്വീകരിച്ചത്. ജെറുസലേമിലേക്കുള്ള യേശുവിന്റെ വരവ് സോളമനെ പോലെ ഭരണം നടത്തുവാനുള്ള കീരിടധാരണത്തിനുവേണ്ടിയല്ലായിരുന്നു (1 രാജ 1:33). തന്റെ പ്രിയ പിതാവിന്റെ കഴുതയുടെ പുറത്തു കയറിയാണ് സോളമൻ ജെറുസലേമിൽ സ്ഥാനാരോഹണത്തിന് എത്തിയത്. എന്നാൽ യേശുനാഥൻ ആരും ഉപയോഗിക്കാത്ത കഴുത കുട്ടിയുടെ പുറത്ത് കയറി പട്ടണത്തിൽ പ്രവേശിച്ചത് രക്ഷയുടെ മുൾകീരിടം തേടിയും, തന്നെത്തന്നെ യാഗമായി അർപ്പിക്കാനുമാണ്. റോമൻ ആധിപത്യത്തെ തച്ചുടക്കാനോ, ഹേറോദേസിന്റെ അധികാരത്തെ എതിർക്കാനോ അല്ല യേശു ജെറുസലേമിൽ വരുന്നത്. കാരണം യേശുവിന്റെ രാജ്യം ഐഹികമല്ല! സ്നേഹത്തിൽ അധിഷ്ഠിതമായ ദൈവരാജ്യം സ്ഥാപിക്കാൻ, അതിലൂടെ എല്ലാവർക്കും രക്ഷ നല്കാൻ യേശു തന്നെത്തന്നെ യാഗബലിയാകാൻ ജെറുസലേമിൽ എത്തുന്നു. യുദ്ധവീരനും ശക്തനുമായ മിശിഹാ റോമൻ ആധിപത്യത്തിൽ നിന്നും യഹൂദ ജനതയ്ക്ക് മോചനം നല്കാൻ വർദ്ദിത വീര്യത്തോടെ വരുമെന്നും, അവൻ തീവ്രവാദികളായ സെലട്ടുകളോട് പക്ഷം ചേരുമെന്ന അവികലമായ സങ്കല്പം യേശുനാഥൻ പൊളിച്ചു മാറ്റി. മറ്റുള്ളവരുടെ ജീവൻ അപഹരിക്കുന്നതല്ല സ്വന്തം ചങ്ക് പിളർന്ന് അവസാന തുള്ളി ചോരയും അപരന് നല്കുന്ന ക്രിസ്തുമാർഗ്ഗം സ്ഥാപിക്കാനാണ് യേശു ജെറുസലേമിൽ വരുന്നത്. ബലിയർപ്പിക്കാനുള്ള ബലിപീഠമുള്ളതും ജെറുസലേമിലാണ്! ജെറുസലേം നമ്മുടെ ജീവിതമാണ്. നമ്മുടെ ജീവിതം കള്ളന്മാരുടെ ഗുഹയാകാതിരിക്കാൻ യേശു വരുന്നു. അവനെ വരവേൽക്കാം.

## എന്തുകൊണ്ട് യേശു കഴുതയെ ഉപയോഗിക്കുന്നു?

കുതിരയെയല്ല കഴുതയെയാണ് ദൈവത്തിന് ആവശ്യം. വിലകെട്ടതും, ബുദ്ധിഹീനവും, നികൃഷ്ഠജന്മവുമായ കഴുത എല്ലാകാലങ്ങളിലും, എല്ലാ നാടുകളിലും അപമാനത്തിന്റെ ചിഹ്നമാണ്. കാഴ്ചയിൽ കഴുതയുടെ രൂപം വൈരൂപ്യം നിറഞ്ഞതാണ്. ആർക്കും വേണ്ടാത്ത കഴുതയെക്കുറിച്ച് ക്രിസ്തു പറയുന്നു. കർത്താവിന് അതിനെകൊണ്ട് ആവശ്യമുണ്ട്. മനുഷ്യദൃഷ്ടിയിൽ ഏറ്റവും നിസ്സാരവും, അവഗണിക്കപ്പെടുന്ന മൃഗമായ കഴുതയുടെ പുറത്ത് യേശു സഞ്ചരിക്കുക വഴി അതിന്റെ സകല നികൃഷ്ടതകളും നീക്കി അതിനെ വിലയുള്ളതാക്കി. ഉപേക്ഷിക്കപ്പെട്ടതിനെ മൂലക്കല്ലാക്കി മാറ്റുന്നതും, അവഗണിക്കപ്പെട്ടതിനെ, മുറിവേറ്റതിനെ തോളിലേറ്റുന്നതും നിസ്സാരമായതിനെ വിലയുള്ളതാക്കുന്നതും യേശുവാണ്, യേശുവിന്റെ സാന്നിദ്ധ്യമാണ്!



ഇന്ന് ഓശാന പാടേണ്ടത് മനുഷ്യർക്കല്ല രാജാവിനെക്കാൾ വലിയവനായ ദൈവത്തിനാണ്. ദൈവത്തിനുള്ളത് ദൈവത്തിന് മാത്രം കൊടുക്കാൻ നാം ശീലിക്കണം. ദൈവത്തിനുള്ള ഓശനഗീതികൾ മനുഷ്യർക്കും വിഗ്രഹങ്ങൾക്കും നല്കുന്നത് ഏറ്റവും വലിയ തെറ്റാണ്. മനുഷ്യകുലം മുഴുവൻ അപകടത്തിൽപ്പെട്ടിരിക്കുകയാണ്. ആധുനിക ലോകത്തിൽ നവമധ്യമങ്ങൾക്ക് അടിമകളായി കൊണ്ടിരിക്കുന്ന കുട്ടികളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം.

സമൂഹത്തിൽ കഴുത ജന്മങ്ങൾ ക്രമാതീതമായി പെരുകിക്കൊണ്ടിരിക്കുകയാണ്. ആർക്കും വേണ്ടത്തവർ, വഴിയോരങ്ങളിൽ ഉപേക്ഷിക്കപ്പെട്ടവർ, വാർദ്ധ്യക്യം കാരണം മക്കളാൽ ഉപേക്ഷിക്കപ്പെട്ടവർ, രോഗത്തിന്റെ പേരിൽ വീട്ടിൽ ഇടം ലഭിക്കാത്തവർ, മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട ശിശുക്കൾ, തെരുവുകളിൽ വലിച്ചെറിയപ്പെട്ട ചോര കുഞ്ഞുങ്ങൾ തുടങ്ങിയ നിരവധിപേർ കഴുത ജന്മങ്ങൾക്കു തുല്യരായി മാറുന്നു. അവരോട് യേശു പറയുന്നു. നിന്നെകൊണ്ട് എനിക്ക് ആവശ്യമുണ്ട് . യേശുവിന് ജീവിതത്തിൽ ഇടം നല്കുമ്പോൾ ഉപേക്ഷിക്കപ്പെട്ട കല്ല് മൂലക്കല്ലായതുപോലെയുള്ള അനുഭവമുണ്ടാകുന്നു. കഴുത ജന്മങ്ങളെ നേരെയാക്കാൻ ദൈവത്താൽ അയക്കപ്പെട്ട ക്രിസ്തുവിന്റെ ശിഷ്യരാണ് നമ്മൾ. ക്രിസ്തുവിനെ സ്വീകരിച്ച് വിലയുള്ളവരാകാം. നമ്മിലെ ക്രിസ്തുവിനെ പങ്കുവച്ച് മറ്റുള്ളവരെ വിലയുള്ളവരാക്കാൻ ഓശന ഞായർ നമ്മെ ആഹ്വാനം ചെയ്യുന്നു.

## എന്തുകൊണ്ട് ദൈവത്തിന് ഓശാന

'ഓശാന' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ഇപ്പോൾ രക്ഷിച്ചാലും' എന്നാണ്. അപകടത്തിൽപ്പെട്ടവൻ പ്രാണരക്ഷയ്ക്കുവേണ്ടി അഭ്യർത്ഥിക്കുന്ന നിലവിളിയാണ് ഓശാന. മഹാമാരിയിലും, ദുഷ്ടരുടെ കെണിയിലും അകപ്പെട്ടവർ തങ്ങളുടെ രക്ഷകനായ രാജാവിന്റെയോ ദൈവത്തിന്റെയോ സന്നിധിയിൽ ഉയർത്തുന്ന നിലവിളിയാണ് ഓശാന. കൂടാരത്തിരുനാളിന്റെ ഏഴാംദിവസം പുരോഹിതന്മാർ ബലിപീഠത്തെ ഏഴുവട്ടം വലംവെച്ച് മഴപെയ്യാൻ പ്രാർത്ഥിക്കുമ്പോൾ ഉരുവിട്ടിരുന്ന പ്രാർത്ഥനാവാക്യമാണ് ഹോസാന. ഈ മഴ പ്രാർത്ഥന ഒരു ജനതയുടെ നിലനില്പിനു വേണ്ടിയുള്ള നിലവിളിയായിരുന്നു. കാലാന്തരത്തിൽ ഓശാന എന്നത് സ്വാഗതാശംസയായി മാറി. ദൈവത്തെ വാഴ്ത്തുന്ന സ്തുതിയുടെ പ്രാർത്ഥനയായും, ദൈവത്തിന്റെ നാമത്തിൽ വരുന്നവരെ പുകഴ്ത്തുന്നതിനുള്ള സ്വാഗതാശംസയുമായി രൂപാന്തരപ്പെട്ടു. വളരെ പ്രത്യേകിച്ച് 'ഓശാന' എന്ന പദം ജൈത്രയാത്രയുടെ ആഹ്ലാദത്തിമിർപ്പിനെയാണ് സൂചിപ്പിക്കുക.

ഓശാന പാടി എതിരേല്ക്കുവാൻ തക്കവണ്ണം യേശു വലിയവനാണോ? ലോയ്ഡ് ഡഗ്ലസിന്റെ 'വിശുദ്ധ അങ്കി' എന്ന ഗ്രന്ഥത്തിൽ ദിമിത്രിയൂസ് എന്ന സുപ്രധാനമായ ഒരു കഥാപാത്രമുണ്ട്. അദ്ദേഹം ഓശാന ഞായറാഴ്ച ജറുസലേമിൽ പതിവില്ലാത്ത ജനക്കൂട്ടം കണ്ട് അത്യധികം വിസ്മയിച്ചു. ഈ പതിവില്ലാത്ത ജനക്കൂട്ടത്തിന്റെ കാരണം അയാൾ തിരക്കി. യേശുവിന്റെ സാന്നിദ്ധ്യമായിരുന്നു കാരണമെന്നറിഞ്ഞ അയാളും തിക്കിത്തിരക്കി യേശുവിനെ ഒരു നോക്കു മനം കുളിരേ കണ്ടു. ആത്മനിർവൃതിയോടെ തിരിച്ച് വീട്ടിലേക്ക് പോകുമ്പോൾ വഴിമദ്ധ്യേ ഒരു അടിമ ദിമിത്രിയൂസിനോടു ചോദിച്ചു. 'യേശു രാജാവാണോ?' ദിമിത്രിയൂസ് പറഞ്ഞു: 'എനിക്കറിയില്ല.' എന്നാൽ അദ്ദേഹം ഒരു രാജാവിനേക്കാൾ വലിയവനാണ്.

ഇന്ന് ഓശാന പാടേണ്ടത് മനുഷ്യർക്കല്ല രാജാവിനെക്കാൾ വലിയവനായ ദൈവത്തിനാണ്. ദൈവത്തിനുള്ളത് ദൈവത്തിന് മാത്രം കൊടുക്കാൻ നാം ശീലിക്കണം. ദൈവത്തിനുള്ള ഓശനഗീതികൾ മനുഷ്യർക്കും വിഗ്രഹങ്ങൾക്കും നല്കുന്നത് ഏറ്റവും വലിയ തെറ്റാണ്. മനുഷ്യകുലം മുഴുവൻ അപകടത്തിൽപ്പെട്ടിരിക്കുകയാണ്. ആധുനിക ലോകത്തിൽ നവമാധ്യമങ്ങൾക്ക് അടിമകളായി കൊണ്ടിരിക്കുന്ന കുട്ടികളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. വഴിതെറ്റി തിന്മയുടെ നികേതങ്ങളിൽ പതിക്കുന്ന യുവതിയുവാക്കളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. സ്വർത്ഥതയ്ക്ക് അടിമപ്പെടുന്ന മാതാപിതാക്കളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. ഓശാന ദൈവത്തിന്റെ സന്നിധിയിൽ എളിയവരായ നമ്മുടെ പ്രാർത്ഥനയാവട്ടെ, നിലവിളിയാവട്ടെ, സ്തുതിഗീതങ്ങളാകട്ടെ! ഓശാന ദൈവത്തിന് മാത്രം നല്കാം.

ഒലിവിൻ ചില്ലകൾ ഉയർത്തി മേലങ്കികൾ നിലത്ത് വിരിച്ച് ജനകൂട്ടം ഒന്നാകെ ജെറുസലേമിൽ പ്രവേശിച്ച യേശുവിന് സ്വാഗതമേകി. ഓശാന ആഘോഷത്തിന്റെ നാളാണെങ്കിലും വിരൽ ചൂണ്ടുന്നത്, കാൽവരിയിലെ നിലവിളിയും ഉത്ഥാനത്തിന്റെ മഹത്വവുമാണ്. ■

ഉയിർപ്പ് തിരുനാൾ (ഏപ്രിൽ 21)

# കറുത്ത വിധവകൾ

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

അപ്പോ. 10 : 34a.37-43 | കൊളോ. 3:1-4 | യോഹ. 20:1-9

കരിംചിലന്തികളിൽപ്പെട്ട പെൺചിലന്തിക്ക് ആൺ ചിലന്തിയെക്കാൾ ഉദ്ദേശം നാലിരിട്ടിയോളം വലുപ്പമുണ്ടാകും. ആൺ ചിലന്തികൾ ഭീതിയോടെ മാറിനില്ക്കുകയാണ് പതിവ്. എന്നാൽ പെൺചിലന്തിയുടെ മനോഹരമായ മേനിയും ഗന്ധവും അതിനെ ഹരം പിടിപ്പിക്കും. ശരീരത്തിലാകട്ടെ പുള്ളിക്കുത്തുകളും ചാരുതയാർന്ന ശോഭയും ആൺ ചിലന്തിയെ ഒരു വശീകരണമന്ത്രംപോലെ ആകർഷിച്ച് ഇണചേർന്നശേഷം അവനെ കൊന്നുതിന്നും. അതുകൊണ്ട് ഇവയെ കറുത്തവിധവകൾ എന്നു വിളിക്കുന്നു. എ

ന്തുമാത്രം പരാക്രമങ്ങളാണ് ലോകത്ത് അരങ്ങേറുന്നത്. ഒരു ക്രിക്കറ്റ് വിജയംപോലെ ആഘോഷിക്കാൻ ചെറിയ യുദ്ധവിജയങ്ങളിൽ ഭരണാധികാരികൾ ആഹ്വാനം ചെയ്യുന്നു. പണവും അധികാരവും കൊലപാതകങ്ങൾ സൃഷ്ടിക്കുന്നു. രാഷ്ട്രീയത്തിന്റെ പകപോക്കലുകളിൽ നിഷ്കളങ്ക യൗവനങ്ങൾ ചോര ചിതറി ഇടറിവീഴുന്നു. നമ്മുടെ നാട്, മനസ്സ്, കറുത്തവിധവയെപ്പോലെ മൂടുപടം ധരിച്ച് വിലപിക്കുന്നു.

യേശുവിന്റെ കുരിശുമരണത്തിൽ യഹൂദരും വിജാതീയർക്കുമിടയിലെ നടു ചുവർ ഭേദിക്കപ്പെട്ടു. എല്ലാവർക്കും വേണ്ടിയാണ് അവൻ മരിച്ചത്. മരണശേഷം കുരിശിനു സമീപത്തു നില കൊള്ളുന്നത് സ്ത്രീകളാണ് ശിഷ്യന്മാർ അടുത്തില്ല. യോഹന്നാൻ മാത്രം ഉണ്ട്. കബറടക്കസമയത്തും സ്ത്രീകളുണ്ട്. ശിഷ്യന്മാർക്ക് ഭയമായിരുന്നു. സംസ്ക്കരിക്കാൻ കല്ലറവാങ്ങാനോ സുഗന്ധക്കൂട്ടുകൾ വാങ്ങാനോ അവരുടെ കയ്യിൽ കാശില്ല. അരിമത്തിയക്കാരൻ ജോസഫും നിക്കദോമേസും ആധൈര്യം കാണിച്ചു. നിക്കദേമോസ് 100 റാത്തൽ മീറയും ചെന്നിനായകവും കൊണ്ടുവന്നിരുന്നു. സാബത്തിനുമുമ്പ് സംസ്ക്കരിക്കണമായിരുന്നു. 3 മണിക്കും 6 മണിക്കുമിടയിലുള്ള സമയത്ത് സംസ്ക്കാരം പൂർത്തിയാക്കണം. ആ വെല്ലുവിളി അവർ ഏറ്റെടുത്തു. കല്ലുരുട്ടിവച്ചതും ജോസഫ് തന്നെയാണ്. സാബത്തുകഴിയുന്നതും കാത്ത് സ്ത്രീകൾ ഇരുന്നു. അതുകൊണ്ടാണ് സാബത്തുകഴിഞ്ഞ് പുലർച്ചെ മഗ്ദലേനമറിയം കല്ലറയിങ്കൽ എത്തുന്നത്.

വിശ്വാസപ്രമാണമനുസരിച്ച് യേശു പാതാളത്തിലേക്കിറങ്ങി. മരിച്ചവരുടെ ഇടമാണ് പാതാളം. എഫേസോസ് 4:9-10 ൽ വായിക്കാം "അവൻ ആരോഹണം ചെയ്തുവെന്നതിന്റെ അർത്ഥം എന്താണ്? അവൻ ഭൂമിയിടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിയെന്നു കൂടിയല്ലേ. ഇറങ്ങിയവൻ തന്നെയാണ്, എല്ലാ വസ്തുക്കളെയും പൂരിതമാക്കാൻവേണ്ടി എല്ലാ സ്വർഗങ്ങൾക്കുമുപരി ആരോഹണം ചെയ്തവനും അരിമത്തിയക്കാരൻ ജോസഫ് ഉരുട്ടിവച്ച കല്ല്, മാറ്റപ്പെട്ടിരിക്കുന്നു. ശൂന്യമായ കല്ലറകണ്ട് ആദ്യം മഗ്ദലേന ശിഷ്യന്മാരുടെ അടുത്തേക്ക് ഓടി വിവരം പറഞ്ഞു. ഒരു റിലേ ഓട്ട മത്സരത്തിലെന്നപോലെ യോഹന്നാനും പത്രോസും തുടർന്ന് കല്ലറയിലേക്ക് ഓടി. ആർക്കും ഒരു വ്യക്തതയില്ലാത്ത കാര്യങ്ങൾ. യൗവനത്തിന്റെ കുതിപ്പിൽ ആദ്യം ഓടിയെത്തിയതും കല്ലറയിൽ എത്തിനോക്കിയതും യോഹന്നാനാണ്. എന്നാൽ അനുഭവപരിചയത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രതീകമായ വൃദ്ധൻ പത്രോസ് സധൈര്യം കല്ലറയിൽ പ്രവേശിച്ചു. യോഹന്നാൻ പകച്ചുപോയിടത്ത് പത്രോസ് നിർഭയത്വം കാട്ടി. മൂന്നുരു നിഷേധിച്ചവന്റെ സ്ഥൈര്യം.

തുർക്കിയിലെ ഇസ്താംബൂളിലുള്ള കോറയിലെ മൃതസംസ്കാരചാപ്പലിൽ പ്രശസ്തമായ ഒരു ചിത്രമുണ്ട്. " ദ ഹാരോവിങ്ങ് ഓഫ് ഹെൽ' എന്നാണ് അതിന്റെ പേര്. ക്രിസ്തു പാതാളത്തിൽ ഇറങ്ങുന്നതാണ് പ്രതിപാദ്യവിഷയം. തർക്കപ്പെട്ട പാതാളകവാടത്തിൽ യേശു നില്ക്കുന്നു. കുരിശാകൃതിയിൽ ഇരുൾമൂടിയ പ്രതലത്തിലാണ് പതിച്ചിരിക്കുന്നത്. സാത്താൻ വിലങ്ങുവയ്ക്കപ്പെടുകയും ആ ഇരുൾ മൂടിയ ഇടത്ത് വീണുകിടക്കുകയും ചെയ്യുന്നു. യേശു തന്റെ മഹത്വപൂർണമായ വസ്ത്രംധരിച്ച് ആദത്തെയും ഹവ്വയെയും തന്റെ കൈകളാൽ ഉയർത്തുന്നു, കാരണം അവർക്ക് സ്വയം ഉയിർത്തെഴുന്നേൽക്കാനാവില്ല. യേശു ജേതാവാണെന്നും ആദിമാതാപിതാക്കൾ മനുഷ്യകുലത്തിന്റെ രക്ഷയെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും ഇത് കാട്ടിത്തരുന്നു. രാജാക്കന്മാർ, പ്രവാചകർ, ഇസ്രയേലിന്റെ നീതിമാന്മാർ, ദാവീദ്, സോളമൻ, മോശ, ദാനിയേൽ, സഖറിയ, സ്നാപകയോഹന്നാൻ എന്നിവരൊക്കെ യേശുവിന്റെ അരികിൽ നില്ക്കുന്നതും കാണാം.

പത്രോസും യോഹന്നാനും അകത്തു പ്രവേശിച്ചപ്പോൾ കച്ചയും തലയിൽ കെട്ടിയ തൂവാലയും മാത്രമാണ് കണ്ടത്. അവർ തിരികെപ്പോയി. സംശയഗ്രസ്ഥമായ മനസ്സോടെ മഗ്ദലേന അവിടെ കാത്തിരുന്നു. ഉയിർത്തെഴുന്നേല്ക്കുമെന്നുള്ള വിശ്വാസമല്ല, അവനോടുള്ള ഹൃദയസ്നേഹം അവളെ കല്ലറയിൽ ചേർത്തു നിർത്തുന്നു. കുരിശുമരണവേളയിൽ അമ്മ മറിയത്തിനു ലഭിക്കുന്ന അതേ പ്രാധാന്യം മരണാനന്തരരംഗങ്ങളിൽ മഗ്ദലേനയ്ക്കും കിട്ടുന്നു.

"ജീവിച്ചിരിക്കുന്നവരെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്?" എന്ന ഞെട്ടിക്കുന്ന ചോദ്യമാണ് ദൂതന്റേത്. ജീവന്റെ ലോകം ചെറുതാകുകയും മൃതലോകം വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ആത്മഭയം, ശൂന്യത, നിരാശ അങ്ങനെ കടുത്ത ആശങ്കജനകമായ ജീവിതമാണ് പലരുടേതും. സമ്പത്തിനെ മുൻനിർത്തിയുള്ള ഒരു ജീവിതശൈലിയാണ് നമ്മുടേത്. ഒരു പുഴപോലെ അനർഗളം ഒഴുകാതെ ഒരു കാറ്റായി പടരാതെ ഉപയോഗശൂന്യമായ ഞാങ്ങണകളായി ആടിക്കളിക്കുന്നു.

ഉയിർത്തെഴുന്നേൽപ്പിന് ചിറകുകൾ തേടുന്നുണ്ട് മനുഷ്യർ. പിറകിലോട്ടടിക്കുന്ന പരശതം കാരണങ്ങൾ മറക്കേണ്ടതുണ്ട്. ചിറകുകൾ കിട്ടിയിട്ടും തൂവലുകൾ തികയാതെ പോകുന്നവരെപ്പോലെ കാത്തിരിക്കേണ്ടതുണ്ട്. ജീവന്റെ , ആനന്ദത്തിന്റെ ഒരു നീലാകാശം. വി. ഫ്രാൻസിസ് അസ്സീസി അടയിരിക്കുന്ന പെൺകിളിയുടെ തൊട്ടടുത്ത ശിഖരത്തിൽ ആൺകിളിയിരുന്നു പാടുന്നതു കണ്ടു. നോക്കുക, പെൺകിളി കൂട്ടിൽ മുട്ടയിട്ട്, അമ്മയാകാൻ അടയിരിക്കുമ്പോൾ ഈറ്റുനോവനുഭവിക്കുമ്പോൾ , ദൈവം ആൺകിളിയായി പറന്നുവന്ന് പെൺകിളിയുടെ വേദന മാറ്റാനായി പാടുന്നു.

കുരിശിൽനിന്നും ഉയിർപ്പിന്റെ ദൂരത്തേക്കു നടന്ന ശിഷ്യർക്കും യേശുവിന്റെ സമാശ്വാസം ലഭിച്ചു. കടലിലേക്ക് തിരിച്ചുപോയവനെ തിരികെ കൊണ്ടുവന്നു. കൊളോസോസുകാരോട് പൗലോസ് പറയുന്നു നാം ഉയിർപ്പിക്കപ്പെട്ടവരാണ്, ഇനി മുകളിലേക്ക് മാത്രം നോക്കുക. അത് നിഗൂഢമാണ്. മനോഹരമായ വസന്തം എത്തുന്നത് നിശബ്ദമായാണ്, പൂക്കൾ വിടരുന്നത് , കിളികൾ വരുന്നത്, പൂമ്പാറ്റകൾ തൊടിയിലണയുന്നത്, നിലാവ് പൂക്കുന്നത്; അതൊക്കെ ഒരു ധ്യാനംപോലെ വിരിതുറന്നെത്തുന്നു. വീടുകളിൽ ത്തന്നെ കുറേ കല്ലറകളുണ്ട്. ഉപേക്ഷിക്കപ്പെട്ട പ്രാർത്ഥനാമുറി, അത്താഴമേശ, മക്കളുടെ നിഗൂഢ ജീവിതങ്ങൾ, മാതാപിതാക്കളുടെ ഒഴുകാത്ത ചോലകൾ. ഈ കല്ലുകളും ഉരുട്ടി മാറ്റപ്പെടണം. പുലരിയുടെ കിരണങ്ങൾ പറക്കുമ്പോൾ നിന്റെ ഹൃദയത്തിലും ഉത്ഥാനവെളിച്ചം വീശണം. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# നിങ്ങൾക്ക് സമാധാനം

അപ്പോ. 5:12-16 | വെളി. 1:9-11a, 12-13. 17-19 | യോഹ. 20:19-31

ഭയവിഹ്വലരായി കതകടച്ചു കഴിയുന്ന ശിഷ്യരുടെ അടുത്തേക്ക് **'നിങ്ങൾക്ക് സമാധാനം'** എന്ന ആശംസാ വചനങ്ങളുമായാണ് ഉത്ഥിതനായ ക്രിസ്തു ആഗതനാകുന്നത്. ഭയവും സമാധാനവും അഭേദ്യമായ് ബന്ധപ്പെട്ടിരിക്കുന്നു. ഭയം മനുഷ്യന്റെ സ്വസ്ഥത ഇല്ലാതാക്കുന്നു. രോഗങ്ങളെ കുറിച്ചുള്ള ഭയങ്ങൾ, നാളയെക്കുറിച്ചും പ്രിയപ്പെട്ടവരെക്കുറിച്ചും ജീവിത ബാധ്യതകളെ കുറിച്ചുമൊക്കെയുള്ള ഭയങ്ങൾ മനുഷ്യരുടെ സമാധാനം കെടുത്തിക്കളയുന്നു. അടച്ചിട്ട മുറിയിലെ ശിഷ്യന്മാരുടെ സ്വസ്ഥത നഷ്ടപ്പെടുത്തിയത് അവരുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഭയമാണ്. എന്നാൽ ഏതൊരു ഭയവും അപ്രസക്തമാകുന്നതായിരുന്നു ശിഷ്യന്മാർക്ക് ക്രിസ്തുവിന്റെ ദർശനം. എന്തെന്നാൽ ഭയത്തിന്റെ ഏറ്റവും വലിയ കാരണത്തെ അതിജീവിച്ചുകൊണ്ടാണ് ക്രിസ്തു അവരുടെ മുമ്പിൽ നിൽക്കുന്നത്; മനുഷ്യനെ എന്നും ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ് മരണമെന്ന പ്രശ്നം. മനുഷ്യൻ തന്റെ പല പ്രശ്നങ്ങൾക്കും ശാസ്ത്രീയ പരിഹാരം കണ്ടെത്തി കഴിഞ്ഞു. എന്നാൽ ഇനിയും പരിഹരിക്കാൻ കഴിയാത്ത, അതിന് വിദൂരസാധ്യതപോലുമില്ലാത്ത, പ്രശ്നമാണ് മരണം. അതിനെ അതിജീവിച്ച ഒരാൾക്ക് നേരിടാൻ കഴിയാത്ത ഒരു പ്രശ്നവുമില്ല. ഈ വിശ്വാസമാണ് ഭയവിഹ്വലരായ ശിഷ്യന്മാരെ ധൈര്യശാലികളാക്കിയത്. മരണത്തെ ജയിച്ചവൻ ഇന്ന് നമ്മളോടു പറയുന്നു: നിങ്ങൾക്ക് സമാധാനം. വിശ്വസിക്കാൻ മനസ്സുണ്ടെങ്കിൽ നമ്മുടെ ഭയങ്ങളും അപ്രസക്തങ്ങളാകും.

**രണ്ടാമതായി,** ക്ലേശങ്ങളാണ് വിജയത്തിലേക്കുള്ള വഴിയെ രൂപപ്പെടുത്തുന്നതെന്ന് ഈ സംഭവം ഓർമ്മിപ്പിക്കുന്നു. ക്രിസ്തു തന്റെ ശിഷ്യരെ അഭിസംബോധന ചെയ്യുന്നത് തന്റെ മുറിവുകൾ കാണിച്ചുകൊണ്ടാണ്. മൂന്നു ദിവസങ്ങൾക്ക് മുമ്പ് പരാജയത്തിന്റെ ചിഹ്നമായിരുന്ന മുറിവുകൾ ഇന്ന് വിജയത്തിന്റെ അടയാളമായി മാറിയിരിക്കുന്നു. രണ്ട് ആശയങ്ങളാണ് ക്രിസ്തു ഇതിലൂടെ സംവദിക്കുന്നത്. ഒന്ന്, വിജയത്തിലേക്കുള്ള ക്ലേശങ്ങളുടെ വഴി ശിഷ്യരെയും കാത്തിരിക്കുന്നു എന്നതാണ്. രണ്ട്, സഹനങ്ങളുടെ കനൽ വഴികളിലൂടെ നടക്കുന്നവർ നിരാശപ്പെടുകയോ, യാത്ര പാതിവഴിക്ക് ഉപേക്ഷിക്കുകയോ വേണ്ട, അവസാനം വിജയം അവരുടെതായിരിക്കും എന്നതും.

**മൂന്നാമതായി,** ശിഷ്യന്മാരുടെ മേൽ നിശ്വസിച്ചുകൊണ്ട് ഒരു പുതുയുഗസൃഷ്ടിക്കാണ് താൻ തുടക്കം കുറിച്ചതെന്ന് ക്രിസ്തു അവരെ ഓർമ്മിപ്പിച്ചു. ബൈബിളിൽ മറ്റു രണ്ടു സ്ഥലങ്ങളിലാണ് ഇപ്രകാരമുള്ള 'നിശ്വാസം' കാണാവുന്നത്. ഒന്ന്, ഉൽപ്പത്തി പുസ്തകത്തിൽ ദൈവം ആദ്യ മനുഷ്യന്റെ മേൽ നടത്തുന്ന നിശ്വാസവും (ഉല്പ.2:7) രണ്ട്, എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിർജ്ജീവമായ അസ്ഥികൾക്കുമേൽ ദൈവം നടത്തുന്ന നിശ്വാസവും (എസെ.37:9). രണ്ട് നിശ്വാസങ്ങളും പുതുസൃഷ്ടിക്കും, ജീവനും കാരണമാവുകയാണ്. സമാനമായ നിശ്വാസകർമ്മമാണ് ക്രിസ്തുവും അനുഷ്ഠിക്കുന്നത്. ക്രിസ്തുവിന്റെ ശ്വാസത്തിലൂടെ പരിശുദ്ധത്മാവിനെ ഏറ്റുവാങ്ങുന്ന ശിഷ്യർ പുതുസൃഷ്ടികളായി മാറുന്നു. തങ്ങൾക്ക് മുമ്പ് ഒരുവിധത്തിലും പരിചിതമല്ലാത്ത ശിഷ്യന്മാരെയാണ് പിന്നെ ജനക്കൂട്ടം കാണുന്നത്.

ക്രിസ്തുവിന്റെ നിശ്വാസങ്ങൾ ഏറ്റുവാങ്ങി പുതിയ സൃഷ്ടികളാകാനുള്ള ആഹ്വാനം ഈ വചനഭാഗം നമുക്കു മുന്നിൽ വയ്ക്കുകയാണ്.

**നാലാമതായി,** ദൈവത്തിന്റെ മാത്രം അവകാശമായ ഒരധികാരം ക്രിസ്തു മനുഷ്യന് വാഗ്ദാനം ചെയ്യുന്നു; പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരം! സുവിശേഷത്തിൽ യേശു തളർവാത രോഗിയോട് നിന്റെ പാപങ്ങൾ മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുമ്പോൾ പുരോഹിത പ്രമുഖർ ചോദിക്കുന്നത് ദൈവത്തിനല്ലാതെ മറ്റാർക്കാണ് പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരമുള്ളത്? (മർക്കോ.2:5) എന്നാണ്. പാപം മോചിപ്പിക്കാനുള്ള അധികാരം നൽകുന്നതുവഴി അസമാധാനത്തിന്റെ നിത്യപരിഹാരംകൂടിയാണ് ക്രിസ്തു നൽകുന്നത്. അസമാധാനത്തിനുള്ള കാരണം ഭയമാണെന്ന് നമ്മൾ മുമ്പ് വിചിന്തനം ചെയ്തെങ്കിൽ ആ ഭയത്തിന്റെ മൂലകാരണം പാപമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ദൈവത്തിനെതിരായി പാപം ചെയ്യുന്ന ആദ്യ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന വികാരവും (അവർ ദൈവത്തെ ഭയന്ന് ഒളിച്ചിരിക്കുന്നു) ആദ്യമായി നരഹത്യ നടത്തിയ കായേനും ഉണ്ടാകുന്ന വികാരവും ഭയമാണ്.

പാപത്തിൽ കഴിയുന്ന ഒരാൾ ഭയത്തിന്റെ നിഴലിലാവുന്നു. അത് അയാളുടെ ഉറക്കം കെടുത്തുന്നു. പാപബോധത്താൽ ഉറക്കം നഷ്ടപ്പെട്ട കായേൻ തന്റെ ദുരവസ്ഥയോർത്ത് ദൈവത്തിന്റെ മുമ്പിൽ അനുതാപപൂർവ്വം കരയുമ്പോൾ ദൈവം അവന്റെ അടുത്തെത്തുകയും നെറ്റിയിൽ ഒരു മുദ്ര പതിപ്പിച്ചുകൊണ്ട് അവന്റെ പാപം മോചിപ്പിക്കുകയും ചെയ്യുന്നു. പാപമോചിതനായ അയാൾക്ക് മനസ്സിന്റെ സമനില തിരികെ കിട്ടുന്നു. ഒപ്പം നഷ്ടപെട്ടുപോയ സമാധാനവും. ഇപ്രകാരം പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരമാണ് ക്രിസ്തു സഭയിലൂടെ അഭിഷിക്തർക്ക് നൽകിയിരിക്കുന്നത്. അകാരണമായ ഭീതിയുടേയും അശാന്തിയുടേയും നിഴലിലായ്പ്പോയവർക്കുള്ള മോചനത്തിന്റെ മന്ത്രം കൂടിയാണ് ഈ സുവിശേഷ ഭാഗത്തിലൂടെ ക്രിസ്തു വെളിപ്പെടുത്തുന്നത്. ■

# വചനജ്വാല

**2019 മേയ് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# അസ്ഥികൾ പൂക്കുന്ന താഴ്‌വാരങ്ങളാകട്ടെ നമ്മുടെ കുടുംബകൂട്ടായ്മകളും ശുശ്രൂഷാ സമിതികളും



## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

നമ്മുടെ അതിരൂപതാ, ഫെറേനാ, ഇടവക തലങ്ങളിൽ പുതിയ കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണല്ലോ നാം. അത്യന്തികമായി ത്രിതലങ്ങളിൽ തയ്യാറാക്കി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ഫലം അടിസ്ഥാനപരമായി എത്തിച്ചേരേണ്ടത് കുടുംബകൂട്ടായ്മകളിലൂടെ കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കുമാണ്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ഓരോ കുടുംബയൂണിറ്റിലും ഉത്തരവാദിത്തപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ പതിക്കുകയാണെങ്കിൽ നമ്മുടെ സഭയും സമുദായവും സമൂഹവും വളർച്ച കൈവരിക്കും. മേൽത്തട്ടിൽ എടുക്കുന്ന തീരുമാനങ്ങളും സർഗ്ഗാത്മകമായ ആശയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും താഴെത്തട്ടിൽ എത്തിച്ചേരണമെങ്കിൽ വിഭവശേഷിയുള്ള വ്യക്തികളെ കണ്ടെത്തി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. വേണ്ട പരിശീലനവും ബോധ്യവും നൽകി കർമ്മനിരതരാകേണ്ടിയിരിക്കുന്നു. ബി.സി.സി. യൂണിറ്റുകളെ ശക്തിപ്പെടുത്തുവാനും ശുശ്രൂഷാതല പ്രവർത്തനങ്ങളെ സജീവമാക്കുവാനും ആവശ്യമായ റിസോഴ്സ് ടീമിന് രൂപം നൽകണം; അതിനായ് വിഭവശേഷിയുള്ള വ്യക്തികളെ കണ്ടെത്തണം. അതിനാൽ നമ്മുടെ ഈ മാസത്തെ കുടുംബകൂട്ടായ്മയോഗത്തിൽ ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്ന സിദ്ധികളും കഴിവുകൾ, മനുഷ്യവിഭവങ്ങൾ ഏവയാണെന്ന് വചനത്തിന്റെ വെളിച്ചത്തിൽ കണ്ടെത്തുവാനും അവ എപ്രകാരം നമ്മുടെ കൂട്ടായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താമെന്നും ചിന്തിക്കാം.

## 4. യേശുവിനെ ക്ഷണിക്കൽ

എല്ലാ ദാനങ്ങളുടെയും ഉറവിടവും നമ്മുടെ വളർച്ചക്കാവശ്യമായ വിഭവങ്ങൾ നൽകി നമ്മെ ശക്തിപ്പെടുത്തുന്ന, നമ്മെ പരിപാലിച്ച് വഴി നടത്തുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**എസെക്കിയേൽ 37:1–11.**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കു

റിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

എസെക്കിയേൽ പ്രവാചകനിലൂടെ നമ്മുടെ കർത്താവ് നമ്മോട് സംസാരിച്ച വചന വെളിച്ചത്തിൽ നമ്മുടെ തന്നെ വ്യക്തിപരവും കുടുംബത്തിന്റെയും കുടുംബകൂട്ടായ്മകളുടെയും ശുശ്രൂഷാ സംവിധാനങ്ങളുടെയും ഒരു നേർക്കാഴ്ച, ഇന്നത്തെ അവസ്ഥ വെളിപ്പെടുത്തുകയാണ്. നമ്മിൽ പലരും, നമ്മുടെ പല കുടുംബങ്ങളും കുടുംബകൂട്ടായ്മകളും ശുശ്രൂഷാ സമിതികളും മജ്ജയും മാസംവും നഷ്ടപ്പെട്ട് വരണ്ട അസ്ഥികൾക്ക് സമാനമായിത്തീർന്നിരിക്കുന്നുവെന്ന ഓർമ്മപ്പെടുത്തലാണ് ഈ വചനത്തിലൂടെ നമുക്ക് ലഭിക്കുന്നത്.

അസ്ഥികളുടെ താഴ്വാരത്തിലൂടെ നടക്കുമ്പോൾ പ്രവാചകൻ കാണുന്ന കാഴ്ച ഏറെ പ്രസക്തമാണ്. എന്റെ ഉള്ളിലേക്ക് ഒന്ന് എത്തിനോക്കുവാൻ, എന്റെ കുടുംബത്തിന്റെ, കുടുംബകൂട്ടായ്മയുടെ, ശുശ്രൂഷാ സമിതികളുടെ, ഇടവകയുടെ, സഭയുടെ, സമൂഹത്തിന്റെ അവസ്ഥ കണ്ണ് തുറന്ന് നോക്കുവാനുള്ള ദൈവത്തിന്റെ ക്ഷണമാണ് ആദ്യമായി നമുക്ക് ലഭിക്കുക. നമ്മുടെ നോട്ടം ശരിയാണെങ്കിൽ, നമ്മുടെ കാഴ്ച സത്യസന്ധമാണെങ്കിൽ അസ്ഥിസമാനമായ നമ്മുടെ വരണ്ട അവസ്ഥ നമുക്ക് തിരിച്ചറിയുവാൻ സാധിക്കും. ഒരു ആത്മീയ വരൾച്ച, സ്നേഹത്തിന്റെ, കൂട്ടായ്മയുടെ വരൾച്ച നാം അനുഭവിക്കുന്നുണ്ട്. ഇത്തരം അസ്ഥിസമാനമായ ജീവിത യാഥാർത്ഥ്യങ്ങളെ കാണിച്ചുതന്നുകൊണ്ട് ദൈവം നമ്മോട് ആവശ്യപ്പെടുന്നത് അവർക്ക് ജീവൻ ഏകുവാനാണ്. മജ്ജയും മാസംവും നൽകി ജീവസുറ്റ വ്യക്തികളെ, കുടുംബങ്ങളെ കുടുംബകൂട്ടായ്മകളെ, സമൂഹത്തെ പടുത്തുയർത്തുവാനുള്ള ക്ഷണമാണ് ഈ വചനം നമുക്കുമുന്നിൽ വയ്ക്കുന്നത്.

അസ്ഥികൾക്ക് ജീവനേകണമെങ്കിൽ ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്ന വിഭവങ്ങളെ തിരിച്ചറിയണം, പരിപോഷിപ്പിക്കണം, പങ്കുവയ്ക്കണം. ഇവിടെയാണ് ഇടവകതലത്തിൽ റിസോഴ്സ് ടീം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും പ്രസക്തിയും വ്യക്തമാവുക. നമ്മുടെ കുടുംബങ്ങളിലെ അറ്റുപോയ ബന്ധങ്ങൾ കൂട്ടിച്ചേർക്കുവാൻ, നഷ്ടപ്പെട്ട ജീവിതമൂല്യങ്ങളെ തിരിച്ചുപിടിക്കുവാൻ, കുടുംബകൂട്ടായ്മകൾക്കും ശുശ്രൂഷാസമിതികൾക്കും പങ്കാളിത്തഘടനകൾക്കും മജ്ജയും മാംസവുമേകുവാൻ ദൈവം നമുക്ക് നൽകിയിരിക്കുന്ന ദാനങ്ങളെ പരിപോഷിപ്പിക്കുവാനും പങ്കുവയ്ക്കുവാനും കഴിയണം.

ഈ വചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ കുടുംബകൂട്ടായ്മകൾക്കും ശുശ്രൂഷാ സംവിധാനങ്ങൾക്കും കുടുംബങ്ങൾക്കും പ്രത്യാശയേകുവാൻ, മജ്ജയും മാംസവുമേകുവാൻ നാം ആർജ്ജിക്കേണ്ട പ്രധാന മനുഷ്യ വിഭവങ്ങൾ, നൈപുണ്യങ്ങൾ:

കൂടെയുള്ളവരെ, യൂണിറ്റ് അംഗങ്ങളെ ക്ഷമയോടെ കേൾക്കുക, യൂണിറ്റിന്റെ ആവശ്യങ്ങൾ തിരിച്ചറിയുക, വ്യക്തികളെയും സംഭവങ്ങളെയും സാഹചര്യങ്ങളെയും വിലയിരുത്തുവാനുള്ള പാടവവും, സാഹചര്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനുള്ള ശേഷി, കൂടെയുള്ളവരെ പ്രോത്സാഹിപ്പിച്ചും പ്രചോദിപ്പിച്ചും ശക്തിപ്പെടുത്തുവാനുള്ള കഴിവ്, പക്വതയാർന്ന ഇടപെടൽ, ആത്മനിയന്ത്രണം, ആശയവിനിമയ പാടവം, സംഘാടനശേഷി, ആഴമായ വിശ്വാസം തുടങ്ങിയവയാണ്.

വിശിഷ്യ, ബി.സി.സി. യൂണിറ്റുകളെ ശക്തിപ്പെടുത്തുവാൻ ആകർഷകമാക്കുവാൻ റിസോഴ്സ് ടീം അംഗങ്ങൾ സവിശേഷമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: വചനാഭിമുഖ്യം വളർത്തുക, വചനം ജീവിതബന്ധിയായി വിചിന്തനം ചെയ്യുവാനുള്ള കഴിവ് ആർജ്ജിക്കുക, സഭാ പ്രബോധനങ്ങളെയും സഭാ പഠനങ്ങളെയും കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക, യൂണിറ്റ് ഭാരവാഹികളെ അറിഞ്ഞ്, മനസിലാക്കി, അവരെ ശക്തിപ്പെടുത്തുക, യൂണിറ്റിന്റെ സവിശേഷത: കരുത്ത്, കുറവ്, സാധ്യത, വെല്ലുവിളി എന്നിവ തിരിച്ചറിയുക, യൂണിറ്റ് യോഗത്തിനാവശ്യമായ മുന്നൊരുക്കം നടത്തുക, യൂണിറ്റ് യോഗത്തിന് മുന്നോടിയായി യൂണിറ്റ് എക്സിക്യൂട്ടീവ് യോഗം നടത്തി ഉത്തരവാദിത്തങ്ങൾ മുൻകൂട്ടി ഏല്പിക്കുക, യൂണിറ്റിലെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ഭാരവാഹികളെ പ്രചോദിപ്പിക്കുക, യൂണിറ്റിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇടവക വൈദികർ, കോർഡിനേറ്റർ, സിസ്റ്റർ ആനിമേറ്റർ എന്നവരുമായി പങ്കുവയ്ക്കുക.

ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ സമയവും പ്രാപ്തിയും വിഭവശേഷിയുമുള്ള വ്യക്തികളെയാണ് റിസോഴ്സ് ടീമിൽ ഉൾപ്പെടുത്തേണ്ടത്. വ്യക്തമായ ദർശനത്തോടുകൂടി കുടുംബകൂട്ടായ്മകളെ, ശുശ്രൂഷാ സമിതികളെ പ്രവർത്തനനിരതമാക്കുവാൻ വേണ്ടി പ്രാർത്ഥിക്കാം, വചനത്തിൽ വളരാം, ദൈവാത്മവാൽ നിറയാം.

## 8. ചർച്ച

a. നമ്മുടെ കുടുംബയൂണിറ്റിന്റെ ഇന്നത്തെ അവസ്ഥ വിലയിരുത്തുക.

b. നമ്മുടെ യൂണിറ്റിന്റെ ഇന്നത്തെ അവസ്ഥ മെച്ചപ്പെടുത്തുവാൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും? എന്തൊക്കെ മനുഷ്യവിഭവങ്ങൾ, കഴിവുകളാണ് നാം ആർജ്ജിക്കേണ്ടത്, പങ്കുവയ്ക്കേണ്ടത്.

c. നമ്മുടെ യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിനും പ്രവർത്തന മികവിനും നമ്മുടെ ഇടവകയിൽ നിലനിൽക്കുന്ന ഏതൊക്കെ വിഭവങ്ങളെ (വ്യക്തികൾ, സംഘടനകൾ, സമിതികൾ) പ്രയോജനപ്പെടുത്താം?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

ദാനങ്ങൾ നൽകി ശക്തിപ്പെടുത്തുന്ന ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് നമ്മുടെ കുടുംബകൂട്ടായ്മകളെയും ശുശ്രൂഷാ സമിതികളെയും ജീവിസുറ്റതാക്കി ഫലദായകമാക്കുവാനുള്ള കൃപയ്ക്കായി യാചിച്ചുകൊണ്ട് നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും ദൈവസന്നിധിയിൽ സമർപ്പിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:

**ഫാ. മൈക്കൾ തോമസ്**



ഇളം തൂവൽ

# സെന്റ് ആന്റണീസ് സ്കൂൾ

**കാരയ്ക്കാമണ്ഡപം**

കാരയ്ക്കാമണ്ഡപത്തിന്റെ തിലകക്കുറിയായി സെന്റ് ആന്റണീസ് നഴ്സറി സ്കൂളിന് 1981 ജൂൺ ഒന്നിന് ഫാ. ഫ്രാൻസിസ് സേവ്യർ തുടക്കം കുറിച്ചു. വിശുദ്ധ അന്തോണീസിന്റെ പള്ളിയങ്കണത്തിന് സമീപമായി നിലകൊള്ളുന്ന ഈ വിദ്യാലയം ആദ്യത്തെ മാനേജരായ ഫാ. രാജു ബി.സെൽവരാജിന്റെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി സ്ഥലവും കെട്ടിടവും സ്വന്തമാക്കി. പ്രാരംഭഘട്ടത്തിൽ 37 വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന ഈ വിദ്യാലയം അന്നത്തെ പ്രഥമ അധ്യാപിക സിസ്റ്റർ സുജ എംഎസ്ടിയുടെ നേതൃത്വത്തിൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുകയും സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും ചെയ്തു. 2000 ൽ ഫാ. പോൾ ജിയുടെ ശ്രമഫലമായി സ്കൂളിനെ അപ്പർ പ്രൈമറി തലത്തിലേക്ക് ഉയർത്തി. ഗവ. അംഗീകാരം ലഭിച്ചു.

2004 ൽ സിഎസ്എസ്റ്റി സിസ്റ്റേഴ്സ് 25 വർഷത്തെ കരാർ അടിസ്ഥാനത്തിൽ സ്കൂളിന്റെ ചുമതല ഏറ്റെടുത്തു. ഫാ. ആന്റോ ഡിക്സൺ, സിഎസ്എസ്റ്റി സിസ്റ്റർ പുടൻസിയാനോ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചു. സ്വന്തമായി രണ്ടുവണ്ടികൾ വാങ്ങുകയും രണ്ട് ക്ലാസ് മുറികൾ പണികഴിപ്പിച്ചതുൾപ്പെടെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് ഈ വിദ്യാലയം സാക്ഷ്യം വഹിച്ചു.



വിജ്ഞാനത്തിന്റെ അനന്ത സാധ്യതകളെ ഉപയോഗപ്രദമായ രീതിയിൽ സാധാരണക്കാരായ കുട്ടികളിൽ എത്തിക്കാൻ വിദ്യാസമ്പന്നരായ ആത്മാർത്ഥയും അനുഭവപാടവും, കാര്യക്ഷമതയും സാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരുമായ ഒരുകൂട്ടം അധ്യാപികമാരുടെ സേവനം എടുത്തുപറയേണ്ട ഒന്നു തന്നെയാണ് ചുരുങ്ങിയ ഫീസ് ഈടാക്കി ഉയർന്ന നിലവാരവും, ഗുണമേന്മയുമുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിൽ പരിചയ സമ്പന്നരായ അധ്യാപകർ എന്നും സെന്റ് ആന്റണീസ് സ്കൂളിന്റെ മുതൽക്കൂട്ട് തന്നെയാണ്.

കുട്ടികളുടെ ബൗദ്ധികതലത്തിന്റെ വികാസത്തിനും കല-കായിക തലങ്ങളെ തൊട്ടുണർത്താനും വേണ്ടി മാത്സ് ക്ലബ്, സയൻസ് ക്ലബ്, റിംഗ് ക്ലബ്, നാചറൽ ക്ലബ്, ഗാന്ധി ക്ലബ്, ഐ.റ്റി. ക്ലബ് എന്നീ വിവിധ ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. മാത്സ് ക്ലബിന്റെ നേതൃത്വത്തിൽ 'ഹോളിസ്റ്റിക് മാത്സ്' എന്ന കൈയെഴുത്തു പ്രതി തയ്യാറാക്കി. റിംഗ് ക്ലബിന്റെ നേതൃത്വത്തിൽ ബ്രയിൻ സ്റ്റോർമിംഗ് ഗെയിംസ് വഴി പഠനം സുതാര്യമാക്കി. നാചറൽ ക്ലബിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് മാനേജർ ഫാ. അനീഷ് ഫെർണാണ്ടസിന്റെയും ഹെഡ്മിസ്ട്രസ് സിസ്റ്റർ ബെല്ല സിഎസ്എസ്റ്റിയുടെയും നേതൃത്വത്തിൽ സ്നേഹമരം നടുകയും, മാനേജർ ബോധവൽക്കരണ പ്രഭാഷണം നടത്തുകയും, റാലി സംഘടിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് കൃഷി വകുപ്പിന്റെ സഹായത്തോടെ പച്ചക്കറി വിത്ത് വിതരണവും വൃക്ഷത്തൈ വിതരണവും നടത്തി. പ്രകൃതി സംരക്ഷണത്തിന്റെ ആദ്യപാഠങ്ങൾ സ്കൂളിൽ നിന്നു തന്നെ നേടാൻ കഴിയുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ എച്ച്.എം നൽകി.

പാഠ്യവിഷയങ്ങൾക്ക് പുറമെ നൈസർഗിക സർഗാത്മക ശേഷി വളർത്താൻ കരാട്ടെ, നൃത്തം ചിത്രരചന എന്നിവയിൽ പരിശീലനം നൽകി വരുന്നു. ഗണിതത്തിൽ കാര്യക്ഷമത വരുത്തുവാൻ അബാക്കസ് ക്ലാസുകൾ സിഎസ്എസ്റ്റി സിസ്റ്റർമാരുടെ മേൽനോട്ടത്തിൽ മൂല്യാധിഷ്ഠിത മോറൽ സയൻസ്, സ്പോക്കൺ ഇംഗ്ലീഷ് എന്നിവ പരിശീലിപ്പിക്കുന്നു. സുസജ്ജമായ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് എന്നിവ കുട്ടികളിൽ തന്മയത്വം, സ്വതന്ത്രചിന്ത എന്നിവ പരിപോഷിപ്പിക്കുവാൻ കഴിയുന്നു. സ്കൂൾ മാനേജരച്ചന്റെ സമയോജിതമായ മാർഗനിർദ്ദേശവും, എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന എച്ച്.എമ്മിന്റെ ക്രിയാത്മകതയും, അനുഭവപാടവമുള്ള അധ്യാപികമാരും സ്കൂളിന്റെ സുതാര്യപ്രവർത്തനങ്ങൾക്ക് മുതൽകൂട്ടുതന്നെയാണ്. പിടിഎ അംഗങ്ങളുടെ നിർലോഭ സഹകരണവും, അഭിമാനസ്തംഭങ്ങളായ വിദ്യാർത്ഥികളും സേവനതൽപ്പരരായ അനധ്യാപകരും സ്കൂളിന്റെ മുഖമുദ്രകളാണ്. പഠന നിലവാരം വിലയിരുത്താനും, അധ്യാപകരുമായി ആശയവിനിമയം നടത്താനും ഓപ്പൺ ഫോറങ്ങളും ടീച്ചർ-പാരന്റ്സ് ഫ്രണ്ട്‌ലി ആപ്പ് എന്നിവയും ഒരുക്കിയിട്ടുണ്ട്. വിലയേറിയ നിർദ്ദേശങ്ങൾ തുറന്നുപറയാനായി സജഷൻ ബോക്സ് സജ്ജീകരിച്ചിട്ടുണ്ട്.







വ്യക്തിശുചിത്വം, പാരന്റിംഗ് എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും നൽകിവരുന്നു. സ്വഭാവ രൂപീകരണത്തിന്റെ ഭാഗമായി പഠന നിലവാരത്തോടൊപ്പം സ്വതന്ത്രചിന്ത, ശരിയായ ദിശാബോധം, വ്യക്തിത്വ വികസനം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാമൂഹ്യ ദർപ്പണങ്ങളായി, നല്ലൊരു പൗരനായി ഓരോ വിർത്ഥികളെയും മാറ്റിക്കൊണ്ട് 38 വർഷമായി സെന്റ് ആന്റണീസ് സ്കൂൾ സഫലമീ ജൈത്രയാത്ര തുടരുകയാണ്.

ജെ.സി



# ലോകസഭാ തെരഞ്ഞെടുപ്പ് ഉയർത്തുന്ന വെല്ലുവിളികൾ

നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 2014 ൽ ബിജെപി കൈവരിച്ചത് ചരിത്ര വിജയമായിരുന്നു. 1989 ന് ശേഷം ആദ്യമായി ഒറ്റകക്ഷിക്ക് ഇന്ത്യ ഭരിക്കുവാനുള്ള ഭൂരിപക്ഷം ലഭിച്ചു. സമഗ്രാധിപത്യത്തിന്റെ ശൈലിയിൽ നേതൃ കേന്ദ്രീകൃതമായ ദിശയിലേക്ക് ഫെഡറൽ റിപ്പബ്ലിക്കിന്റെ ഭരണസംവിധാനത്തെക്കൊണ്ടെത്തിക്കാൻ കഴിഞ്ഞു. ജനാധിപത്യത്തിന്റെ സ്വതന്ത്ര സ്വഭാവമുള്ള സംവിധാനങ്ങളിലെല്ലാം അതിരുവിട്ട രാഷ്ട്രീയ ഇടപെടലുണ്ടായി. തീവ്രഹിന്ദുവാദത്തിന്റെയും ദേശീയതയുടെയും പേരിലുള്ള വർഗീയ വിഭജനം, ന്യൂനപക്ഷ പീഢനം തുടങ്ങി ജനാധിപത്യ മതേതരമൂല്യങ്ങളുടെ അടിത്തറ തകർക്കപ്പെടുന്ന കാഴ്ചയും നാം കണ്ടു. ഇന്ധനവിലക്കയറ്റവും തൊഴിലില്ലായ്മയും കാർഷികമേഖലയുടെ തകർച്ചയും സമീപ കാലഘട്ടത്തിൽ കണ്ടതാണ്. അയോധ്യയിലെ രാമക്ഷേത്രനിർമ്മാണത്തിന്റെയും ശബരിമല ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളുടെയും ഗോരക്ഷയുടെയും വടക്കുകിഴക്കൻ അതിർത്തിയിലെ മുസ്ലീം കുടിയേറ്റക്കാരുടെയും മറ്റും പേരിൽ കിട്ടാവുന്ന വർഗീയ വോട്ടിൽ കണ്ണും നട്ടിരിക്കകയാണ് നരേന്ദ്രമോദിയും ഭാരതീയ ജനതാപാർട്ടിയും.

ജമ്മുകാശ്മീരിലെ പുൽവാമ ഭീകരാക്രമണവും തുടർന്നുണ്ടായ ആക്രമണങ്ങളും തെരഞ്ഞെടുപ്പിന് മുൻപ് അപ്രതീക്ഷത രാഷ്ട്രീയ സാഹചര്യങ്ങൾക്ക് ഇടയാക്കിയെന്നത് ചിന്തനീയമാണ്. 2014 നുശേഷം തൊഴിലില്ലായ്മ, ദാരിദ്ര്യം വർധിച്ചുവെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പാക്കുന്ന പിന്നാക്കവിഭാഗങ്ങൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ രൂപകല്പന ചെയ്ത സംവരണതത്വങ്ങൾ മാറ്റിമറിച്ചുകൊണ്ട് മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ ജോലിയിലും വിദ്യാഭ്യാസ മേഖലയിലും 10 ശതമാനം സംവരണത്തിന് പാർലമെന്റിൽ ഭരണഘടനാ ഭേദഗതി അവതരിപ്പിച്ച് നിയമനിർമ്മാണം നടത്തിയ ബിജെപിയുടെ മധ്യവർഗ പ്രീണനം പിന്നോക്ക സമുദായങ്ങൾക്ക് വലിയൊരു വെല്ലുവിളിയാണ്. മോദിയുടെ പ്രതാപത്തിന് മങ്ങലേൽപ്പിച്ചത് കർണാടക, മധ്യപ്രദേശ് രാജസ്ഥാൻ, ഛത്തിസ്ഗഡ് നിയമസഭാ തിരഞ്ഞെടുപ്പുകളിലെ തിരിച്ചടിയാണ്. രാജ്യവ്യാപകമായി നടന്ന കർഷക റാലികൾ കാർഷിക മേഖല നേരിടുന്ന വലിയൊരു പ്രതിസന്ധിയിലേക്ക് വിരൽചൂണ്ടുകയാണ്. കർഷകരുടെ രാജ്യവ്യാപകമായ ആത്മഹത്യ ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. രാജ്യവ്യാപകമായി കോടിക്കണക്കിന് വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവുമാണ് നാം ഏറ്റവും അവസാനമായി കണ്ടത്. ഇക്കഴിഞ്ഞ അഞ്ചുവർഷം പരസ്യങ്ങൾ മാത്രമായി 4880 കോടി രൂപ ചെലവാക്കിയെന്നാണ് രാജ്യസഭയിൽ നൽകിയ കണക്ക്. ഈ പശ്ചാത്തലത്തിലാണ് ലോകസഭാ തെരഞ്ഞെടുപ്പ് നടക്കുന്നത്.

ലോകത്തിലെ ഏറ്റവും ബൃഹത്തായ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിലെ ലോകസഭാ തെരഞ്ഞെടുപ്പിൽ 90 കോടി വോട്ടർമാർ എങ്ങനെ പ്രതികരിക്കുമെന്ന് മേയ് 23 ന് നമുക്കറിയാനാവും. പ്രാദേശിക താല്പര്യങ്ങൾക്കുപരി ദേശീയ താല്പര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സാധാരണക്കാരന് പ്രയോജനം ചെയ്യുന്ന ഒരു ഭരണ സംവിധാനം രൂപം കൊള്ളുന്നതിനുള്ള, മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്ന ഒരു തിരഞ്ഞെടുപ്പായി 2019 ലോക്സഭാ തെരഞ്ഞെടുപ്പ് മാറട്ടെയെന്ന് നമുക്ക് ആശിക്കാം. ■

# സെന്റ് ജോസഫ് ദേവാലയം

കഴക്കൂട്ടം ഫെറോന



തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ ഔസേപ്പ് പിതാവിന്റെ

# തിരുനാൾ മഹോത്സവം

**2019 ഏപ്രിൽ 25 മുതൽ മേയ് ഒന്നുവരെ**

1-5-2019 ബുധനാഴ്ച രാവിലെ 10 ന് **തിരുനാൾ പൊന്തിഫിക്കൽ ദിവ്യബലി**

റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ

(തിരു. ലത്തീൻ അതിരൂപത സഹായ മെത്രാൻ)

പാരീഷ് കൗൺസിൽ &
തിരുന്നാൾ കമ്മിറ്റി

ഏവർക്കും സ്വാഗതം

ഇടവകവികാരി

Total Page 44
Pub. Date : 01.04.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto